യഥാർത്ഥ സത്യങ്ങൾ, സമ്പൂർണ്ണ ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 14 | മെയ് 2016 | ലക്കം 5



## ആത്മാവിൽ ജീവിക്കുന്നതിൽ യേശു നമുക്കു മാതൃക

സാക് പുന്നൻ

ബൈബിളിലൂടെ...

## കൊലൊസ്യ ലേഖനം ആരംഭിക്കുന്നു

JEEVAMOZHIKAL
# ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ *(യോഹ. 6:68)*

വാല്യം 14 മെയ് 2016 ലക്കം 5

**വാർഷിക വരിസംഖ്യ**

| | |
|---|---|
| ഇന്ത്യയിൽ | Rs.100/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.700/- |

എം.ഒ./ഡി.ഡി.
അയയ്ക്കേണ്ട വിലാസം:

**ജീവമൊഴികൾ**
കുമാരനല്ലൂർ പി.ഒ., കോട്ടയം
കേരള - 686 016.
ഫോൺ 0481- 2391519, 8281027519
e-mail: jeevamozhikal@gmail.com
www.jeevamozhikal.org

**മാസിക സംബന്ധിച്ചും മീറ്റിംഗുകൾ സംബന്ധിച്ചും കൂടുതൽ വിവരങ്ങൾക്ക്:**

| | |
|---|---|
| തിരുവനന്തപുരം | 9496100850 |
| ആലപ്പുഴ | 9447597048 |
| തിരുവല്ല | 9495204619 |
| കോഴഞ്ചേരി | 9446650658 |
| പെരുവ | 9446096355 |
| കൂത്താട്ടുകുളം | 9447820090 |
| തൃപ്പൂണിത്തുറ | 9037472484 |
| തൃശ്ശൂർ | 9349745575 |
| പാലക്കാട് | 9495228673 |
| കോഴിക്കോട് | 9446646238 |
| നെല്ലിപ്പൊയ്യിൽ | 9495575692 |
| വയനാട് | 9656128665 |


*മൊഴിമുത്തുകൾ*

## അവിടുത്തെ സ്വരൂപത്തോട് അനുരൂപപ്പെടുക



വലിയ ശില്പിയായ കർത്താവിന്റെ മുൻപിൽ നില്ക്കുന്ന രൂപവും ഭാവവുമില്ലാത്ത ഒരു ശിലയായി നിങ്ങളെ തന്നെ സങ്കല്പിക്കുക. നിങ്ങളെത്തന്നെ അവിടുത്തെ മുൻപിൽ സമർപ്പിച്ചിട്ട് അവിടുത്തെ പൂർണമായ സ്വരൂപം നിങ്ങളിൽ രൂപപ്പെടുത്താൻ ആവശ്യപ്പെടുക. അവിടുന്നു നിങ്ങളെ കൊത്തുപണി ചെയ്യട്ടെ. അവിടുത്തെ പണിക്കായി പൂർണമായി ആ കരങ്ങളിൽ ഏല്പിച്ചു കൊടുക്കുക. എന്തു സംഭവിച്ചാലും അവിടുന്നു ചെയ്യുന്ന പ്രവൃത്തിയിൽ സന്തോഷിക്കുക

*- ബ്രദർ ലോറൻസ്*

## എപ്പോഴും സഹായം




നിങ്ങളിൽ ഒരുത്തനു ജ്ഞാനം കുറവാകുന്നു എങ്കിൽ ഭർത്സിക്കാതെ എല്ലാവർക്കും ഔദാര്യമായി കൊടുക്കുന്നവനായ ദൈവത്തോടു യാചിക്കട്ടെ; അപ്പോൾ അവനു ലഭിക്കും (യാക്കോബ് 1:5).

## എഡിറ്റോറിയൽ



# ആത്മാവിൽ ജീവിക്കുന്നതിൽ യേശു നമ്മുടെ മുന്നോടി

**ദൈവം** തന്റെ ഏകജാതനായ പുത്രനെ ഈ ഭൂമിയിൽ അയച്ചത് എന്തിനാണ്?

ഈ ചോദ്യത്തിനു മറുപടിയായി പ്രശസ്തമായ ഒരു വാക്യം നമ്മുടെ ഓർമ്മയിലേക്കു പെട്ടെന്നു വരും. ഉവ്വ്, നിങ്ങൾ പറയാൻ തുടങ്ങിയതു തന്നെ. യോഹന്നാൻ 3:16,17: “തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ അത്രയ്ക്കു സ്നേഹിച്ചു... ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചതു... ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ.”

എന്നാൽ ദൈവം തന്റെ ഏകജാതനായ പുത്രനെ ഭൂമിയിലേക്ക് അയച്ചത് എന്തിനെന്നു പറയുന്ന അത്ര പ്രശസ്തമല്ലാത്ത മറ്റൊരു വാക്യം നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? 1 യോഹന്നാൻ 4:9: ‘ദൈവം തന്റെ ഏകജാതനായ പുത്രനെ നാം അവനാൽ ജീവിക്കേണ്ടതിനു ലോകത്തിലേക്ക് അയച്ചു...”

ആദ്യവാക്യം പറയുന്നു: ദൈവം തന്റെ ഏകജാതനായ പുത്രനെ ലോകത്തിൽ അയച്ചതു ലോകം അവനാൽ രക്ഷിക്കപ്പെടുവാനാണെന്ന്.

രണ്ടാമത്തെ വാക്യം പറയുന്നത് നാം അവനാൽ ജീവിക്കേണ്ടതിനാണു ദൈവം തന്റെ ഏകജാതനായ പുത്രനെ ലോകത്തിലേക്ക് അയച്ചതെന്നാണ്.

ദൈവം തന്റെ ഏകജാതനായ പുത്രനെ ഈ ലോകത്തിലേക്ക് അയച്ചു എന്നതാണു മാനവരാശിയെ സംബന്ധിച്ച ഏറ്റവും വലിയ സദ്വാർത്ത (goodnews)- സുവിശേഷം. എന്നാൽ മുകളിൽ പറഞ്ഞ രണ്ടു വാക്യങ്ങളും ഒരുപോലെ സ്വീകരിച്ചാൽ മാത്രമേ അതൊരു സമ്പൂർണ്ണ സുവിശേഷ(full gospel)മാകുകയുള്ളു. പലരും ‘രക്ഷിക്കപ്പെടുക’ എന്ന ആദ്യവാക്യം മാത്രം ഗൗരവമായെടുക്കുന്നു. അതുമാത്രം പ്രഘോഷിക്കുന്നു. ‘അവനാൽ ജീവിക്കുക’ എന്ന രണ്ടാം വാക്യം അവർ ശ്രദ്ധിക്കുന്നില്ല. ഗൗരവമായെടുക്കുന്നില്ല. ഫലം അവരുടേത് ഒരു ഭാഗിക സുവിശേഷം മാത്രമാണ്; ദൈവഹിതത്തിന്റെ പൂർണതയിലേക്ക് അവർ എത്തുന്നില്ല. അവർ ചിന്തിക്കുന്നത് രക്ഷിക്കപ്പെടുന്നതാണു പ്രധാനം. അതിനല്ലേ ഊന്നൽ കൊടുക്കേണ്ടത് എന്നാണ്. എന്നാൽ രക്ഷിക്കപ്പെട്ടതിനെ തുടർന്നുള്ള ദിവസങ്ങളും പ്രധാനമല്ലേ?

ഒരു ഉദാഹരണം ഇങ്ങനെ ചിന്തിക്കാം: വിവാഹജീവിതത്തിൽ ഏതാണു പ്രധാനം. വിവാഹദിനമോ തുടർന്നുള്ള ദിവസങ്ങളോ? രണ്ടും ഒരുപോലെ പ്രധാനമല്ലേ? വിവാഹ ദിവസത്തിനു കൊടുക്കുന്ന പ്രാധാന്യം പലരും തുടർന്നുള്ള ദിവസങ്ങൾക്കു നൽകാറില്ല. എന്നാൽ മുന്നോട്ടുള്ള ജീവിതവും പ്രധാനമാണ്. ‘ഒരു ദിവസത്തെ ആഘോഷം’ മാത്രമായി വിവാഹത്തെ കണ്ടാൽ ആ ബന്ധം പരാജയപ്പെട്ടു പോകും. സംശയമില്ല.

ക്രിസ്തീയ ജീവിതവും ഇതുപോലെയാണ്. ആദ്യമായി രക്ഷിക്കപ്പെടുന്നതും തുടർന്നുള്ള ക്രിസ്തീയ ജീവിതവും ഒരുപോലെ പ്രധാനമാണ്. പാപിയായ ഒരുവൻ യേശുകർത്താവിനെ രക്ഷകനും നാഥനുമായി വിശ്വാസത്തോടെ ജീവിതത്തിൽ സ്വീകരിക്കുന്നതിനെയാണല്ലോ സാധാരണയായി രക്ഷി

ക്കപ്പെടുക എന്നു പറയുന്നത് (റോമർ 10:9).എന്നാൽ അപ്പോൾ നമ്മുടെ ആത്മാവു മാത്രമാണു ജീവിപ്പിക്കപ്പെടുന്നത് (എഫേസ്യ 2:5; 4:23). ആത്മാവും ദേഹിയും ദേഹവും എന്ന മനുഷ്യനിലെ ത്രിത്വത്തിൽ (1തെസ്സ. 5:23). ആത്മാവു വീണ്ടെടുക്കപ്പെട്ടു. (രക്ഷയുടെ ഭൂതകാലം). മറ്റു രണ്ടു ഘടകങ്ങളോ? ഇതിൽ ദേഹത്തിന്റെ വീണ്ടെടുപ്പു ഭാവിയിൽ കർത്താവിന്റെ രണ്ടാം വരവിലാണു സംഭവിക്കുക (1യോഹ. 3:2; ഫിലി. 3:21). എന്നാൽ ദേഹിയുടെ (പ്രാണന്റെ) വീണ്ടെടുപ്പ് ഇന്നു വർത്തമാനകാലത്തിൽ ദിനന്തോറും സംഭവിച്ചുകൊണ്ടിരിക്കണം (റോമർ 5:10).

സുവിശേഷ വിഹിത സഭകളെല്ലാം രക്ഷയുടെ മൂന്നു കാലങ്ങളെക്കുറിച്ച് ഇങ്ങനെയെല്ലാം പഠിപ്പിക്കാറുണ്ടെങ്കിലും പ്രായോഗിക തലത്തിൽ രക്ഷയുടെ ഭൂതകാലത്തിനും (ആത്മാവു രക്ഷിക്കപ്പെട്ടു) ഭാവികാലത്തിനും (ദേഹം തേജസ്കരിക്കപ്പെടും) നൽകുന്ന പ്രാധാന്യം രക്ഷയുടെ വർത്തമാനകാലത്തിനു (ദേഹി രക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുക) നൽകാറുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. മനുഷ്യന്റെ ദേഹിയിലാണല്ലോ അവന്റെ ചിന്തയും (മനസ്സ്) വികാരങ്ങളും ഇച്ഛാശക്തിയും ഉൾക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടു തന്നെ രക്ഷയുടെ ഈ വർത്തമാനകാലത്തിന് (ദേഹി രക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുക) ഊന്നൽ നൽകിയില്ലെങ്കിൽ ഭൂതകാലത്തിൽ കർത്താവിനെ രക്ഷകനായി സ്വീകരിച്ചു രക്ഷിക്കപ്പെട്ട ഒരു വിശ്വാസിക്ക് ഇന്നു ദൈവത്തിനു പ്രസാദകരമായ മാതൃകാപരമായ ക്രിസ്തീയ ജീവിതം നയിക്കുവാൻ കഴിയുകയില്ലെന്നതു വ്യക്തമല്ലേ? ചിന്തയിലും വികാരത്തിലും ഇച്ഛയിലും ഒരു പുതുക്കത്തിനു ഗൗരവം കൊടുക്കാത്ത വിശ്വാസികളും അവരുടെ നേതാക്കളും ഇന്നു ക്രിസ്തീയ ഗോളത്തിൽ ഒട്ടേറെയാണെന്നതും നിർഭാഗ്യകരമായ ഒരു സത്യമല്ലേ?

എന്തുകൊണ്ടാണ് ആത്മാവിന്റെ രക്ഷയെ ഉറപ്പാക്കിയ വിശ്വാസികൾ ദേഹിയുടെ വർത്തമാനകാല രക്ഷയിൽ ഉദാസീനരായിത്തീരുന്നത്? 'അവനാൽ ജീവിക്കുക'യെന്നത് സാധ്യമാണെന്നു വിശ്വസിക്കാത്തതാണ് ഇതിനു പ്രധാന കാരണം. 'നാം അവനാൽ ജീവിക്കേണ്ടതിനാണു ദൈവം തന്റെ ഏകജാതനായ പുത്രനെ ലോകത്തിലേക്ക് അയച്ചത്' എന്നാണല്ലോ നാം നേരത്തെ 1 യോഹന്നാൻ 4:9ൽ കണ്ടത്. വർത്തമാനകാല ദേഹീരക്ഷയെക്കുറിച്ചു പറയുന്ന വാക്യത്തിലും 'അവന്റെ ജീവനാലാ'ണ് അധികമായി രക്ഷിക്കപ്പെടുകയെന്നു പറഞ്ഞിരിക്കുന്നതും ശ്രദ്ധിക്കുക (റോമർ 5:10). എന്നാൽ യേശുവിന്റെ ജീവനെ (ജീവിതത്തെ) സംബന്ധിച്ചു പിശാച് ഇന്ന് അനേകം വിശ്വാസികളുടെയും കണ്ണു കുരുടാക്കിയിരിക്കുകയാണ്. അവിടുത്തെ മരണത്തെ അവർ ഗൗരവമായി എടുക്കുന്നു. എന്നാൽ തന്റെ ജീവിതത്തെ അവർ ശ്രദ്ധിക്കുന്നില്ല.

ദൈവം തന്റെ ഏകജാതനായ പുത്രനെ ലോകത്തിലേക്ക് അയച്ചതു കേവലം ക്രൂശിൽ മരിക്കുവാൻ മാത്രമായിരുന്നില്ല. അങ്ങനെയായിരുന്നെങ്കിൽ അവിടുത്തെ മുപ്പത്തി മൂന്നര വർഷത്തെ ഭൂമിയിലെ ജീവിതം എന്തിനു വേണ്ടിയായിരുന്നു? അപ്പോൾ അവിടുത്തെ ജീവിതവും തന്നിൽ പ്രകടമായ ജീവന്റെ പ്രത്യക്ഷതയും അവിടുത്തെ മരണം പോലെ തന്നെ പ്രധാനമാണെന്നു കാണാം.

ഭൂതകാല രക്ഷയിൽ യേശുവിന്റെ ക്രൂശുമരണത്തിലാണ് ഊന്നൽ. തന്റെ പാപങ്ങളുടെ പരിഹാരത്തിനായി യേശു കാൽവറിയിൽ മരിച്ചു എന്നതു വിശ്വാസത്താൽ ഏറ്റെടുക്കുമ്പോളാണല്ലോ ഒരു പാപി രക്ഷിക്കപ്പെടുക. ഭാവികാല രക്ഷയിലാകട്ടെ യേശുവിന്റെ രണ്ടാം വരവാണു പ്രസക്തം. എന്നാൽ വർത്ത

▶ *ശേഷം പേജ് 40*

# ആത്മാവിൽ ജീവിക്കുന്നതിൽ യേശു നമുക്കു മാതൃക

സാക് പുന്നൻ

**യേശു** ഈ ഭൂമിയിലായിരുന്നപ്പോൾ താഴ്മയിലും വിശുദ്ധിയിലും സ്നേഹത്തിലും അതിന്റെ പൂർണ്ണമായ അർത്ഥത്തിലാണു ജീവിച്ചത്.

ഇതു നാം കണ്ടു കഴിയുമ്പോൾ അനുകരണത്തിലൂടെ ഈ മേഖലകളിൽ യേശുവിനെപ്പോലെ ആയിത്തീരാമെന്നു നാം കരുതിയേക്കാം. എന്നാൽ ദൈവതേജസ് നമ്മിൽ പ്രസരിക്കേണ്ടത് അനുകരണത്തിലൂടെയല്ല മറിച്ചു ദൈവസ്വഭാവത്തിൽ പങ്കാളികളായിത്തീരുന്നതിലൂടെയാണ്.

ലോകചരിത്രത്തിൽ നോക്കിയാൽ



*വ്യാജവജ്രങ്ങൾ ഒറ്റനോട്ടത്തിൽ യഥാർത്ഥ രത്നങ്ങളെപ്പോലെ തന്നെ കാണപ്പെടുന്നതിനാൽ ഒരു വിദഗ്ദ്ധനുമാത്രമേ അവയെ തിരിച്ചറിയുവാൻ സാധിക്കുകയുള്ളു.*

അക്രൈസ്തവരായ അനേകർ യേശുവിനോടുള്ള ബഹുമാനം മൂലം അവിടുത്തെ താഴ്മ, നിർമ്മലത, സ്നേഹം എന്നിവയെ അനുകരിക്കുന്നതിൽ ഏറെക്കുറെ വിജയിച്ചിട്ടുണ്ട് എന്നു കാണുവാൻ കഴിയും. എന്നാൽ തീയുടെ ചിത്രത്തിനെന്നതുപോലെ, അതിനു ചൂടു നൽകുവാൻ കഴിയുകയില്ല.

വ്യാജവജ്രങ്ങൾ ഒറ്റനോട്ടത്തിൽ യഥാർത്ഥ രത്നങ്ങളെപ്പോലെ തന്നെ കാണപ്പെടുന്നതിനാൽ ഒരു വിദഗ്ദ്ധനുമാത്രമേ അവയെ തിരിച്ചറിയുവാൻ സാധിക്കുകയുള്ളു. എന്നാൽ താരതമ്യേന ഒട്ടും വിലയില്ലാത്ത കണ്ണാടിക്കഷണങ്ങൾ മാത്രമാണ് അവ. മനുഷ്യൻ അനുകരണത്തിൽ വളരെ വിദഗ്ദ്ധനാണ് - യേശുവിനെ അനുകരിക്കുന്ന മേഖലയിലും.

ഇപ്രകാരമെങ്കിൽ നമുക്കു വഞ്ചനയിൽ നിന്നു രക്ഷപെടുവാൻ എങ്ങനെ സാധിക്കും? നാം യേശുവിനെ അനുകരിക്കുക മാത്രമാണോ ചെയ്യുന്നത്, അതോ വാസ്തവമായും ദൈവ സ്വഭാവത്തിനു പങ്കാളിയായിത്തീരുന്നുണ്ടോ എന്ന് എപ്രകാരം അറിയുവാൻ സാധിക്കും?

ഇതിന് ഒരു വഴിയേ ഉള്ളു. നമ്മുടെ ജീവിതത്തിൽ ദേഹിയിൽ നിന്നുള്ളതും (ദേഹീപരം, soulish), ആത്മികമായതും തമ്മിൽ വചനം ഉപയോഗിച്ചു വേർതിരിക്കുവാൻ പരിശുദ്ധാത്മാവിനെ അനുവദിക്കുകയാണ് ഈ വഴി (എബ്രാ. 4:12). ദേഹിയിൽനിന്നുള്ളതും ആത്മാവിൽ നിന്നുള്ളതും തമ്മിൽ വേർതിരിച്ചറിയുന്നില്ലെങ്കിൽ നാം നിശ്ശേഷം വഞ്ചിക്കപ്പെട്ടു പോകുവാനും, വഞ്ചിക്കപ്പെട്ടിരിക്കുന്നു എന്ന വസ്തുത മനസ്സിലാകാതെ തുടരുവാനും ഇടയുണ്ട്.

ഇക്കാലത്തു വിശ്വാസികൾ ഏറ്റവും പ്രധാനമായി അറിഞ്ഞിരിക്കേണ്ട കാര്യം അവരുടെ മനസ്സ്, വികാരങ്ങൾ, യുക്തി എന്നിവയ്ക്കു പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ തടയുവാൻ കഴിയും എന്നതാണ്. ദേഹിയിൽ നിന്നുള്ളതും ആത്മാവിൽനിന്നുള്ളതുമായ പ്രവർത്തനങ്ങളെ വേർതിരിക്കുന്നില്ലെങ്കിൽ നമ്മുടെ സ്വന്ത ഹൃദയത്താൽ നാം വഞ്ചിക്കപ്പെടുവാൻ സാധ്യതയുണ്ട് എന്നു മാത്രമല്ല, ദൈവത്തിന്റെ പ്രവർത്തനങ്ങളെ വ്യാജമായി അനുകരിക്കുവാൻ ശ്രമിക്കുന്ന ദുഷ്ടാത്മാക്കളാൽ വഞ്ചിക്കപ്പെട്ടുപോകുവാനും സാധ്യതയുണ്ട്.

ഭൂരിഭാഗം വിശ്വാസികൾക്കും ദേഹിയും ആത്മാവും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് അറിവില്ലാത്തതിന്റെ കാരണം, തുടർന്നുള്ള പുരോഗതിക്ക് ഈ അറിവ് ആവശ്യമാണ് എന്ന നിലയിലേക്കു തങ്ങളുടെ ആത്മീയജീവിതത്തിൽ അവർ വളർച്ച പ്രാപിച്ചിട്ടില്ല എന്നതാണ്.

ഒൻപതാം സ്റ്റാൻഡേർഡിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിക്കു ഗണിതശാസ്ത്രത്തിലെ ഒരു ഉയർന്ന വിഷയത്തിന്റെ വിഭാഗങ്ങൾ തമ്മിൽ വേർതിരിക്കുവാൻ കഴിയുന്നില്ല എന്നു പറയുന്നതുപോലെയാണ് ഇത്. ഈ വിഭാഗങ്ങൾ പ്രത്യേകം വേർതിരിച്ചു മനസ്സിലാക്കിയാൽ മാത്രമേ തുടർന്നുള്ള പുരോഗതി സാധ്യമാകുകയുള്ളു എന്ന നിലയിലേക്ക് അവന്റെ പഠനം എത്തിയിട്ടില്ല എന്നതാണ് ഇതിന്റെ കാരണം.

ഒരു നല്ല സാക്ഷ്യം പ്രാപിച്ചതുകൊണ്ടോ, ദയ, സൗമ്യത, അനുകമ്പ

എന്നിവയുള്ളവൻ എന്നു മനുഷ്യരുടെ മുമ്പാകെ അറിയപ്പെടുന്നതു കൊണ്ടോ നിങ്ങൾ തൃപ്തിയടയുന്നവനാണെങ്കിൽ, ഒരു ദേഹീപര ക്രിസ്ത്യാനിയെന്നതിനപ്പുറമോ, യേശുവിന്റെ ഒരു വെറും അനുകരണമെന്നതിനപ്പുറമോ നിങ്ങൾ ഒരിക്കലും കടന്നുചെല്ലുകയില്ല.

ക്രിസ്ത്യാനികളെ മൂന്നു വിഭാഗങ്ങളായിട്ടാണു പൗലോസ് വേർതിരിക്കുന്നത്: ആത്മീയർ (1 കൊരി. 3:1), ദേഹീപരർ (1 കൊരി. 2:14, അക്ഷരാർത്ഥം). ജഡികർ (1 കൊരി. 3:1).

ഇത് 1 തെസ്സ. 5:23-ൽ മനുഷ്യനെ വിഭജിച്ചിരിക്കുന്ന മൂന്നു ഭാഗങ്ങളുമായി യോജിക്കുന്നു: ആത്മാവ്, ദേഹി (പ്രാണൻ), ശരീരം.

ജഡത്തിന്റെ മോഹങ്ങൾ നമ്മെ ഭരിക്കുമ്പോൾ നാം ജഡികരാണ്. എന്നാൽ ആ മോഹങ്ങളെ ജയിച്ചതിനുശേഷവും ആത്മികരായില്ലെന്നു വരാം. തുടർന്നു നാം മനസ്സിന്റെയും വികാരങ്ങളുടെയും മോഹങ്ങളാൽ ഭരിക്കപ്പെടുകയാണെങ്കിൽ നാം ദേഹീപരർ മാത്രമാണ്. ആത്മീയനോ പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെടുന്നവനാണ്. അവന്റെ ദേഹിയും ശരീരവും പരിശുദ്ധാത്മാവിന്റെ അധികാരത്തിൻകീഴിൽ നിൽക്കുന്നു.

ദേഹീപര മനുഷ്യൻ ദൈവത്തോടു ശത്രുത്വം പുലർത്തുന്നില്ല എങ്കിലും ആത്മീയകാര്യങ്ങൾ അവനു ഭോഷത്തം എന്നു തോന്നുന്നതിനാൽ അവ സ്വീകരിക്കുവാനും ഗ്രഹിക്കുവാനും അവനു കഴിയുന്നില്ല (റോമർ 8:7; 1 കൊരി. 2:14). അവന്റെ മുമ്പിൽ ദേഹിയും ആത്മാവും തമ്മിലുള്ള വ്യത്യാസം പ്രദർശിപ്പിച്ചാൽ അത് അവനു ഭോഷത്തമായും അനാവശ്യമായി മുടിനാരിനെ വിഭജിക്കുവാൻ ശ്രമിക്കുന്ന പ്രവർത്തനമായും തോന്നും. അവനു മനുഷ്യന്റെ മുമ്പിൽ ഒരു നല്ല സാക്ഷ്യമുള്ളതിനാൽ തന്റെ ദേഹീപരനിലയിൽ അവൻ തൃപ്തനായിരിക്കുകയും ചെയ്യുന്നു. മനുഷ്യരുടെ മുമ്പാകെ ബഹുമാനം ആഗ്രഹിക്കുന്ന ആർക്കും തന്നെ ദേഹീപര നിലയിൽക്കവിഞ്ഞു പുരോഗമിക്കുവാൻ സാധ്യമല്ല.

ഇക്കാലത്തു ദൈവത്തിൽനിന്നു പുറപ്പെടുന്നു എന്ന് അവകാശപ്പെടുന്ന അനവധി ശബ്ദങ്ങളും പ്രകടനങ്ങളും ഉൾപ്പെടുന്ന വൻതോതിലുള്ള വഞ്ചനകൾ ക്രിസ്തീയ സഭയിൽ ഉള്ളതിനാൽ, ദുഷ്ടന്റെ തന്ത്രങ്ങളിൽനിന്നു നമ്മെത്തന്നെ സൂക്ഷിക്കേണ്ടതിനായി, ദേഹീപരവും ആത്മീയവുമായ പ്രവർത്തനങ്ങളെ വേർതിരിച്ചറിയേണ്ടതു മുമ്പെന്നത്തെക്കാളുമേറെ ആവശ്യമാണ്.

"ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹിയായിത്തീർന്നു... ഒടുക്കത്തെ ആദാം ജീവിപ്പിക്കുന്ന ആത്മാവായി" (1 കൊരി. 15:45).

ഒന്നാമത്തെ ആദാമിന്റെ നേതൃത്വത്തിൽനിന്നു വിടുവിക്കപ്പെട്ടശേഷം ക്രിസ്തുവിന്റെ (ഒടുക്കത്തെ ആദാം) നേതൃത്വത്തിൻകീഴിൽ വന്ന നാം, ദേഹിയിൽനിന്നു ജീവിക്കുന്നതു മതിയാക്കി ആത്മാവിൽ ജീവിക്കുകയെന്നാൽ എന്താണെന്നു മനസ്സിലാക്കേണ്ടത് ആവശ്യമാണ്.

നമ്മുടെ അധഃപതിച്ച ജീവിതത്തിന്റെ ജഡികമായ അംശം പ്രവർത്തനരഹിതമായാൽ മാത്രം പോരാ. ദേഹീപരമായ അംശം വൈരൂപ്യം കുറഞ്ഞതാണെങ്കിലും, അത് ആത്മീയജീവിതത്തിന് അപകടകരമായതിനാൽ നമുക്ക് അതിനെയും നേരിടേ

ണ്ടതുണ്ട്. പാപത്തിന്റെ ശക്തിയിൽ നിന്നു മാത്രമല്ല, നമ്മുടെ ദേഹിയുടെ അതിർകവിഞ്ഞ പ്രവർത്തനത്തിൽ നിന്നും ദിനംതോറും നാം അധിക മായി രക്ഷ പ്രാപിക്കേണ്ടിയിരിക്കുന്നു.

ചില സന്ദർഭങ്ങളിൽ യേശു സംസാരിച്ചതുപോലെ അവിടുന്ന് എന്തുകൊണ്ടു സംസാരിച്ചു എന്നു ദേഹീപരരായവർക്കു മനസ്സിലാക്കുവാൻ സാധ്യമല്ല. ഒരിക്കൽ അവിടുന്നു ജനക്കൂട്ടത്തിനിടയിലായിരുന്നപ്പോൾ തന്റെ ചില ബന്ധുക്കൾ വന്നു തന്നെ കാണാനാവശ്യപ്പെട്ടപ്പോൾ യേശു തന്റെ ശിഷ്യന്മാരെ ചൂണ്ടിക്കാണിച്ചുകൊണ്ട് അവരാണു തന്റെ ഏറ്റവുമടുത്ത ബന്ധുക്കൾ എന്നു പറയുകയുണ്ടായി (മത്താ. 12:49,50).

അവിടുത്തെ ബന്ധുക്കളും മറ്റുള്ളവരും അത് കഠിനവും കരുതലില്ലാത്തതുമായ ഒരു പ്രസ്താവനയായി കരുതിയിരുന്നിരിക്കാം. എന്നാൽ യേശു തന്റെ ബന്ധുക്കളുമായി ദേഹീപരമായ അടുപ്പം ആഗ്രഹിച്ചിരുന്നില്ല.

"സാത്താനേ, എന്നെ വിട്ടു പോ" എന്ന കഠിന വാക്കുകളാൽ യേശു പത്രോസിനെ ശാസിച്ചപ്പോൾ അതിന്റെ ആവശ്യം അവിടുത്തെ ശിഷ്യന്മാർതന്നെ മനസ്സിലാക്കിക്കാണുകയില്ല.

മറ്റുള്ളവർ തങ്ങളെക്കുറിച്ച് എന്തു വിചാരിക്കും എന്ന് എപ്പോഴും ചിന്തിച്ചുകൊണ്ടിരിക്കുന്നതുകൊണ്ടു ദേഹീപരരായവർ ഇതുപോലെ ഒരിക്കലും സംസാരിക്കുകയില്ല.

ജഡത്തിൽനിന്നുള്ള പാപങ്ങളെ നാം ജയിച്ചിരിക്കാം. ഇപ്പോൾ നമ്മുടെ മുമ്പിൽ ഉദിക്കുന്ന ചോദ്യം, നമ്മുടെ മാനുഷികമായ ദേഹീപര ജീവനിൽ ഉൾക്കൊള്ളുന്ന കഴിവുകൾ ഉപയോഗിച്ചാണോ, അഥവാ ദൈവികജീവന്റെ ശക്തിയാലാണോ നാം യേശുവിനെപ്പോലെ ആയിത്തീരുവാൻ ഒരുമ്പെടുന്നത് എന്നതാണ്.

പരിശുദ്ധാത്മാവിനാലാണോ നമ്മുടെ സ്വന്തം കഴിവുകളാലാണോ നാം പൂർണ്ണരാകുവാൻ പോകുന്നത്? (ഗലാ. 3:3).

ദേഹീപരരായിരിക്കുക എന്നത് ആത്മീയവളർച്ചയ്ക്ക് ഒരു തടസ്സമാണ്. പത്രോസ് യേശുവിനെ കുരിശിൽ നിന്നു പിൻതിരിപ്പിക്കുവാൻ ശ്രമിച്ചതു തീവ്രമായ മാനുഷിക സ്നേഹത്തോടെയായിരുന്നു. എന്നാൽ യേശു അതിനെ പിശാചിന്റെ ശബ്ദമായി തിരിച്ചറിഞ്ഞു. അവിടുന്നു പത്രോസിനോടു പറഞ്ഞു: "നീ ശ്രദ്ധ വച്ചിരിക്കുന്നതു ദൈവസ്വഭാവത്തിനു പങ്കാളിയായിത്തീരുന്നതു സംബന്ധിച്ച കാര്യത്തിലല്ല (ആത്മികം), മറിച്ചു മനുഷ്യ സ്വഭാവത്തിനു പങ്കാളിയായിത്തീരുന്ന ഒന്നിലത്രേ" (ദേഹീപരം) (മത്താ. 16:23 Amplified Bible). ആദാമിന്റെ ജീവനാൽ ഏതൊരുവന്റെ ചിന്താഗതികൾ നിയന്ത്രിക്കപ്പെടുന്നുവോ, അവനത്രേ ദേഹീപര ക്രിസ്ത്യാനി. തീവ്രമായ മാനുഷിക സ്നേഹവും, നീതിക്കായുള്ള അഭിവാഞ്ഛയും ഉണ്ടായെന്നു വരികിലും അതു ദൈവികമല്ല.

ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ അവനെ ആത്മാവ്, പ്രാണൻ (ദേഹി), ശരീരം എന്നിവയായി സൃഷ്ടിച്ചു (1 തെസ്സ. 5:23). മനുഷ്യൻ ദൈവത്തിന്റെ ആലയം അഥവാ വാസസ്ഥലം ആയിരിക്കണം എന്നായിരുന്നു അവിടുത്തെ ഉദ്ദേശ്യം. പഴയനിയമത്തിൽ ദൈവം മോശെക്കു തിരുനിവാസത്തിന്റെ മാതൃക

കാണിച്ചു കൊടുത്തപ്പോൾ അവയ്ക്കു മൂന്നു ഭാഗങ്ങൾ ഉണ്ടായിരുന്നു. അതിനു കാരണം, അവ ദൈവത്തിന്റെ വാസസ്ഥലമെന്ന നിലയിൽ മനുഷ്യനെ ചിത്രീകരിക്കുന്നു എന്നതത്രേ.

തിരുനിവാസത്തിനു മൂന്നു ഭാഗങ്ങളുണ്ടായിരുന്നു. ഒരു ഭാഗം തുറന്നിരുന്ന പുറത്തെ പ്രാകാരമായിരുന്നു. ഇതു കാണപ്പെടുന്ന ഭാഗമായ മനുഷ്യന്റെ ശരീരത്തെ സൂചിപ്പിക്കുന്നു. മറ്റു രണ്ടു ഭാഗങ്ങളും - വിശുദ്ധസ്ഥലവും അതിവിശുദ്ധ സ്ഥലവും - മൂടപ്പെട്ടിരുന്നു. ഇവ മനുഷ്യന്റെ അദൃശ്യമായ ഭാഗങ്ങളെ - പ്രാണനെയും ആത്മാവിനെയും സൂചിപ്പിക്കുന്നു.

ദൈവത്തിന്റെ സാന്നിധ്യം അതിവിശുദ്ധസ്ഥലത്തായിരുന്നു. അവിടെ നിന്നായിരുന്നു അവിടുന്നു മനുഷ്യനുമായി സമ്പർക്കം പുലർത്തിയത്. ഒരാൾ വീണ്ടും ജനിക്കുമ്പോൾ സംഭവിക്കുന്നത്, പരിശുദ്ധാത്മാവു മനുഷ്യന്റെ ആത്മാവിനെ ജീവിപ്പിക്കുകയും ഭാര്യയും ഭർത്താവും ഒരു ശരീരമായിത്തീരുന്നതു പോലെ കർത്താവുമായി ഏകാത്മാവാക്കിത്തീർക്കുകയും ചെയ്യുന്നു എന്നതാണ് (1 കൊരി. 6:17). ഇതിലൂടെയുള്ള ദൈവത്തിന്റെ ഉദ്ദേശ്യം തന്റെ പരിശുദ്ധാത്മാവിനാൽ മനുഷ്യന്റെ വീണ്ടെടുക്കപ്പെട്ട ദേഹിയുടെയും ശരീരത്തിന്റെയും മേൽ ആധിപത്യം നടത്തപ്പെടണം എന്നാണ്. ഈ വസ്തുത മനസ്സിലാക്കിക്കൊണ്ടു തന്നെക്കുറിച്ചുള്ള കർത്താവിന്റെ ഈ പദ്ധതിക്കു തന്നെത്തന്നെ കീഴ്പ്പെടുത്തുന്നവനാണു യഥാർത്ഥ ആത്മിക മനുഷ്യൻ.

മനുഷ്യന്റെ ദേഹിയിൽ അഥവാ പ്രാണനിൽ ഉൾപ്പെട്ടിരിക്കുന്നത് അവന്റെ മനസ്സ് (ചിന്തിക്കുവാനുള്ള കഴിവ്), വികാരങ്ങൾ (തോന്നലുകൾക്കും വൈകാരിക അനുഭവങ്ങൾക്കുമുള്ള കഴിവ്), ഇച്ഛാശക്തി (തീരുമാനമെടുക്കുവാനുള്ള കഴിവ്) എന്നിവയാണ്. ദൈവം ആത്മാവാകയാൽ, മനുഷ്യനു ദൈവത്തെ തന്റെ ശരീരംകൊണ്ടു സ്പർശിക്കുവാൻ സാധ്യമല്ലാത്തതുപോലെ തന്നെ, ദേഹീമയമായ ഈ കഴിവുകളുപയോഗിച്ചു ദൈവവുമായി സമ്പർക്കം പുലർത്തുവാനും സാധ്യമല്ല (യോഹ. 4:24).

ഭൗതികലോകത്തെ സ്പർശിക്കുവാൻ ഭൗതികശരീരത്തിനു മാത്രമേ സാധിക്കുകയുള്ളു എന്നതു പോലെതന്നെ, ആത്മീയ ലോകവുമായി ബന്ധപ്പെടുവാൻ നമ്മുടെ ആത്മാവിലൂടെ മാത്രമേ സാധിക്കുകയുള്ളു. ദേഹിയും ആത്മാവും തമ്മിൽ നാം തിരിച്ചറിയുന്നില്ലെങ്കിൽ ദേഹീപര മേഖലയിലുള്ള സാത്താന്റെ വ്യാജ പ്രവർത്തനങ്ങൾക്കു വിധേയമാകുമാറു നാം നമ്മെത്തന്നെ തുറന്നുകൊടുക്കുകയാണു ചെയ്യുന്നത്.

ദേഹിയിലൂടെ മാത്രം നമുക്കു ദൈവത്തെ അറിയുവാൻ സാധ്യമല്ല. അതായത് ഒരു ബുദ്ധിശാലിക്ക് ഒരു മന്ദബുദ്ധിയെ അപേക്ഷിച്ചു ദൈവത്തെ അറിയുന്ന വിഷയത്തിൽ ഒരു നേട്ടവും അവകാശപ്പെടാനില്ല. ആത്മാവിലൂടെ സ്വീകരിക്കേണ്ടതു സംബന്ധിച്ചു മനുഷ്യന്റെ ദേഹിയുടെ അളവിനു യാതൊരു പ്രസക്തിയുമില്ലല്ലോ. ആത്മാവും ദേഹിയും തികച്ചും വ്യത്യസ്തങ്ങളായ രണ്ട് അവയവങ്ങളത്രേ. ഒരു മനുഷ്യൻ തന്റെ ദേഹിയിലൂടെ ദൈവത്തെ അറിയുവാൻ ശ്രമിക്കുന്നതു ചെവികൊണ്ടു കാണാൻ ശ്രമിക്കുന്നതു

പോലെതന്നെ ഭോഷത്തമാകുന്നു!

ഉദാഹരണമായി, ദൈവവചനം പഠിക്കുന്നതിനെക്കുറിച്ചു ചിന്തിക്കാം. ദൈവവചനം വായിക്കുമ്പോൾ നാം നമ്മുടെ ശരീരവും (കണ്ണ്), പ്രാണനും (മനസ്സ്) ഉപയോഗിക്കുന്നുണ്ടെങ്കിലും, പരിശുദ്ധാത്മാവു വചനത്തിന്റെ അർത്ഥത്തെക്കുറിച്ചു വെളിപ്പാടു നൽകുന്നില്ലെങ്കിൽ നമ്മുടെ ആത്മാവിൽ അർദ്ധരാത്രി പോലെയുള്ള അന്ധകാരമായിരിക്കും. ബൈബിൾ പരിജ്ഞാനം തെളിയിക്കുന്നതു നിങ്ങൾക്കു നല്ല ബുദ്ധിശക്തി (ശക്തിയുള്ള ദേഹി) ഉണ്ടെന്നു മാത്രമാണ്. നിങ്ങളുടെ ആത്മാവ് അപ്പോഴും അന്ധമായിരിക്കാം. ബുദ്ധിശാലികളും ജ്ഞാനികളും ആയിരിക്കുന്നവരിൽനിന്നു ദൈവം തന്റെ സത്യം മറച്ചുവയ്ക്കുകയും താഴ്മയുള്ളവർക്ക് അതു വെളിപ്പെടുത്തിക്കൊടുക്കുകയും ചെയ്യുന്നു (മത്താ. 11:25). യേശുവിന്റെ കാലത്തെ വേദശാസ്ത്ര പണ്ഡിതന്മാരുടെ അന്ധകാരമാണ് ഇതിന്റെ ഏറ്റവും വ്യക്തമായ തെളിവ് (1 കൊരി. 2:7,8).

നമ്മുടെ വികാരങ്ങളും ദേഹിയുടെ ഒരു ഭാഗമാണ്. ദൈവത്തെ വികാരങ്ങളിലൂടെ അറിയുവാൻ സാധ്യമല്ല. വൈകാരികസമൃദ്ധി അഥവാ സന്തോഷം ആത്മീയതയുടെ അടയാളമല്ല. ബുദ്ധികൂർമ്മതയ്ക്കും പാപത്തിനും ഒന്നുചേർന്നു വസിക്കുവാൻ കഴിയുന്നതുപോലെ തന്നെ, വൈകാരികമായ വേലിയേറ്റത്തോടു ചേർന്നുതന്നെ ഏറ്റവും നീചമായ പാപത്തിനും ഒരു വ്യക്തിയിൽ നിലനിൽക്കുവാൻ സാധിക്കും.

കർമ്മേൽ പർവതത്തിന്റെ മുകളിൽ ബാലിന്റെ പ്രവാചകന്മാർ വികാരവിവശരായി അട്ടഹസിക്കുകയും, പുലമ്പുകയും, നൃത്തം ചെയ്യുകയും ചെയ്തുവെങ്കിലും (1 രാജാ. 18:26–29) അവർ ആത്മീയരായിരുന്നില്ല. ഇത്തരം വികാര നിർഭരമായ പ്രകടനങ്ങൾ പല ക്രിസ്തീയ സമൂഹങ്ങളിലും കാണപ്പെടുന്നുണ്ട്. എന്നാൽ ഇവയ്ക്കും യഥാർത്ഥ ആത്മീയതയ്ക്കും തമ്മിൽ യാതൊരു ബന്ധവുമില്ല.

ഒരുപക്ഷേ, ശിഷ്യന്മാരുടെയിടയിൽ ഏറ്റവും ബുദ്ധിശാലിയായിരുന്നത് ഈസ്ക്കര്യോത്താ യൂദാ ആയിരുന്നിരിക്കാം. എന്നാൽ അവന്റെ ദേഹിയുടെ കഴിവുകൾ ദൈവത്തിന്റെ സത്യം മനസ്സിലാക്കുവാൻ അവനെ സഹായിക്കുകയുണ്ടായില്ല. അധികം വിദ്യാഭ്യാസമൊന്നുമില്ലാതിരുന്ന ശിമോൻ പത്രോസ് ദൈവിക വെളിപ്പാടിനാൽ ഗ്രഹിച്ച കാര്യങ്ങൾ യെരൂശലേമിലെ പണ്ഡിതന്മാർക്കു മനസ്സിലായില്ലതാനും (മത്താ. 16:17).

ഇല്ല, ദേഹിയുടെ ശക്തിയുപയോഗിച്ചു നമുക്കു ദൈവത്തെ അറിയുവാൻ ഒരിക്കലും സാധ്യമല്ല. ദേഹീപരനായ ക്രിസ്ത്യാനി മാത്രമാണ് അപ്രകാരമുള്ള ശ്രമം നടത്തുന്നത്.

ഒരു ദേഹീപര ക്രിസ്ത്യാനിക്കു താഴ്മയുണ്ട് എന്നു കാഴ്ചയിൽ നമുക്കു തോന്നിയേക്കാം. എന്നാൽ അവൻ എപ്പോഴും തന്റെ താഴ്മയെക്കുറിച്ചു ബോധമുള്ളവനാണ്. യഥാർത്ഥമായ താഴ്മയുള്ളവന് അതിനെക്കുറിച്ച് ഓർമ്മയുണ്ടായിരിക്കുകയില്ല. താഴ്മയുള്ളവനായി കാണപ്പെടുന്നതിന് ഒരു ദേഹീപര ക്രിസ്ത്യാനിക്കു പ്രത്യേകം ശ്രദ്ധിക്കേണ്ടിവരുന്നു. യഥാർത്ഥ താഴ്മയാണെങ്കിൽ ഉള്ളിൽനിന്നു പുറപ്പെടുന്നതാകയാൽ സ്വാഭാവികവും

ആയാസരഹിതവും ആയിരിക്കും.

ഒരു ദേഹീപരക്രിസ്ത്യാനിക്കു നീതിയെ സംബന്ധിച്ച് ആവേശമുള്ളതായി കണ്ടെന്നുവരാം. അവനു ചമ്മട്ടിയെടുത്തു ജനങ്ങളെ ദൈവാലയത്തിനു പുറത്താക്കുവാനും, താൻ ഒരു പ്രവാചകനാണ് എന്നു ചിന്തിച്ചുകൊണ്ടു പാപത്തിനെതിരായി ഇടിമുഴക്കംപോലെ സംസാരിക്കുവാനും കഴിയും. എന്നാൽ തന്റെ പ്രവർത്തനങ്ങൾക്ക് അവൻ ബഹുമാനം ആഗ്രഹിക്കുന്നുണ്ട്. മനുഷ്യരുടെ അഭിപ്രായത്തിന്മേൽ അവൻ ഒരു ദൃഷ്ടി എപ്പോഴും പതിപ്പിച്ചിട്ടുണ്ട്. കുറെക്കൂടെ കൗശല പൂർണ്ണമായ ദേഹീമയത്വം നിറഞ്ഞ ഒരാൾ, "എന്നെക്കുറിച്ച് ആരെല്ലാം എന്തു ചിന്തിക്കുന്നു എന്ന് എനിക്കു യാതൊരു ചിന്തയുമില്ല'' എന്നു പറഞ്ഞേക്കാം. എന്നാൽ മറ്റുള്ളവരുടെ അഭിപ്രായത്തെക്കുറിച്ചു തനിക്കു യാതൊരു കൂസലുമില്ല എന്ന് അവർ അറിയണം എന്ന് അവൻ ആഗ്രഹിക്കുന്നുണ്ട് എന്നതിൽ നിന്നുതന്നെ അവന്റെ ദേഹീമയത്വം വെളിപ്പെടുന്നു.

ഒരു ദേഹീപരക്രിസ്ത്യാനി വളരെ മനസ്സലിവുള്ളവനായും കാണപ്പെട്ടേക്കാം. എന്നാൽ അത് എപ്പോഴും മാനുഷികവും തന്മൂലം വിവേകശൂന്യവും ആയിരിക്കും. ഉദാഹരണമായി, ഒരു ദേഹീപരക്രിസ്ത്യാനി തന്റെ സ്നേഹം പ്രകടിപ്പിക്കുവാനായി ആവശ്യത്തിലിരിക്കുന്ന ഒരാൾക്കു തുടർച്ചയായി സഹായം ചെയ്യുന്നു എന്നിരിക്കട്ടെ. എന്നാൽ വാസ്തവത്തിൽ ആ മനുഷ്യൻ ദൈവത്താൽ ശിക്ഷണം നൽകപ്പെടുന്ന ഒരു ധാരാളിയായിരിക്കാം. ആ സമയത്തു സഹായം ലഭിക്കുന്നതു ദൈവത്തിലേക്കു തിരിയുന്നതിനു ശരിക്കും അവനൊരു തടസ്സമായിരിക്കും. എന്നാൽ ദേഹീപരക്രിസ്ത്യാനിയാകട്ടെ, താൻ ദൈവത്തെ സേവിക്കുകയാണ് എന്നു വിചാരിച്ചു തൃപ്തിയടയുകയാണ്. തന്റെ 'സ്നേഹ' പ്രവൃത്തികളാൽ താൻ പിശാചിന്റെ ഉദ്ദേശ്യമാണു നിറവേറ്റുന്നതെന്ന് അവൻ മനസ്സിലാക്കുന്നുമില്ല.

മേൽപ്പറഞ്ഞവ സംഭവ്യമായ ഉദാഹരണങ്ങളിൽ ചിലതു മാത്രമാണ്. എന്നാൽ ദേഹീപരവും ആത്മീയവുമായവ തമ്മിൽ വേർതിരിക്കേണ്ടതിന്റെ പ്രത്യേക ആവശ്യം മനസ്സിലാക്കുവാൻ അവ മതിയാകും.

ദേഹീപരഫലങ്ങളും ആത്മീയ ഫലങ്ങളും കാഴ്ചയിൽ ഒരുപോലെ തോന്നിയേക്കാം. അതുകൊണ്ട് അനേകരും വഞ്ചിക്കപ്പെടുന്നു. നാമും വഞ്ചനയിലകപ്പെടുവാൻ സാധ്യതയുണ്ട്.

ഭക്ഷണമേശയിൽ വച്ചിരിക്കുന്ന പ്ലാസ്റ്റിക് ഓറഞ്ചും വാഴപ്പഴവും പലരെയും കബളിപ്പിച്ചിട്ടുണ്ട്. കാണുവാൻ ഭംഗിയുണ്ടെങ്കിലും അവയിൽ പോഷകാംശമൊന്നുമില്ല. അതുപോലെതന്നെയാണു ക്രിസ്തുവിന്റെ സൽഗുണങ്ങൾ ദേഹീപരമായി അനുകരിക്കുന്നതും.

ഇപ്പറഞ്ഞതിൽനിന്നെല്ലാം നമ്മുടെ ദേഹിയെക്കൊണ്ടു യാതൊരു പ്രയോജനവുമില്ല എന്നർത്ഥമാകുന്നില്ല. ദൈവം തന്നെയാണു ദേഹിയെ സൃഷ്ടിച്ചതും അതിന് ഒരു പ്രവൃത്തി കല്പിച്ചതും. നമ്മുടെ മനസ്സും വികാരങ്ങളും ഉപയോഗിക്കേണ്ട ആവശ്യമുണ്ട്. എന്നാൽ യഥാർത്ഥ ആത്മീയത ആരംഭിക്കുന്നതു നാം ദൈവത്തിന്റെ ശക്തിയുള്ള കൈക്കീഴിൽ നമ്മെത്തന്നെ താഴ്ത്തിക്കൊണ്ടു നമ്മുടെ ഇച്ഛയെ

(ഇതാണ് നമ്മുടെ ആത്മാവിന്റെ വാതിൽ) ദൈവത്തിനു പൂർണ്ണമായി സമർപ്പിക്കുമ്പോഴാണ്. ഈ വാതിലിന്റെ പുറമെയാണ് യേശു നിന്നു കൊണ്ട് അകത്തു പ്രവേശനം ആഗ്രഹിച്ചുകൊണ്ടു മുട്ടുന്നത് (വെളി. 3:20).

യേശു ഭൂമിയിലായിരുന്നപ്പോൾ ചെയ്തതുപോലെ, "എന്റെ ഹിതമല്ല, നിന്റെ ഹിതമത്രേ നടക്കേണ്ടത്" എന്നു പറയുവാൻ കഴിയുന്ന സ്ഥിതിയിൽ വരുമ്പോൾ മാത്രമേ, യേശു ജീവിച്ചതുപോലെ ജീവിക്കുവാൻ നമുക്കു കഴിയുകയുള്ളു. അപ്പോൾ ദൈവത്തിനു നമ്മുടെ ആത്മാവിനെ ഭരിക്കുവാനും, നമ്മുടെ ദേഹിക്കു ദൈവത്തിന്റെ ആത്മാവിന്റെ സേവകൻ എന്ന സ്ഥാനം കണ്ടെത്തുവാനും കഴിയും. ആ സമയത്തു നമ്മുടെ ശരീരവും പരിശുദ്ധാത്മാവിന്റെ കർത്തൃത്വത്തിൻകീഴിൽ ആയിത്തീരും. അപ്രകാരമുള്ള ഒരുവനാണ് ആത്മീയ മനുഷ്യൻ അഥവാ ആത്മാവിനാൽ നിറയപ്പെട്ട മനുഷ്യൻ.

മാനസ്സാന്തരം, പരിശുദ്ധാത്മ സ്നാനം, ആത്മീയവരങ്ങൾ എന്നിവ ഒരു മനുഷ്യനെ ആത്മീയനാക്കിത്തീർക്കുന്നില്ല. കൊരിന്തിലെ ക്രിസ്ത്യാനികളുടെ ഉദാഹരണത്തിൽനിന്ന് ഇതു മനസ്സിലാക്കാം. അവർ ആത്മാവിന്റെ എല്ലാ വരങ്ങളും പ്രയോഗിച്ചിരുന്നുവെങ്കിലും, ജഡത്തിൽനിന്നുള്ള പാപങ്ങളുടെ ബന്ധനത്തിൽ തുടരുകയും, തങ്ങളുടെ ബുദ്ധിപരമായ അറിവിലും വൈകാരികാനുഭവങ്ങളുടെ സമൃദ്ധിയിലും പ്രശംസിക്കുകയും ചെയ്തിരുന്നു. അവർ ആത്മികരായിരുന്നില്ല.

സമാഗമനകൂടാരത്തിൽ ദൈവസാന്നിധ്യം ഉണ്ടായിരുന്നത് അതിവിശുദ്ധ സ്ഥലത്തായിരുന്നു എന്നു നാം കണ്ടുകഴിഞ്ഞു. അതി വിശുദ്ധസ്ഥലത്തിനും വിശുദ്ധ സ്ഥലത്തിനും ഇടയിലായി കട്ടിയുള്ള തിരശ്ശീല ഉണ്ടായിരുന്നു. ഈ തിരശ്ശീലയായിരുന്നു ദൈവതേജസ്സു വിശുദ്ധസ്ഥലത്തേക്കു കടന്നു ചെല്ലുന്നതിനെ തടഞ്ഞത്. ജഡമാണ് ഈ തിരശ്ശീല (എബ്രാ. 10:20). ജഡം ക്രൂശിക്കപ്പെടുമ്പോഴാണ് (തിരശ്ശീല മുറിച്ചുമാറ്റപ്പെടുമ്പോൾ) ആ തേജസ്സു നമ്മുടെ മുഴുവൻ വ്യക്തിത്വത്തിലേക്ക്, അഥവാ നമ്മുടെ ദേഹിയിലേക്ക്, കടന്നുവരുന്നത്.

യേശു തുറന്നുതന്ന ജീവനുള്ളതും പുതിയതുമായ വഴിയിലൂടെ നാം വിശ്വസ്തരായി നടക്കുമെങ്കിൽ ദൈവത്തിന്റെ മഹത്വം നമ്മുടെ വ്യക്തിത്വത്തിലൂടെ പ്രകാശിക്കുകയും നമ്മിലൂടെ അധികമായി പ്രസരിക്കുകയും ചെയ്യും.

അപ്പോൾ, "ഒട്ടും ഒത്തുതീർപ്പില്ലാതെ നീതിമാനായി നിൽക്കുന്നവന്റെ പാത പ്രഭാതത്തിലെ വെളിച്ചം കൂടുതലായി പ്രകാശിച്ചു ദിവസത്തിന്റെ പൂർണ്ണതയിൽ (ക്രിസ്തു മടങ്ങിവരുമ്പോൾ) അതിന്റെ പൂർണ്ണശക്തിയും മഹത്വവും പ്രാപിക്കുന്നതുപോലെയാകുന്നു" എന്ന വചനം നമ്മിൽ നിറവേറപ്പെടും (സദൃ. 4:18 Amplified Bible).

യേശു മടങ്ങിവരുമ്പോൾ നാം അവനെപ്പോലെ ആയിത്തീരും. എന്നാൽ അതുവരെ പരിശുദ്ധാത്മാവ് ഈ വിധത്തിൽ നമ്മെ മഹത്വത്തിന്റെ ഒരു നിലയിൽ നിന്നു മറ്റൊരു നിലയിലേക്കു രൂപാന്തരപ്പെടുത്തിക്കൊണ്ടിരിക്കും (2 കൊരി. 3:18; 1 യോഹ. 3:2).

യേശു തന്റെ സ്വന്ത ഇച്ഛയനു

സരിച്ചു യാതൊന്നും ചെയ്തില്ല എന്നു നാം കണ്ടുകഴിഞ്ഞു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അവിടുന്ന് ഒരിക്കലും തന്റെ മനസ്സിന്റെയും വികാരങ്ങളുടെയും പ്രേരണയനുസരിച്ചു ജീവിച്ചില്ല. അവിടുന്നു ജീവിച്ചത് ആത്മാവിലായിരുന്നു. അവിടുത്തെ മാനുഷദേഹി പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൻ കീഴിലായിരുന്നു. യേശു തന്റെ മനസ്സും വികാരങ്ങളും ധാരാളമായി ഉപയോഗിച്ചിരുന്നു. എന്നാൽ അവ രണ്ടും അവിടുത്തെ ജീവിതത്തിന്റെ യജമാനനായ പരിശുദ്ധാത്മാവിന്റെ ദാസന്മാരായിരുന്നു. തന്മൂലം ദൈവ മഹത്വം തന്നിലൂടെ അതിന്റെ പൂർണ്ണതയിൽ തടസ്സമില്ലാതെ വിളങ്ങുവാനിടയായി.

യേശു മടങ്ങിവരുന്ന നാളിൽ നമ്മുടെ ജീവിതവും പ്രയത്നങ്ങളുമെല്ലാം അഗ്നിയാൽ പരിശോധിക്കപ്പെടും എന്നു വേദപുസ്തകം പഠിപ്പിക്കുന്നു (1കൊരി. 3:10-14). നമ്മുടെ പ്രവൃത്തികൾ ദേഹീപരമോ ആത്മീയമോ എന്ന് അഗ്നിപരിശോധനതന്നെ തീരുമാനിക്കും. അഗ്നിയിലൂടെ കടന്ന് അവശേഷിക്കുന്ന പൊന്ന്, വെള്ളി, രത്നങ്ങൾ എന്നിവ ഉപയോഗിച്ചു പണിയുവാൻ നാം പ്രബോധിക്കപ്പെട്ടിരിക്കുന്നു. മരം, പുല്ല്, വൈക്കോൽ എന്നിവയാൽ പണിയപ്പെടുന്നവയെല്ലാം ഒരുനാൾ ചാമ്പലായിത്തീരും.

പൊന്ന്, വെള്ളി, രത്നങ്ങൾ എന്നിവയുപയോഗിച്ചു പണിയുക എന്നതിന്റെ അർത്ഥമെന്താണ്?

അതിന്റെ ഉത്തരം റോമർ 11:36-ൽ ലഭിക്കുന്നുണ്ട്. “സകലവും അവനിൽ നിന്നും, അവനാലും, അവങ്കലേക്കും ആകുന്നു” എന്നു നാം വായിക്കുന്നു.

സകലസൃഷ്ടിയും ദൈവത്തിൽ നിന്ന് ഉദ്ഭവിക്കുകയും, അവിടുത്തെ ശക്തിയാൽ വഹിക്കപ്പെടുകയും ചെയ്യുകയാൽ അവിടുത്തെ മഹത്വത്തിനായിത്തീരേണം എന്നാണ് അവയെക്കുറിച്ചുള്ള ഉദ്ദേശ്യം. എന്നാൽ സാത്താനും മനുഷ്യനും ഈ നിയമം ലംഘിച്ചിരിക്കുകയാണ്.

എന്നാൽ ദൈവത്തിൽ നിന്നുദ്ഭവിച്ച്, അവിടുത്തെ ശക്തിയാലും അവിടുത്തെ മഹത്വത്തിനായും ചെയ്യപ്പെടുന്ന പ്രവൃത്തികൾ മാത്രമാണ് നിത്യമായി നിലനിൽക്കുന്നത്. ശേഷിച്ചതെല്ലാം നശിച്ചുപോകും. ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ അഗ്നിയിൽ അവയെല്ലാം ചാമ്പലായിത്തീരും.

അതുകൊണ്ടു, മനുഷ്യന്റെ ദേഹിയിൽ ഉദ്ഭവിക്കുന്നതും (മനുഷ്യനിൽനിന്ന്), മനുഷ്യശക്തിയിലൂടെ ചെയ്യുന്നതും മനുഷ്യന്റെ ബഹുമതിക്കായി ഉന്നം വച്ചിരിക്കുന്നതുമായതെല്ലാം - അവയുടെ പേർ ക്രിസ്തീയ പ്രവർത്തനം എന്നായിരുന്നാൽ തന്നെയും - മരവും, പുല്ലും, വൈക്കോലും ആകുന്നു!

നേരേമറിച്ചു, ദൈവത്തിൽനിന്ന് ഉദ്ഭവിക്കുന്നതും, അവിടുത്തെ മഹത്വത്തിനായി അവിടുത്തെ ശക്തിയാൽ ചെയ്യപ്പെടുന്നതുമായതെല്ലാം ന്യായവിധിയുടെ നാളിൽ പൊന്ന്, വെള്ളി, രത്നങ്ങൾ എന്നിവയായി കാണപ്പെടും.

അവസാന പരിശോധനനാളിൽ പരീക്ഷിക്കപ്പെടുന്നത് ഒരു മനുഷ്യന്റെ പ്രവൃത്തിയുടെ അളവല്ല, മറിച്ചു മേന്മയാണ്. നമ്മുടെ പണിയിൽ ഉപയോഗിക്കപ്പെട്ടിരിക്കുന്ന വസ്തു

വിനാണു പണിയുടെ വലുപ്പത്തെക്കാൾ പ്രാധാന്യം. നമ്മുടെ പ്രയത്നങ്ങളുടെ ഉൽപത്തി, ശക്തി, ഉദ്ദേശ്യം എന്നിവയ്ക്കായിരിക്കും നാം എത്രമാത്രം ചെയ്തിരിക്കുന്നു അഥവാ ത്യാഗം സഹിച്ചിരിക്കുന്നു എന്നതിനെക്കാൾ പ്രാധാന്യം.

പ്രാണനനുസരിച്ചു ജീവിക്കാതെ ആത്മാവിൽ ജീവിക്കുന്നതിൽ യേശു നമുക്ക് ഒരു മാതൃകയാണ്. അവിടുന്ന് ഒരിക്കൽ പോലും തന്റെ സ്വയത്തിൽ നിന്ന് എന്തെങ്കിലും ചെയ്യുകയോ, തന്റെ സ്വന്ത മഹത്വത്തിനായി, തന്റെ മാനുഷിക കഴിവുകളാൽ എന്തെങ്കിലും പ്രവർത്തിക്കുകയോ ചെയ്തില്ല. ദൈവത്തിൽ നിന്ന് ഉദ്ഭവിക്കുകയും, ദൈവത്തിന്റെ ശക്തിയാൽ ദൈവമഹത്വത്തിനായി ചെയ്യുകയും ചെയ്തവ മാത്രമായിരുന്നു അവിടുത്തെ പ്രവൃത്തികൾ.

“തന്റെ ജീവനെ കണ്ടെത്തിയവൻ അതിനെ കളയും; എന്റെ നിമിത്തം തന്റെ ജീവനെ കളഞ്ഞവൻ അതിനെ കണ്ടെത്തും'' എന്ന് അവിടുന്നു തന്റെ ശിഷ്യന്മാരോട് ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. ദേഹീപരജീവനെ വെറുക്കുക (അഥവാ കളയുക) എന്നതിനെക്കുറിച്ച് യേശു പറഞ്ഞ വാക്കുകൾ നാലു സുവിശേഷങ്ങളിലായി ഏഴുപ്രാവശ്യം ആവർത്തിച്ചിട്ടുണ്ട് (മത്താ. 10:39;16:25; മർക്കോ. 8:35; ലൂക്കോ. 9:24;14:26;17:33; യോഹ. 12:25).

ദൈവവചനത്തിൽ ഏഴു പ്രാവശ്യം ആവർത്തിക്കുവാൻ പരിശുദ്ധാത്മാവിനു തോന്നിയെങ്കിൽ തീർച്ചയായും ഇതു യേശു പഠിപ്പിച്ചിട്ടുള്ളവയിൽവച്ച് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമായിരിക്കണം. എന്നാൽ വളരെ ചുരുക്കംപേർക്കു മാത്രമേ യേശുവിന്റെ ഈ വാക്കുകളുടെ അർത്ഥം മനസ്സിലായിട്ടുള്ളു.

നമ്മുടെ ജീവിതത്തിൽ ദേഹിയും ആത്മാവും തമ്മിൽ വേർതിരിക്കേണ്ടത് എപ്രകാരമാണ്? എഴുതപ്പെട്ട വചനമായ വേദപുസ്തകത്തിൽ നിന്നു പരിശുദ്ധാത്മാവു നമുക്കു ജീവിക്കുന്ന വചനമായ യേശുവിനെ വെളിപ്പെടുത്തിത്തരുമ്പോൾ അവിടുത്തെ നോക്കിക്കൊണ്ടു നാം ഈ പ്രവൃത്തി ചെയ്യുക എന്നതാണ് ഉത്തരം.

നാം നമ്മെത്തന്നെ വിധിക്കേണ്ടതു നമ്മുടെ ദേഹിയുടെ വെളിച്ചത്തിലല്ല, ദൈവത്തിന്റെ വെളിച്ചത്തിലാണ് (സങ്കീ. 36:9). ആ വെളിച്ചം യേശുവിലും (യോഹ. 8:12) ദൈവവചനത്തിലുമാണു (സങ്കീ. 119:105) നാം കണ്ടെത്തുന്നത്.

ജഡമായിത്തീർന്ന വചനമായ യേശു പറയുന്നു: “എന്റെ ജീവിത ദൃഷ്ടാന്തത്തിൽനിന്നു പഠിക്കുക... എന്നാൽ നിങ്ങൾ ദേഹീപര പ്രവൃത്തിയിൽനിന്നു സ്വസ്ഥത കണ്ടെത്തും'' (മത്താ. 11:29 സ്വതന്ത്ര വിവർത്തനം).

അതുകൊണ്ടു നമ്മുടെ മാതൃകയായ (മുന്നോടി) യേശുവിനോടും നമ്മുടെ വഴികാട്ടിയായ ദൈവവചനത്തോടുമാണു നാം ഇക്കാര്യത്തിൽ വെളിച്ചം അന്വേഷിക്കേണ്ടത്. യേശുവിന്റെ ഐഹിക ജീവിതത്തിലും ദൈവവചനത്തിലും പൂർണ്ണത കണ്ടെത്തുവാൻ കഴിയും. അതുകൊണ്ട് ഇവ രണ്ടും നമുക്കു ശ്രദ്ധയോടെ വീക്ഷിക്കാം. ■

### ദൈവസന്നിധിയിൽ ഒരു ജഡവും പ്രശംസിക്കാതിരിക്കേണ്ടതിനു തന്നെ - II

*(കഴിഞ്ഞ ലക്കം തുടർച്ച...)*

# വിശ്വാസത്തിന്റെ നീതിയും വിശ്വസ്തതയും

**റോമർ 10 ദൈവത്തിന്റെ നീതി**

യിസ്രായേലിന് ദൈവത്തിനു വേണ്ടിയുള്ള വലിയ തീക്ഷ്ണതയുണ്ടായിരുന്നു (റോമർ 10:3). എന്നാൽ അത് ദൈവപരിജ്ഞാനം കൂടാതെയുള്ള തീക്ഷ്ണതയായിരുന്നു. എന്തെന്നാൽ അവരുടെ സ്വന്ത പ്രയത്നംകൊണ്ട് ദൈവികനീതി ഉൽപാദിപ്പിക്കുവാൻ സാധ്യമല്ലെന്നുള്ള കാര്യം അവർ മനസ്സിലാക്കിയില്ല. അവരുടെ യഥാർത്ഥ പരാജയം ഇതിലായിരുന്നു. ഇതിൽത്തന്നെയാണ് ഇന്നും നീതിയെ അന്വേഷിക്കുന്ന പല ക്രിസ്ത്യാനികളും പരാജയപ്പെടുന്നത്. വിശുദ്ധരാകുവാൻ അവർ ആഗ്രഹിക്കുന്നു; എന്നാൽ ഒരു മാനുഷിക തീക്ഷ്ണതയോടെയാണ് അവർ അതന്വേഷിക്കുന്നത്. ഇത് അവരെ നിഗളികളും മറ്റുള്ളവരുടെ നേരേ ഉന്നതഭാവമുള്ളവരും ആക്കിത്തീർക്കുന്നു.

"അവർ (യിസ്രായേൽ ജനം) ദൈവത്തിന്റെ നീതി അറിയാതെ സ്വന്ത നീതി സ്ഥാപിപ്പാൻ അന്വേഷിച്ചുകൊണ്ട് ദൈവത്തിന്റെ നീതിക്കു കീഴ്പ്പെട്ടില്ല" (റോമർ 10:3).

നമ്മുടെ സ്വന്തനീതി (നമ്മുടെ ഏറ്റവും നല്ല പ്രവൃത്തികൾ തന്നെ) ദൈവത്തിന്റെ ദൃഷ്ടിയിൽ നാറുന്ന കീറത്തുണിപോലെയാണ് (യെശ. 64:6). ദൈവത്തിന്റെ ദൃഷ്ടിയിൽ അവ മ്ലേച്ഛമാണ്; അതിനാൽ അവയെ നാം എറിഞ്ഞുകളയണം.

മുടിയൻപുത്രന്റെ ഉപമയിലെ ജ്യേഷ്ഠസഹോദരനെ ഒരു പരീശനാക്കിത്തീർത്തത് സ്വയനീതിയായിരുന്നു. ആദ്യം തങ്ങളെത്തന്നെ വിധിക്കാതെ മറ്റുള്ളവരോടു പ്രസംഗിക്കുവാൻ പ്രസംഗകന്മാരെ പ്രേരിപ്പിക്കുന്നതും അതുതന്നെയാണ്. അത്തരം മനോഭാവങ്ങൾ ദൈവദൃഷ്ടിയിൽ കറപുരണ്ട തുണിപോലെയത്രേ.

നിങ്ങളെ തന്റെ സ്വഭാവത്തിൽ പങ്കാളിയാക്കിക്കൊണ്ട് ദൈവം നിങ്ങളിൽ പ്രവർത്തിച്ച ഒരു കാര്യമാണോ നിങ്ങളുടെ നീതി? അതോ നിങ്ങൾ പല്ലുകടിച്ചുപിടിച്ച് അതിരാവിലെ ഉണർന്നും ഉപവസിച്ചും പ്രാർത്ഥിച്ചും യോഗിസഹജമായ ആത്മനിയന്ത്രണം പാലിച്ചും സ്വയം നേടിയെടുത്തതാണോ? താഴ്മയെന്ന ഉരകല്ലിൽ നിങ്ങളെത്തന്നെ ഉരച്ചു നോക്കിയാൽ നിങ്ങൾക്ക് ഇതിന്റെ ഉത്തരം കണ്ടെത്തുവാൻ കഴിയും.

നിത്യതയിൽ ഒരു ജഡവും പ്രശംസിക്കുവാൻ ഇടയാകരുതെന്നത് ദൈവം ഉറച്ചിട്ടുള്ള കാര്യം തന്നെ. അതിനാൽ നിങ്ങൾ സ്വന്തപ്രയത്നത്തിലൂടെ നേടിയെടുത്ത നീതി അവസാന നാളിൽ അരപ്പൈസയുടെ വിലപോലും ഇല്ലാത്തതാണ്. വേണമെങ്കിൽ ഇപ്പോൾ തന്നെ നിങ്ങൾക്കതു മനസ്സിലാക്കുവാനും കഴിയും.

നമ്മുടെ ക്രിസ്തീയ ജീവിതത്തിന്റെ തുടക്കത്തിൽത്തന്നെ ക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസം മൂലം ദൈവം നമ്മെ നീതിമാന്മാരായി പ്രഖ്യാപിക്കുന്നു. അല്ലാത്തപക്ഷം അവിടുത്തെ മുമ്പിൽ നിൽപാൻ പോലും നമുക്കു കഴിവുണ്ടാവുകയില്ല. അനന്തരം ക്രമാഗതമായി നമ്മെ തന്റെ സ്വഭാവത്തിൽ പങ്കാളികളാക്കിക്കൊണ്ട് ദൈവം നമ്മെ വിശുദ്ധീകരിക്കുന്നു. പരീക്ഷയുടെ നിമിഷങ്ങളിൽ നാം പാപം ചെയ്യാതിരിക്കുമാറ് നമ്മെ വിശ്വസ്തരും ദൃഢചിത്തരുമാക്കി നിറുത്തുന്നത് നമുക്കു കൃപ തരുന്ന ദൈവം തന്നെയാണ്. അവിടുത്തെ സേവിക്കുവാനും തന്റെ മുന്തിരിത്തോട്ടത്തിൽ നമ്മെ പ്രയോജനമുള്ള വേലക്കാരാക്കിത്തീർക്കുവാനുമായി നമുക്കു കഴിവും കൃപാവരങ്ങളും നൽകുന്നതും അവിടുന്നാണ്. അതിനാൽ രക്ഷയെന്നത് തുടക്കം മുതൽ ഒടുക്കം വരെ നൂറുശതമാനവും ദൈവത്തിൽനിന്നാണെന്ന് നാം മനസ്സിലാക്കുന്നു.

“ദൈവത്തെ അന്വേഷിക്കാത്തവർ അവിടുത്തെ കണ്ടെത്തി; ദൈവത്തിനുവേണ്ടി അപേക്ഷിക്കാതിരുന്നവർക്ക് അവിടുന്നു പ്രത്യക്ഷനായി” (റോമർ 10:20). പുതിയ നിയമത്തിൽ ഇപ്രകാരമൊരു വാക്യമുണ്ടെന്ന് മിക്ക വിശ്വാസികളും മനസ്സിലാക്കിയിട്ടില്ല. എന്നാൽ ഇങ്ങനെയൊരു പ്രസ്താവന നടത്തുവാൻ യെശയ്യാവു ധൈര്യപ്പെട്ടുവെന്ന് പൗലൊസ് പറയുന്നു. യെശയ്യാവ് വളരെ ധീരനാണെന്ന് നമുക്കു തീരുമാനിക്കാം. കാരണം, എല്ലാക്കാലത്തുമുള്ളവരും സ്വയം നീതീകരിക്കുന്നവരുമായ സകല പരീശന്മാരുടെയും അഹന്തയെ തകർത്തുകളയുന്നതാണ് ഈ പ്രസ്താവന.

എങ്കിലും വിനയശാലികൾക്ക് ഈ വസ്തുതകൾ അംഗീകരിക്കുവാൻ ഒരു പ്രയാസവുമില്ല. എന്തെന്നാൽ തങ്ങളുടെ രക്ഷ തുടങ്ങുന്നതും അവസാനിക്കുന്നതും ദൈവത്തിലാണെന്ന് അവർ മനസ്സിലാക്കുന്നു. യേശു നമ്മുടെ വിശ്വാസത്തിന്റെ നായകൻ (Author) ആണ്. അവിടുന്നാണ് നമ്മുടെ ജീവിതത്തിൽ അതിനു തുടക്കമിട്ടത്. അതിനു പൂർത്തിവരുത്തുന്നതും അവിടുന്നു തന്നെ (എബ്രാ. 12:2). അതിനാൽ അതിനെപ്പറ്റി ഒന്നും തന്നെ അവർക്കു പ്രശംസിക്കുവാനില്ല.

**റോമർ 11 ദൈവത്തിന്റെ വിശ്വസ്തത**

ദൈവം അന്തിമമായി യിസ്രായേൽ ജനതയെ കൈവിട്ടുവെന്നും അബ്രഹാമിനു നൽകിയിരുന്ന വാഗ്ദാനങ്ങൾ പിൻവലിക്കപ്പെട്ടുവെന്നും ആദിമക്രിസ്ത്യാനികൾ ചിന്തിച്ചു. എന്നാൽ പരിശുദ്ധാത്മാവ് അപ്പോസ്തലനായ പൗലൊസിലൂടെ വളരെ വ്യക്തമായി ഇപ്രകാരം പറയുന്നു: “ദൈവം മുന്നറിഞ്ഞിട്ടുള്ള തന്റെ ജനത്തെ തള്ളിക്കളഞ്ഞിട്ടില്ല” (റോമർ 11:2).

“ചിലർ വിശ്വസിച്ചില്ല എങ്കിൽ അവരുടെ അവിശ്വാസത്താൽ ദൈവത്തിന്റെ വിശ്വസ്തതയ്ക്കു നീക്കം വരുമോ? ഒരു നാളും ഇല്ല” (റോമർ 3:3).

ദൈവം തന്റെ വാഗ്ദാനങ്ങളിൽ വിശ്വസ്തനാണ്. അതുകൊണ്ടാണ് 25 ശതാബ്ദക്കാലം പല രാജ്യങ്ങളിൽ അലഞ്ഞുതിരിഞ്ഞശേഷം ഈ ശതാബ്ദത്തിൽ അബ്രഹാമിന്റെ സന്തതിയെ അവിടുന്നു തിരിയെ യിസ്രായേൽദേശത്തു കൊണ്ടുവന്നിട്ടുള്ളത്.

"അങ്ങനെ ഈ കാലത്തിലും കൃപയാലുള്ള തെരഞ്ഞെടുപ്പിൻ പ്രകാരം ഒരു ശേഷിപ്പുണ്ട്" (റോമർ 11:5). ഇത് ദൈവം തന്റെ വാഗ്ദാനങ്ങളിൽ വിശ്വസ്തനായതു കൊണ്ടാണ്. ഈ കാലത്ത് യിസ്രായേലിന് ഒരു കാഠിന്യം സംഭവിച്ചിരിക്കുന്നുവെങ്കിലും ഒരിക്കൽ "യിസ്രായേൽ മുഴുവനും രക്ഷിക്കപ്പെടും" (റോമർ 11:25, 26).

തന്റെ പുത്രനെ ക്രൂശിച്ചവരോടു പോലും ദൈവം കരുണയുള്ളവനാണ്.

ഇതിൽനിന്നും പുതിയ ഉടമ്പടിയിൻകീഴിലുള്ള നമുക്ക് ചിലതു മനസ്സിലാക്കുവാനും തന്റെ വാഗ്ദാനങ്ങളോടുള്ള ദൈവത്തിന്റെ വിശ്വസ്തതയിൽ ആശ്വാസം കണ്ടെത്തുവാനും കഴിയും. ദൈവം അബ്രഹാമിനോട് അദ്ദേഹത്തിന്റെ സന്തതിയെപ്പറ്റി ചെയ്തിട്ടുള്ള വാഗ്ദാനങ്ങളിൽ ഒന്നുപോലും വ്യർത്ഥമായിട്ടില്ല. മേലിൽ വ്യർത്ഥമാകയുമില്ല. തന്റെ മക്കളാകുന്ന നമ്മോട് അവിടുന്നു ചെയ്തിട്ടുള്ള ഒറ്റ വാഗ്ദാനം പോലും ഒരിക്കലും വ്യർത്ഥമാകയില്ല. ദൈവത്തിന്റെ വിശ്വസ്തത നമ്മുടെ ജീവിതാന്ത്യത്തോളം, യേശുക്രിസ്തു വീണ്ടും വരുന്നതു വരെയും നമ്മെ നടത്തി നമ്മുടെ ലക്ഷ്യത്തിലെത്തിക്കും.

"നിങ്ങളിൽ നല്ല പ്രവൃത്തിയെ ആരംഭിച്ചവൻ യേശുക്രിസ്തുവിന്റെ നാളോളം അതിനെ തികയ്ക്കും എന്നു ഞാൻ ഉറപ്പായി വിശ്വസിക്കുന്നു" (ഫിലി. 1:4).

"ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്നറിയുന്നു; അവൻ എന്റെ ഉപനിധി ആ ദിവസംവരെ സൂക്ഷിപ്പാൻ ശക്തനെന്ന് ഉറച്ചുമിരിക്കുന്നു" (2 തിമോ. 1:12).

**റോമർ 12 പര്യാപ്തമായ ഏകപ്രതികരണം**

നാം ചിന്തിച്ചതായി ദൈവത്തിനുള്ള ഈ സ്വഭാവങ്ങളുടെയും നമ്മോട് അവിടുന്നു കാണിച്ചിട്ടുള്ള മഹാകരുണയുടെയും വെളിച്ചത്തിൽ നാമെന്താണു ചെയ്യേണ്ടത്? അവിടുത്തെ നന്മയെ മുതലെടുത്തുകൊണ്ട് നാമിനിയും അധികം പാപം ചെയ്കയോ വേണ്ടത്? അപ്രകാരം ദൈവത്തിന്റെ നന്മയെയും കരുണയെയും മുതലെടുക്കുവാൻ ഒരു നാളും നമുക്കിടയാകാതിരിക്കട്ടെ.

ദൈവം നമ്മുടെമേൽ ചൊരിഞ്ഞിട്ടുള്ള എല്ലാ കരുണയുടെയും വെളിച്ചത്തിൽ നമുക്കു ചെയ്വാൻ കഴിയുന്നതും പര്യാപ്തവുമായ ഏക പ്രതികരണം താഴെപ്പറയുന്നതാണെന്ന് പൗലൊസ് പ്രസ്താവിക്കുന്നു:

1. നമ്മുടെ ശരീരങ്ങളെ ജീവനുള്ള ഒരു യാഗമായി സമർപ്പിക്കുക.
2. ലോകം ചിന്തിക്കും പോലെയല്ല, ദൈവം ചിന്തിക്കുംപോലെ ചിന്തിക്കുവാൻ ഓരോ ദിവസവും നമ്മുടെ മനസ്സുകൾ പുതുക്കപ്പെടുവാൻ അവയെ സമർപ്പിക്കുക.

അങ്ങനെ നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ സമ്പൂർണ്ണഹിതം സാക്ഷാൽക്കരിക്കുവാൻ നാം പ്രാപ്തരാകും (റോമർ 12:1, 2).

ദൈവത്തിന്റെ നന്മയെയും കൃപയെയും മുതലെടുക്കുവാൻ മാത്രം ചിന്തിക്കുന്ന ക്ഷുദ്രഹൃദയരും സ്വാർത്ഥ തൽപരരുമായ ക്രിസ്ത്യാനികൾ ഉണ്ട്. അത്തരക്കാർ എല്ലാ കാലത്തും ഉണ്ടായിരുന്നു താനും. ദൈവം അത്രയധികം കരുണയുള്ളവനും ക്ഷമിക്കുന്നവനുമാണെന്ന് അറിവുള്ളതുമൂലം അവർ പാപത്തെ ലഘുവായി കൈകാര്യം ചെയ്യുന്നു. എന്നാൽ നന്ദിയുടെ ലേശമെങ്കിലും

ഉള്ള ഏതൊരു വിശ്വാസിയും താഴെ പ്പറയുന്ന കാര്യങ്ങൾ പരിഗണിക്കു മ്പോൾ ഒരിക്കൽപ്പോലും പാപം ചെയ്യാതെ തന്റെ മുഴുവൻ ജീവിത വും ദൈവത്തിനായി സമർപ്പിച്ചു ജീവിക്കുവാൻ വാഞ്ഛിക്കും:

1) മാനസാന്തരപ്പെടാതിരുന്ന എന്റെ ജീവിതകാലത്തെ എന്റെ എല്ലാ പാപ ങ്ങളെയും കർത്താവു ക്ഷമിച്ചു തന്നിരിക്കുന്നു.

2) എന്റെ മാനസാന്തരത്തിനു ശേഷവും ഞാൻ ചെയ്തുപോയ ഒട്ടനേകം പാപങ്ങൾ (അറിഞ്ഞു കൊണ്ടു ചെയ്തിട്ടുള്ളവയുൾ പ്പെടെ) ക്ഷമിക്കുവാൻ തക്കവണ്ണം കർത്താവ് അധികം കരുണ യുള്ളവനായിരുന്നു.

3) എന്റെ ഭൂതകാല പാപങ്ങളെയും ഭോഷത്തങ്ങളെയും താൻ ഇനി ഓർക്കുകയില്ലെന്ന് ദൈവം വാഗ്ദാനം നൽകിയിരിക്കുന്നു.

4) എന്റെ അന്തസ്സിനെ സംരക്ഷി ക്കുമാറ് കർത്താവ് എന്റെ പാപ ങ്ങളെ മറ്റുള്ളവരുടെ ദൃഷ്ടിയിൽ നിന്ന് മറച്ചിരിക്കുന്നു.

5) എനിക്കെതിരായി സാത്താനോ അവന്റെ ഏജന്റന്മാരോ (അവർക്ക് എന്റെ ഭൂതകാല പരാജയങ്ങൾ അറിവുണ്ടല്ലോ) ചെയ്യുന്ന യാതൊരു കുറ്റാരോപണത്തെയും കർത്താവു ശ്രദ്ധിക്കുന്നില്ല.

6) ഞാൻ അർഹിക്കാത്ത വിധത്തി ലൂടെ വീണ്ടുംവീണ്ടും കർത്താവ് എന്നെ അനുഗ്രഹിച്ചിരിക്കുന്നു.

7) സാത്താനെതിരെ കർത്താവ് എപ്പോഴും എന്റെ ഭാഗത്തു നില കൊള്ളുന്നു.

ഇപ്രകാരമുള്ള സ്നേഹം ഏറ്റവും കഠിനമായ ഹൃദയത്തെപ്പോലും തകർക്കുകയും ഭാവിയിൽ ദൈവത്തി നുവേണ്ടിമാത്രം ജീവിക്കുവാൻ ഒരുവനെ സന്നദ്ധനാക്കുകയും ചെയ്യുന്നു. ദൈവം നമ്മെ തീകൊ ണ്ടും ന്യായവിധികൊണ്ടും ഭീഷണി പ്പെടുത്തുന്നതുകൊണ്ടല്ല നാം ദൈവ ത്തിനു നമ്മെത്തന്നെ സമർപ്പിക്കു ന്നത്; ഒരിക്കലുമല്ല. ദൈവത്തിന്റെ അഗാധമായ ദയയാണ് നമ്മുടെ ഹൃദയത്തെ പിടിച്ചടക്കുന്നത്. അതാണ് ദൈവത്തിന്റെ വഴി.

ഒരു താലന്തു ലഭിച്ച മനുഷ്യൻ തന്റെ യജമാനനെക്കുറിച്ച് അയാൾ ഒരു കഠിനചിത്തനും നിർദ്ദയം പിടിച്ചുവാങ്ങുന്നവനുമാണെന്നു ചിന്തിക്കുക മൂലം തന്റെ താലന്തു മണ്ണിൽ കുഴിച്ചുവച്ചു (ലൂക്കോ. 19:21). അതു സത്യമായിരുന്നില്ല. എങ്കിലും അവൻ അതു വിശ്വസിക്ക മൂലം തന്റെ ജീവിതം പാഴാക്കിക്കളഞ്ഞു. ദൈവം കഠിനനും അസാധ്യ കാര്യ ങ്ങൾ ആവശ്യപ്പെടുന്നവനുമെന്നു വിശ്വസിക്കുന്ന പല വിശ്വാസികളു ടെ അവസ്ഥയും ഇതുപോലെതന്നെ. തങ്ങളുടെ ഐഹികജീവിതം അവർ പാഴാക്കിക്കളയുന്നു. ന്യായവിധി ദിവ സത്തിൽ തങ്ങളുടെ നഷ്ടമായ ജീ വിതവും കഴിവുകളും ദൈവമു മ്പാകെ വെളിപ്പെടുകയും ചെയ്യും.

ദൈവം മറ്റുള്ളവരുടെ സന്തോഷം കെടുത്തുന്ന ഒരുവനല്ല. സന്തോ ഷഘോഷത്തോടെ അവിടുന്ന് നമ്മെക്കുറിച്ച് ആനന്ദിക്കുന്നു (സെഫ. 3:17). നമ്മോടു കൃപാർദ്രനും കരുണാശാലിയുമായിരിപ്പാനും ജീവി തത്തിൽ സർവോത്തമമായതു നമു ക്കു നൽകുവാനും അവിടുന്ന് ആഗ്ര ഹിക്കുന്നു. നന്മയും പരിപൂർണ്ണതയു മുള്ള ദാനങ്ങൾ മാത്രം അവിടുന്നു നൽകുന്നു. ഭൂമിയിൽ എന്നെങ്കിലും ജീവിച്ചിട്ടുള്ള അത്യുത്തമനായ ഒരു പിതാവിനെക്കാൾ അധികം സ്നേഹ വും ദയയും നിറഞ്ഞവനാണ് അവിടു

ന്ന്. തന്റെ മക്കൾക്ക് നല്ല കാര്യങ്ങൾ, സർവോപരിയായി പരിശുദ്ധാത്മാവെന്ന ദാനം, അവിടുന്നു നൽകുന്നു. സാധ്യമായ എല്ലാവിധത്തിലും നമ്മുടെ ജീവിതങ്ങളെ മഹത്വപൂർണ്ണമാക്കുവാൻ അവിടുന്ന് ആഗ്രഹിക്കുന്നു.

സാത്താൻ ദൈവത്തെക്കുറിച്ച് ഒരു തെറ്റായ ചിത്രം നമ്മുടെ മുമ്പിൽ വരച്ചു കാട്ടുവാൻ നാം അനുവദിക്കരുത്. നമ്മിലൂടെ മറ്റുള്ളവർക്ക് അപ്രകാരമൊരു തെറ്റായ ചിത്രം ദൈവത്തെപ്പറ്റി ലഭിക്കുവാനും നാം അനുവദിക്കരുത്. ദൈവത്തെ കഠിനനും കർശനക്കാരനുമായ ഒരുവനെന്നു സങ്കല്പിക്കുന്ന ആളുകൾ സാധാരണ തങ്ങളുടെ വിവാഹ പങ്കാളിയോടും മക്കളോടും മറ്റാളുകളോടുതന്നെയും കഠിനരും കർശനക്കാരുമായി പരിണമിക്കുന്നു.

സാത്താനു മേലാൽ നമ്മുടെമേൽ കുറ്റമാരോപിക്കുവാനോ ശിക്ഷാവിധിയിൽപ്പെട്ടവരെന്ന തോന്നൽ നമ്മിലുളവാക്കുവാനോ സാധിക്കാത്തവിധം ദൈവം നൽകിയ പാപക്ഷമയെപ്പറ്റി നാം പൂർണ്ണനിശ്ചയമുള്ളവരായിരിക്കണം.

വെളിപ്പാടു പുസ്തകത്തിൽ വീണ്ടും വീണ്ടും പരാമർശിച്ചിട്ടുള്ള ജയാളികളുടെ ജീവിതരഹസ്യം വെളി. 12:11-ൽ പറഞ്ഞിട്ടുള്ളതാണ്.

"അവർ അവനെ (സാത്താനെ അവന്റെ കുറ്റാരോപണങ്ങളെയും) കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായിട്ടും ജയിച്ചു; മരണപര്യന്തം തങ്ങളുടെ പ്രാണനെ സ്നേഹിച്ചതുമില്ല."

ഇവിടത്തെ പൂർവാപരക്രമം ശ്രദ്ധിക്കുക. കുഞ്ഞാടിന്റെ രക്തം തങ്ങളെ ശുദ്ധീകരിച്ചുവെന്ന നിശ്ചയം അവർക്ക് ഒന്നാമതു ലഭിച്ചു. അപ്പോൾ ക്രിസ്തുവിന്റെ രക്തം തങ്ങൾക്കുവേണ്ടി എന്തുചെയ്തുവെന്ന് അവർ സാത്താനോടു പറഞ്ഞു. അതായിരുന്നു അവരുടെ സാക്ഷ്യവചനം. അതിനുശേഷം മാത്രമാണ് അവർ ക്രൂശെടുത്തുകൊണ്ട് യേശുവിനെ അനുഗമിച്ചത് (മരണപര്യന്തം അവർ തങ്ങളുടെ പ്രാണനെ സ്നേഹിക്കാതിരുന്നത്). ഈ പൂർവാപരക്രമം ഒരിക്കലും തെറ്റിപ്പോകരുത്. ആദ്യം നാം ശിക്ഷാവിധിയിൽനിന്നു സ്വതന്ത്രരായി ത്തീരുന്നില്ലെങ്കിൽ യേശുവിനെ അനുഗമിക്കുവാൻ അസാധ്യമാണ്.

എല്ലാ സമയത്തും നമ്മുടെ ഉള്ളിലേക്കു നോക്കി നാം എത്ര അരിഷ്ടരെന്നു മനസ്സിലാക്കുന്നതുമൂലം നാം കൂടുതൽ വിശുദ്ധരാകുവാൻ പോകുന്നില്ല. നമ്മുടെ ഉള്ളിലേക്കു നോക്കിയല്ല, പിന്നെയോ യേശുവിനെ നോക്കിക്കൊണ്ടാണ് നാം നമ്മുടെ ഓട്ടം ഓടേണ്ടത് (എബ്രാ. 12:2).

ദൈവവചനം ഒരു കണ്ണാടി പോലെയാണ് (യാക്കോ. 1:23). പരിശുദ്ധാത്മാവ് അതിലൂടെ നമ്മുടെ അശുദ്ധിയല്ല, യേശുവിന്റെ മഹത്വം നമുക്കു കാണിച്ചുതരുവാനായി ആ കണ്ണാടി ദൈവം നമുക്കു നൽകിയിരിക്കുന്നു (2 കൊരി. 3:18 നോക്കുക). നാം യേശുവിന്റെ തേജസ്സ് അധികമധികം കാണുമ്പോൾ നാം എത്രമാത്രം അദ്ദേഹത്തിൽനിന്നു ഓരോ മേഖലയിലും വിഭിന്നരായിരിക്കുന്നുവെന്ന് സ്വാഭാവികമായി നാം മനസ്സിലാക്കും. എങ്കിലും അതു നമ്മെ നിരാശരാക്കുകയില്ല. എന്തെന്നാൽ ക്രിസ്തുവിന്റെ ആ സാദൃശ്യത്തിലേക്കു നമ്മെ രൂപാന്തരപ്പെടുത്തുവാനാണ് പരിശുദ്ധാത്മാവ് വന്നിട്ടുള്ളത്.

അതിനാൽ ദൈവം നമുക്കു തന്ന ഒരു താലന്തിനെ (ഒരു ജീവിതം) അവിടുത്തേക്കുവേണ്ടി പത്തു താലന്തു നേടുവാനായി നമുക്ക് ഉപയോഗിക്കാം. ■



വചനദീപം

## വിശുദ്ധ ജീവിതം - 9

(കഴിഞ്ഞ ലക്കം തുടർച്ച...)

# ആത്മിക ശക്തിയുടെ ചോർച്ച

**സാമുവൽ ലോഗൻ ബ്രെങ്കിൾ**

**ജയിംസ്** കോഗി എന്ന വിശുദ്ധൻ ഒരു ദിവസം വൈകുന്നേരം തന്റെ ഒരു സ്നേഹിതന്റെ ഭവനത്തിൽ ഭക്ഷണത്തിനായി ക്ഷണിക്കപ്പെട്ടു. അവിടെ കഴിഞ്ഞ സമയത്തിനിടയിൽ വിശ്വാസിക്കുചിതമല്ലാത്തതായ ഒരു സംഭാഷണത്തിലും താൻ ഏർപ്പെട്ടില്ല. എന്നാൽ പ്രസംഗിക്കുന്നതിനായി പ്രസംഗപീഠത്തിൽ കയറിയപ്പോൾ ശക്തിയറ്റ അനുഭവമാണ് അവനുണ്ടായത്. ശക്തിയോടുകൂടെ വചനം പ്രസംഗിപ്പാൻ അവനു കഴിഞ്ഞില്ല. തന്റെ സ്നേഹിതന്റെ ഭവനത്തിൽ കഴിച്ച സമയത്താണ് തന്റെ ശക്തി ചോർന്നു പോയതെന്ന് അവനു മനസ്സിലായി. ഇതുപോലെ അനേകരുടെയും ശക്തി നഷ്ടപ്പെട്ട അനുഭവങ്ങൾ ഞാൻ അറിഞ്ഞിട്ടുണ്ട്. എന്റെ ഒരു സ്നേഹിതനോടുകൂടെ ഒരിക്കൽ ഒരു യോഗത്തിനായി ഞാൻ പോയി. ആ സ്ഥലത്തു ചെന്നെത്തുന്നതിനിടയിൽ ദൈവികമായ കാര്യങ്ങളെക്കുറിച്ചല്ല അവൻ സംഭാഷിച്ചുകൊണ്ടിരുന്നത്. ലോകകാര്യങ്ങളെക്കുറിച്ച് അവൻ വളരെ നേരം സംഭാഷിച്ചു. അയോഗ്യമായ ഒരു കാര്യവും അവന്റെ സംഭാഷണവിഷയമായിരുന്നില്ല. എന്നാൽ ദൈവത്തിങ്കലും ദൈവിക കാര്യത്തിലും അവന്റെ ഹൃദയം ഏകാഗ്രപ്പെടുത്തി താൻ അഭിമുഖീകരിക്കേണ്ട ജനത്തിനു വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നതിനു പകരം മറ്റു കാര്യങ്ങളിലേക്ക് അവന്റെ ശ്രദ്ധ പതിഞ്ഞതു നിമിത്തം ദൈവശക്തി നഷ്ടപ്പെട്ടവനായത്രെ അവൻ പ്രസംഗപീഠത്തിൽ നില്ക്കാൻ ഇടയായത്. ആ യോഗം ഞാൻ നല്ലതുപോലെ ഓർക്കുന്നുണ്ട്. അവൻ ദൈവവചനം വായിച്ചു; എന്നാൽ അതിൽ ശക്തി വ്യാപരിച്ചിരുന്നില്ല. അനേക നല്ല കാര്യങ്ങൾ അവൻ ജനത്തെ ഉപദേശിച്ചു. എന്നാൽ അവന്റെ വാക്കുകളിൽ ദൈവാത്മ ശക്തിയുടെ വ്യാപാരം കാണ്മാനില്ലായിരുന്നു. അവന്റെ പ്രാർത്ഥന വെറും വാക്കുകൾ മാത്രമായിരുന്നു. അദ്ദേഹം ഒരു പിന്മാറ്റക്കാരനായിരുന്നില്ല. ആഴമായ ജീവിത അനുഭവം ഉള്ള ഒരു ദൈവദാസൻ തന്നെ ആയിരുന്നു. അതിസമർത്ഥനായ ഒരു വേലക്കാരനായിട്ടത്രേ ഞാൻ അദ്ദേഹത്തെ അറിഞ്ഞിട്ടുള്ളത്. ശാന്തമായി തന്റെ ഹൃദയത്തെ ദൈവസന്നിധിയിൽ ഏകാഗ്രമാക്കി ഹൃദയത്തിൽ ആത്മജ്വാല കത്തിക്കൊണ്ടിരിക്കുന്നതിനു പകരം വ്യർത്ഥമായ സംസാരത്തിൽ ഇടപെട്ടതായിരുന്നു അവന്റെ ശക്തി ചോർന്നു പോകുന്നതിനുള്ള കാരണം. “നീ അധമമായതു ഒഴിച്ച് ഉത്തമമായതു പ്രസ്താവിച്ചാൽ നീ എന്റെ വായ്പോലെ ആകും” (യിരെ. 15:19) എന്നത്രെ ദൈവം അരുളിച്ചെയ്തിരിക്കുന്നത്. ശക്തി നിറഞ്ഞവനായി

തനിക്കു ജനത്തിന്റെ മദ്ധ്യേ നില്ക്കാൻ കഴിയുമായിരുന്നു. അവന്റെ അധരങ്ങളെ ദൈവത്തിന്റെ ആയുധമായി ദൈവത്തിന് ഉപയോഗിപ്പാൻ കഴിയുമായിരുന്നു. അവന്റെ വാക്കുകൾ "ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേർവിടുവിക്കുംവരെ തുളച്ചു ചെല്ലുന്നതും ഹൃദയത്തിലെ ചിന്തകളെയും ഭാവങ്ങളെയും വിവേചിക്കുന്നതും" ആയിത്തീരാമായിരുന്നു. എന്നാൽ തന്റെ ശക്തി ഇല്ലാതെ പോയ ശിംശോനെപ്പോലെ അവൻ കേവലം ഒരു സാധാരണ മനുഷ്യനായിത്തീർന്നു.

വിശ്വാസികളുടെ ശക്തി ചോർന്നു പോകുന്നതിന് അനേക മുഖാന്തരങ്ങൾ ഉണ്ട്. സംഗീതത്തിൽ വളരെ താല്പര്യമുള്ള ഒരു ദൈവദാസനെ എനിക്കറിയാം. അവൻ യോഗങ്ങൾക്കായി വന്നാൽ ലഭിക്കുന്ന സമയമെല്ലാം തന്റെ സംഗീത ഉപകരണങ്ങൾ ഉപയോഗിച്ചു കൊണ്ടിരിക്കും. അതു തന്റെ ശക്തി ചോർന്നു പോകുന്നതിനു മുഖാന്തരമായിത്തീരുമെന്നു ഞങ്ങൾ പലപ്പോഴും അവനെ ഉപദേശിച്ചിട്ടുണ്ട്. എന്നാൽ അവൻ അത് അത്ര ഗണ്യമാക്കിയില്ല. അത് അവന്റെ പിന്മാറ്റത്തിനു കാരണമായിത്തീർന്നു.

കളിവാക്കുകൾ പറയുന്നതു നിമിത്തം ശക്തി നഷ്ടപ്പെട്ടിട്ടുള്ള ദൈവദാസന്മാരെ എനിക്കറിയാം. മറ്റുള്ളവരെ സന്തോഷിപ്പിക്കേണ്ടതിന് കെട്ടുകഥകളും നേരം പോക്കുകളും പറഞ്ഞുകൊണ്ട് ആത്മശക്തി നഷ്ടപ്പെടുത്തിയിട്ടുള്ളവർ അനേകരാണ്. ദൈവിക ചിന്തകളെ നമ്മിൽ നിന്ന് അകറ്റിക്കളയുന്ന സകലത്തിൽ നിന്നും വിശ്വാസികൾ അകന്നിരിക്കേണ്ടതാണ്. മറ്റുള്ളവരെ സന്തോഷിപ്പിക്കുന്ന വാക്കുകൾ വിശ്വാസികൾ പറയരുത് എന്നല്ല ഇത്രയും പറഞ്ഞതിന്റെ അർത്ഥം. എന്നാൽ ദൈവസാന്നിദ്ധ്യത്തെ മറന്നും ദൈവത്തോടുള്ള സഖിത്വം വിട്ടു കളഞ്ഞുമുള്ള സംസാരം വിശ്വാസിയെ ശക്തിഹീനമാക്കി തീർക്കുന്നതാണ്.

നമ്മുടെ പ്രവർത്തന രംഗങ്ങളിൽ ശക്തിയുടെ വ്യാപാരം ഉണ്ടാകണമെങ്കിൽ ദൈവാത്മാവിനോടുള്ള നിരന്തര ബന്ധത്തിൽ വിശ്വാസി ജീവിക്കേണ്ടതത്രേ. പരിശുദ്ധാത്മാവാണ് വിശ്വാസിയുടെ ജീവനും ശക്തിയും. അതിനു പകരമായി മറ്റൊന്നില്ല. പരിശുദ്ധാത്മാവിന്റെ സഹായത്തിനു വേണ്ടി നാം അപേക്ഷിക്കുമ്പോൾ താൻ നമ്മുടെ സഹായകനായി നമ്മുടെ പക്ഷത്തുണ്ട്. പരിശുദ്ധാത്മാവ് ഒരു യോഗത്തിൽ വ്യാപരിക്കുമ്പോൾ അവിടെ അത്ഭുതങ്ങൾ നടക്കും. പ്രസംഗപീഠത്തിൽ കയറുന്നതിനു മുമ്പ് ഒരു മണിക്കൂറെങ്കിലും തനിച്ചു ദൈവസന്നിധിയിൽ ഇരുന്നു പ്രാർത്ഥിക്കുന്ന മനുഷ്യനെ എനിക്കറിയാം. അവൻ പ്രസംഗിക്കുമ്പോൾ ദൈവാത്മാവിന്റെ ശക്തി യോഗങ്ങളിൽ വ്യാപരിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. ദൈവശക്തിക്കായി ആഗ്രഹിക്കുന്നവർ ദൈവത്തോടുള്ള നിരന്തര ബന്ധത്തിൽ ജീവിക്കേണ്ടതും ദൈവത്തോടു ചേർന്നു നടക്കേണ്ടതും ആണ്. യഹോവ തന്റെ സഖിത്വം അപ്രകാരമുള്ളവർക്കു നൽകുന്നു. അവൻ തന്റെ നിയമത്തെ അവരെ അറിയിക്കും. അവന്റെ അന്ധകാരത്തെ പ്രകാശമാക്കുകയും ദുർഘടങ്ങളെ നിരപ്പാക്കുകയും ജനങ്ങളെ രക്ഷയിലേക്കു നടത്താൻ അവനെ ആയുധമാക്കി ത്തീർക്കുകയും ചെയ്യും. ദൈവം അവന്റെ പക്ഷത്തു നിന്ന് അവനെ സഹായിക്കും. ഇപ്ര

▶ *ശേഷം പേജ് 36*



ബൈബിളിലൂടെ...

# കൊലൊസ്യർ

## 'ക്രിസ്തു നിങ്ങളിൽ'

**പൗലൊസ്** ഒരിക്കലും സന്ദർശിച്ചിട്ടില്ലാത്ത ഒരു പട്ടണമാണ് കൊലൊസ്യ. ഒരുപക്ഷേ പൗലൊസ് എഫെസോസിൽ താമസിച്ചിരുന്ന കാലത്തു പൗലൊസിന്റെ ശിഷ്യന്മാരിലൊരാൾ, ചിലപ്പോൾ എപ്പഫ്രാസ്, ആയിരിക്കാം മരുപ്രദേശത്തേക്കു ചെന്ന് അവിടെ ഒരു സഭ സ്ഥാപിച്ചത്. അങ്ങനെ പൗലൊസ് ആ സഭയെക്കുറിച്ചു വളരെക്കാര്യങ്ങൾ എപ്പഫ്രാസിൽ നിന്നും അറിഞ്ഞിരുന്നു. അതുകൊണ്ട് ആ സഭയെക്കുറിച്ച് അദ്ദേഹത്തിനു പ്രത്യേക താത്പര്യവും ഉണ്ടായിരുന്നു. എഫെസ്യ ലേഖനവും കൊലൊസ്യ ലേഖനവും 'ഇരട്ട പിറന്ന കുട്ടികളെ'പ്പോലെയാണെന്നു വേണമെങ്കിൽ നമുക്കു കരുതാം.



*ആർക്കു വേണ്ടിയാണ് കരിമ്പ് ചതഞ്ഞരഞ്ഞത്? ആർക്കോ അതിന്റെ നീരു കുടിക്കുവാൻ വേണ്ടി. അപ്രകാരമാണു ദൈവം നമ്മെ മറ്റുള്ളവർക്ക് ഒരു അനുഗ്രഹമാക്കി മാറ്റുന്നത്.*

എഫെസ്യ ലേഖനത്തിന്റെ പ്രമേയം 'ക്രിസ്തുവിൽ' എന്നാണെങ്കിൽ, കൊലൊസ്യ ലേഖനത്തിന്റെ പ്രമേയം "ക്രിസ്തു നിങ്ങളിൽ" എന്നാണ്. 1:27ൽ നാം കാണുന്നു: "മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു" എന്ന്. എഫെസ്യ ലേഖനത്തിൽ ക്രിസ്തുവിലുള്ള നമ്മുടെ സ്ഥാനത്തെക്കുറിച്ചു നാം വായിക്കുന്നു. സ്വർഗ്ഗത്തിലെ സകല ആത്മികാനുഗ്രഹങ്ങളാലും ദൈവം നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്നു എന്ന്. കൊലൊസ്യരിലാണ് ഇതിന്റെ മറുവശം നാം കണ്ടെത്തുന്നത്. അതു ക്രിസ്തു നമ്മിൽ ഇരിക്കുന്നു എന്നതാണ്. ഫലം താൻ ഈ ഭൂമിയിലായിരുന്നപ്പോഴുള്ള സ്വർഗ്ഗീയ ജീവനെ തനിക്കു നമ്മിൽ വെളിപ്പെടുത്താൻ ക്രിസ്തുവിനു കഴിയും! അതുകൊണ്ടു കൊലൊസ്യ ലേഖനത്തിന്റെ ഊന്നൽ ദൈവത്തിന്റെ സകല സമ്പൂർണ്ണതയും ക്രിസ്തുവിൽ ദേഹരൂപമായി വസിക്കുന്നു (2:9) എന്നതിലാണ്. ദൈവത്തിന്റെ സകല സമ്പൂർണ്ണതയും ദൈവരൂപത്തിൽ ആദ്യമായി വസിച്ചത് യേശുക്രിസ്തുവിലായിരുന്നു. ഇന്ന് അതേ പൂർണ്ണത നമ്മിലൂടെയും വെളിപ്പെടുത്തുവാൻ ദൈവം തിരുമനസ്സായിരിക്കുന്നു എന്നത്രേ. ഈ ലേഖനത്തിന്റെ പ്രധാന ആശയം ഇതു തന്നെ.

ഈ ലേഖനത്തിൽ മനുഷ്യശരീരത്തെക്കുറിച്ചുള്ള രണ്ടു തെറ്റായ വാദഗഗതികളെ പൗലൊസ് തിരുത്തുന്നു. ഈ തെറ്റായ വാദഗതികൾ വ്യാജമതങ്ങളിലുൾപ്പെടെ നമുക്കു കണ്ടെത്താൻ കഴിയും.

അതിലെ ഒന്നാമത്തെ വാദം: മനുഷ്യശരീരം അതിൽത്തന്നെ തിന്മയാണ്. അതുകൊണ്ടു ഒരു വ്യക്തി ആത്മീയനായിത്തീരുമ്പോൾ ശരീരത്തെ മുഴുവനായും അടിച്ചമർത്തുകയും ആഗ്രഹങ്ങളെ നിഗ്രഹിക്കുകയും ചെയ്യേണ്ടതാണ്. ശാരീരിക പീഡനത്തിലൂടെ, യോഗയിലൂടെ, ശരീരത്തിന്റെ മറ്റു ശിക്ഷണങ്ങളിലൂടെയൊക്കെ വിശുദ്ധി പ്രാപിക്കാൻ ശ്രമിക്കുന്ന ഇന്നത്തെ എല്ലാ മതങ്ങളിലും ഈ ഉപദേശങ്ങൾ നമുക്കു കാണാൻ കഴിയും. കൊലൊസ്യ ലേഖനം രണ്ടാം അദ്ധ്യായത്തിന്റെ അവസാന ഭാഗത്തു പൊലൊസ് ഇക്കാര്യങ്ങളെക്കുറിച്ചു പറയുന്നതു നമുക്കു വായിക്കാം. മനുഷ്യശരീരത്തെക്കുറിച്ചുള്ള മറ്റൊരു വാദഗതി അതു പ്രസക്തമല്ലാത്ത ഒന്നാണ് എന്നതാണ്. ആത്മാവിനു മാത്രമാണ് പ്രാധാന്യമുള്ളത്. അതുകൊണ്ടു ശരീരത്തിന്റെ പ്രവൃത്തികളെ, കാമനകളെ, യഥേഷ്ടം വിഹരിക്കാൻ വിടുന്നതിൽ അപാകതയൊന്നുമില്ല എന്നുള്ളതാണ്. മതത്തിന്റെ പേരിൽ ദുർന്നടപ്പും ലൈംഗിക കേളികളും പ്രചാരത്തിലായതിന്റെ കാരണം ഈ ഉപദേശമാണ്. 'ദേവദാസി സമ്പ്രദായ'ത്തെക്കുറിച്ചും ഒക്കെ നിങ്ങൾ കേട്ടിരിക്കുമല്ലോ. മനുഷ്യശരീരത്തെക്കുറിച്ച് ഈ രണ്ടു കാഴ്ചപ്പാടുകളും നൂറ്റാണ്ടുകളായി മനുഷ്യർ വച്ചുപുലർത്തിയിരുന്നു. ഈ രണ്ടു കാഴ്ചപ്പാടുകളിലും ശരീരം അധമമെന്ന സമീപനമായിരുന്നു ഉണ്ടായിരുന്നത്. ഇതു കാരണം സർവ്വശക്തനായ ദൈവത്തിനു മനുഷ്യശരീരത്തിൽ വന്നു വസിക്കാൻ കഴിയല്ലെന്നും ഭൂമിയിൽ നടന്നുകൂടാ എന്നും കൊലൊസ്യയിൽ ചിലർ വിശ്വസിച്ചിരുന്നു. ഇന്നും യേശുക്രിസ്തു ജഡത്തിൽ വന്നു എന്നുള്ളതിന് തങ്ങളുടെ പ്രായോഗിക ജീവിതത്തിൽ സാംഗത്യം

ഉണ്ടെന്നു വിശ്വസിക്കാത്തവരാണ് ഒട്ടേറെ ക്രിസ്ത്യാനികളും.

യേശുക്രിസ്തു ദൈവമാണ് - എക്കാലവും അങ്ങനെ തന്നെ ആയിരുന്നു. ഭൂമിയിൽ വന്ന ശേഷവും ദൈവമായിരുന്നു. അതൊടൊപ്പം അവിടുന്ന് ഒരു പൂർണ്ണ മനുഷ്യനായും തീർന്നു. ഈ രണ്ടു സത്യങ്ങളും ഒരുപോലെ പ്രാധാന്യമുള്ളതാണ്. ഈ രണ്ടു സത്യങ്ങളിൽ ഏതെങ്കിലും ഒന്നിനുള്ള പ്രാധാന്യം മങ്ങിയാൽ നമ്മുടെ പ്രായോഗിക ജീവിതത്തിനും അതേ അളവിൽ നഷ്ടം സംഭവിക്കും.

യേശുക്രിസ്തു ദൈവമാണെന്നു നാം വിശ്വസിക്കുന്നില്ലെങ്കിൽ നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെടുകയില്ല. കാരണം ദൈവത്തിനല്ലാത്ത മറ്റാർക്കും നമ്മുടെ പാപങ്ങൾക്കുള്ള ശിക്ഷ ക്രൂശിന്മേൽ വഹിച്ച് അതിനെ ഒഴിക്കാൻ കഴിയില്ല.

യേശു നമ്മേപ്പോലെ ഒരു മനുഷ്യനാണ് എന്നു നാം വിശ്വസിക്കുന്നില്ലെങ്കിൽ, "സകലത്തിലും തന്റെ സഹോദരന്മാരോടു സദൃശൻ" (എബ്രാ. 2:17) എന്നത് അംഗീകരിച്ചില്ലെങ്കിൽ, നമുക്കൊരിക്കലും തന്നെ അനുഗമിക്കുവാൻ കഴിയില്ല. കാരണം ദൈവം മാത്രമായിരിക്കുന്ന ഒരു വ്യക്തിയെ നമുക്ക് അനുഗമിപ്പാൻ കഴിയില്ല. എന്നാൻ ദൈവമെന്ന നിലയിലുള്ള തന്റെ എല്ലാ അവകാശങ്ങളും പദവികളും വിട്ടുകളഞ്ഞ ശേഷമായിരുന്നു യേശു ഭൂമിയിൽ നടന്നത്. നമ്മുടെ മാനുഷികമായ പരിമിതകളോടെ (ഫിലി. 2:5). അതുകൊണ്ടു നമുക്കു അവിടുത്തെ അനുഗമിപ്പാൻ കഴിയും.

പാപം എന്നത് ശരീരത്തിൽ കാണുന്ന ഒന്നല്ല. നിങ്ങൾക്ക് ഒരു ശരീരമുള്ളതുകൊണ്ടല്ല നിങ്ങൾ പാപം ചെയ്യുന്നത്. യേശുവിനു നമ്മപ്പോലെയുള്ള ഒരു ശരീരം തന്നെ ഉണ്ടായിരുന്നു. തന്റെ അമ്മയിൽ നിന്ന് ആയിരുന്നു ആ ശരീരം ഉത്ഭവിച്ചത്. ദാവീദിന്റെ സന്തതിയായി (2 തിമൊ. 2:8– കിങ് ജെയിംസ് തർജ്ജമ). ഗ്രീക്കു മൂലത്തിൽ 'ദാവീദിന്റെ ബീജം' എന്നാണ് പ്രയോഗം). നമ്മെപ്പോലെ ഒരു ശരീരമാണുണ്ടായിരുന്നതെങ്കിലും ആ ശരീരത്തിൽ പാപം ഉണ്ടായിരുന്നില്ല– ബോധപൂർവ്വമോ അബോധപൂർവ്വമോ ആയ പാപം. ജനനം മുതൽ മരണം വരെയും അവിടുന്നു പാപമില്ലാത്തവനായിരുന്നു.

ഇതേ സമയം ശരീരമില്ലാത്ത സാത്താൻ പാപപൂർണ്ണനുമാണ്.

പാപത്തിനു മനുഷ്യശരീരവുമായി ബന്ധമില്ലെന്നു നാം കണ്ടു. പരീക്ഷയോ പ്രലോഭനങ്ങളോ ഉണ്ടാകുമ്പോൾ നാം തീരുമാനങ്ങളാണ് എടുക്കുന്നത്. പാപം പ്രവൃത്തിക്കാൻ നമ്മുടെ ശരീരത്തെ വിട്ടുകൊടുക്കണോ അതോ വിശുദ്ധിയും ദൈവത്തിന്റെ ജീവനും നമ്മിലൂടെ വെളിപ്പെടുത്തണമോ എന്ന്.

ദൈവത്തിന്റെ സകല സമ്പൂർണ്ണതയും ദൈവരൂപത്തിൽ ക്രിസ്തുവിൽ വസിച്ചിരുന്നുവെന്നും ആ ക്രിസ്തു നമ്മിൽ വസിക്കുന്നു എന്നുള്ളതുമാണല്ലോ കൊലൊസ്യ ലേഖനത്തിന്റെ പ്രധാന പ്രമേയം. ക്രിസ്തുവിനും സകല സൃഷ്ടിയിലും വീണ്ടെടുപ്പിലും ഉപരിയായുള്ള ശ്രേഷ്ഠതയെക്കുറിച്ചു പറയുന്നു. പ്രഥമമായി പൗലൊസ് കൊലൊസ്യർക്കു വേണ്ടി ദൈവത്തോടു നന്ദി പറയുന്നു. അതോടൊപ്പം താൻ ലേഖനമെഴുതുന്ന സഭകൾക്കൊക്കെയും വേണ്ടി പ്രാർത്ഥിക്കുന്നതു പോലെ കൊലൊസ്യർക്കു വേണ്ടിയും പ്രാർത്ഥിക്കുന്നു. 'ഞങ്ങൾ അതു

കേട്ട നാൾ മുതൽ നിങ്ങൾക്കു വേണ്ടി ഇടവിടാതെ പ്രാർത്ഥിക്കുന്നു” (1:9). പൗലൊസ് ഒരിക്കലും കണ്ടിട്ടില്ലാത്തവർക്കു വേണ്ടിയാണ് ഇവിടെ പ്രാർത്ഥിക്കുന്നത് (1:7,8). തന്റെ സഹപ്രവർത്തകനായ എപ്പഫ്രാസ് ആണ് ഇവിടെ സഭ സ്ഥാപിച്ചത്. ഈ വിശ്വാസികളെക്കുറിച്ച് പൗലൊസിനോടു പറഞ്ഞതും എപ്പഫ്രാസ് തന്നെ.

അപ്പൊസ്തലനായ പൗലൊസിന്റെ പ്രാർത്ഥനകളെക്കുറിച്ചുള്ള ഒരു വേദപഠനം നടത്തുന്നതു നന്നായിരിക്കും. റോമർ മുതൽ 2 തിമൊഥെയോസ് വരെ പല പ്രാർത്ഥനകൾ ലേഖനങ്ങളിൽ പൗലൊസിന്റേതായി രേഖപ്പെടുത്തിയിട്ടുണ്ട്. നിങ്ങൾ ഇതു ശ്രദ്ധിച്ചാൽ വിശ്വാസികൾക്കു വേണ്ടി ആത്മീയ കാര്യങ്ങൾ മാത്രമേ പൗലൊസ് പ്രാർത്ഥിച്ചിട്ടുള്ളു എന്നു കണ്ടെത്തുവാൻ കഴിയും. ക്രിസ്ത്യൻ സഹോദരങ്ങളുടെ സാമ്പത്തിക അഭിവൃദ്ധിക്കു വേണ്ടിയോ, നല്ല വീടുകൾക്കു വേണ്ടിയോ നല്ല ഉദ്യോഗങ്ങൾ ലഭിക്കാനോ ഒന്നും അദ്ദേഹം പ്രാർത്ഥിക്കുന്നില്ല എന്നു കാണാൻ കഴിയും. യാതൊരു ഭൗതിക കാര്യങ്ങൾക്കും വേണ്ടി പൗലൊസ് പ്രാർത്ഥിക്കുന്നില്ല എന്നു കണ്ടെത്താം. ഈ ഭൂമിയിലെ കാര്യങ്ങളൊക്കെ അല്പ സമയത്തേക്കു മാത്രമുള്ളതാണെന്ന ബോധം പൗലൊസിന് ആഴത്തിൽ ഉണ്ടായിരുന്നു.

വിശ്വാസികൾക്കു വേണ്ടി ആത്മീയ കാര്യങ്ങൾ മാത്രമേ പൗലൊസ് പ്രാർത്ഥിച്ചിട്ടുള്ളു എന്നു കണ്ടെത്തുവാൻ കഴിയും. ക്രിസ്ത്യൻ സഹോദരങ്ങളുടെ സാമ്പത്തിക അഭിവൃദ്ധിക്കു വേണ്ടിയോ, നല്ല വീടുകൾക്കു വേണ്ടിയോ നല്ല ഉദ്യോഗങ്ങൾ ലഭിക്കാനോ ഒന്നും അദ്ദേഹം പ്രാർത്ഥിക്കുന്നില്ല എന്നു കാണാൻ കഴിയും. യാതൊരു ഭൗതിക കാര്യങ്ങൾക്കും വേണ്ടി പൗലൊസ് പ്രാർത്ഥിക്കുന്നില്ല എന്നു കണ്ടെത്താം. ഈ ഭൂമിയിലെ കാര്യങ്ങളൊക്കെ അല്പ സമയത്തേക്കു മാത്രമുള്ളതാണെന്ന ബോധം പൗലൊസിന് ആഴത്തിൽ ഉണ്ടായിരുന്നു.

ഒരു ദൃഷ്ടാന്തത്തിനായി നമ്മുടെ നിത്യതയിലേക്കുള്ള യാത്രയെ ഒരു തീവണ്ടി യാത്രയോട് തുലനം ചെയ്യാം. ഈ യാത്ര ഒരു ഹ്രസ്വമായ സമയത്തേക്കുള്ളതാണ്. അതു കഴിയുമ്പോൾ നാം ലക്ഷ്യസ്ഥാനത്തെത്തിച്ചേരും. നാം ബുദ്ധിമാന്മാരെങ്കിൽ സുഖകരമായ ഒരു യാത്രയെക്കാൾ എത്തിച്ചേരുന്നിടത്തു സുഖകരമായ ഒരു ജീവിതത്തിനാവശ്യമായതൊക്കെ നാം ഒരുക്കും. അതുകൊണ്ടു പൗലൊസ് വിശ്വാസികൾക്കുവേണ്ടി നിത്യതയിൽ അവർ ഖേദിക്കാതിരിക്കാൻ തക്കവണ്ണം ഭൂമിയിലെ ജീവിതം ആയിരിക്കേണ്ടതിന് പ്രാർത്ഥിക്കുന്നു.

അവർ “ആത്മീയമായ സകല ജ്ഞാനത്താലും വിവേകത്താലും തന്റെ ഇഷ്ടത്തിന്റെ പരിജ്ഞാനം കൊണ്ടു നിറഞ്ഞു വരേണം” (1:10) എന്നു പൗലൊസ് പ്രാർത്ഥിച്ചു. മറ്റൊരു അർത്ഥത്തിൽ “എല്ലാ കാര്യങ്ങളെയും ദൈവത്തിന്റെ കാഴ്ചപ്പാടിലൂടെ നിങ്ങൾ കാണണമെന്നു

**രോഗങ്ങൾ, ജഢത്തിലെ ശൂലം, മോശമായി പെരുമാറുന്ന വ്യക്തികൾ- ഇവയെ നിങ്ങൾ എങ്ങനെയാണ് കാണുന്നത്? അവയെ ഒക്കെ ദൈവത്തിന്റെ കാഴ്ചപ്പാടിലൂടെ കാണാൻ പഠിക്കുക. ഇക്കാര്യം നിങ്ങൾക്കു സംഭവിച്ചപ്പോൾ ദൈവം അത്ഭുതപ്പെട്ടോ? ഒരിക്കലുമില്ല. പക്ഷേ അതു നിങ്ങളെ അത്ഭുതപ്പെടുത്തി. കാരണം നിങ്ങൾ സ്ഥലകാല പരിമിതികളുള്ള കേവല മനുഷ്യരാണ്. എന്നാൽ മനസ്സിലാക്കുക, ദൈവം ഒട്ടും തന്നെ അത്ഭുതപ്പെട്ടില്ല. അതുകൊണ്ടു നാം ദൈവത്തിന്റെ കാഴ്ചപ്പാടിലേക്കു മാറുമ്പോൾ നിങ്ങളെ ഭാരപ്പെടുത്തിയിരുന്ന പല കാര്യങ്ങളിൽ നിന്നും നിങ്ങൾക്കും സമാധാനം ലഭിക്കും.**

ഞാൻ പ്രാർത്ഥിക്കുന്നു" (ജെ.ബി. ഫിലിപ്സ് പരാവർത്തനം). നിങ്ങളുടെ ശരീരത്തെ ദൈവത്തിന്റെ കാഴ്ചപ്പാടിലൂടെ കാണുക. അതിനെ നിന്ദിക്കുകയോ അതിൽ പുകഴുകയോ അഭിരമിക്കുകയോ പാടില്ല. യേശു വന്നത് നിങ്ങളുടേതു പോലുള്ള ഒരു ശരീരത്തിലാണ്. അതുകൊണ്ടു ശരീരത്തെ നിന്ദിക്കരുത്. ജീവിതത്തിലെ എല്ലാ കാര്യങ്ങളെയും ദൈവത്തിന്റെ കാഴ്ചപ്പാടിലൂടെ കാണുക. "ദൈവമേ, എന്റെ ജീവിതത്തിൽ സംഭവിക്കുന്ന എല്ലാ കാര്യങ്ങളെയും അങ്ങയുടെ കാഴ്ചപ്പാടിലൂടെ കാണുവാൻ എന്നെ സഹായിക്കണമേ" എന്നത് വളരെ നല്ല ഒരു പ്രാർത്ഥനയാണ്.

രോഗങ്ങൾ, ജഢത്തിലെ ശൂലം, മോശമായി പെരുമാറുന്ന വ്യക്തികൾ- ഇവയെ നിങ്ങൾ എങ്ങനെയാണ് കാണുന്നത്? അവയെ ഒക്കെ ദൈവത്തിന്റെ കാഴ്ചപ്പാടിലൂടെ കാണാൻ പഠിക്കുക. ഇക്കാര്യം നിങ്ങൾക്കു സംഭവിച്ചപ്പോൾ ദൈവം അത്ഭുതപ്പെട്ടോ? ഒരിക്കലുമില്ല. പക്ഷേ അതു നിങ്ങളെ അത്ഭുതപ്പെടുത്തി. കാരണം നിങ്ങൾ സ്ഥലകാല പരിമിതികളുള്ള കേവല മനുഷ്യരാണ്. എന്നാൽ മനസ്സിലാക്കുക, ദൈവം ഒട്ടും തന്നെ അത്ഭുതപ്പെട്ടില്ല. അതുകൊണ്ടു നാം ദൈവത്തിന്റെ കാഴ്ചപ്പാടിലേക്കു മാറുമ്പോൾ നിങ്ങളെ ഭാരപ്പെടുത്തിയിരുന്ന പല കാര്യങ്ങളിൽ നിന്നും നിങ്ങൾക്കും സമാധാനം ലഭിക്കും. മുമ്പ് നിങ്ങൾ ഭൗമിക കാഴ്ചപ്പാടിൽ അവയെ കണ്ടിരുന്നു.

ദൈവത്തിന്റെ കാഴ്ചപ്പാടിലൂടെ കാണുവാൻ പഠിച്ച ആളുകളുടെ ഒരു സഭയെ നിങ്ങൾ പണിയുമ്പോൾ അതൊരു ആത്മീയ കൂട്ടായ്മയായി മാറുന്നു. ഒരുപാട് സുവിശേഷ പ്രവർത്തനങ്ങളും മറ്റു സാമൂഹിക സേവനങ്ങളും ഒക്കെ ആകുമ്പോൾ സഭയുടെ ആത്മീയതയിൽ ശോഷണം സംഭവിക്കുന്നു. എല്ലാ കാര്യങ്ങളെയും ദൈവത്തിന്റെ കാഴ്ചപ്പാടിലൂടെ കാണുവാൻ നമുക്കു കഴിയണം. അപ്പോൾ മാത്രമേ "കർത്താവിനു യോഗ്യമാകും വണ്ണം നടന്ന്... സകല സൽപ്രവൃത്തിയിലും ഫലം കായ്ച്ച്" (1:10) വളരാൻ കഴിയൂ. തുടർന്ന് "അവന്റെ മഹത്വത്തിന്റെ വല്ലഭത്വത്തിനൊത്ത വണ്ണം പൂർണ്ണ ശക്തിയോടെ ബലപ്പെടേണ"മെന്നു പൗലൊസ് പറയുന്നു

(1:11). അതു പരിശുദ്ധാത്മ ശക്തിയാൽ നിറഞ്ഞ ഒരു ജീവിതത്തെ കാണിക്കുന്നു.

യേശുക്രിസ്തു ഈ ഭൂമിയിലായിരുന്നപ്പോഴും ദൈവം തന്നെ ആയിരുന്നു എന്നുള്ളതിന്റെ ഏറ്റവും വ്യക്തമായ പുതിയ നിയമ വിശദീകരണമാണ് കൊലൊസ്യർ 1:15ലേത്. (ആർക്കെങ്കിലും അക്കാര്യത്തിൽ സംശയമുണ്ടെങ്കിൽ). “അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും സർവ്വസൃഷ്ടിക്കും ആദ്യജാതനുമാകുന്നു.” എന്നു വച്ചാൽ അവിടുന്നു ദൈവം മനുഷ്യരൂപത്തിൽ അവതരിച്ചതായിരുന്നു. സൃഷ്ടിച്ച എല്ലാറ്റിന്റെയും ആരംഭം അവിടുന്നായിരുന്നു. എല്ലാ സൃഷ്ടികൾക്കും മുമ്പേ അവിടുന്ന് ഉണ്ടായിരുന്നു. അവിടുന്നു സകലവും സൃഷടിച്ചു. (1:15-17-ൽ കാണുമ്പോലെ), യേശുവിനു ഒരു ജഡശരീരം ഉണ്ടായിരുന്നില്ല എന്നു ചില ആളുകൾ പറഞ്ഞിരുന്നതിനാൽ 1:22-ൽ യേശുവിന്റെ ‘ജഡശരീര’ത്തെക്കുറിച്ചു ഊന്നിപ്പറഞ്ഞിരിക്കുന്നു.

1:24ൽ “ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവായുള്ളതു എന്റെ ജഡത്തിൽ സഭയായ അവന്റെ ശരീരത്തിനുവേണ്ടി പൂരിപ്പിക്കുന്നു.” എന്നു പൗലൊസ് പറയുന്നു. ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവുള്ളത് എന്താണ്? ക്രൂശിൽ ‘‘നിവൃത്തിയായി” എന്നു തന്നെയല്ലേ യേശു പറഞ്ഞത്? ഇവിടെ ഒരു വലിയ സത്യം ഒളിഞ്ഞു കിടപ്പുണ്ട്.

യേശുക്രിസ്തുവിന്റെ ശാരീരിക പീഡകളെ സംബന്ധിച്ചു നാം സുവിശേഷങ്ങളിൽ വായിക്കുന്നുണ്ട്. എന്നാൽ സുവിശേഷങ്ങളിൽ രേഖപ്പെടുത്താത്ത വലിയ കഷ്ടം യേശു തന്റെ പ്രാണനിൽ അനുഭവിച്ചു. ‘എല്ലാം നിവൃത്തിയായി’ എന്നു ക്രൂശിൽ വച്ചു പറഞ്ഞപ്പോൾ മനുഷ്യന്റെ പാപത്തിന്റെ വില നൽകിക്കഴിഞ്ഞു എന്നു മാത്രമല്ല, ഏതൊരു മനുഷ്യനും ഏതു കാലഘട്ടത്തിലും അഭിമുഖീകരിക്കാനിടയുള്ള ഒരു വലിയ നിര പരീക്ഷകളെയും താൻ അഭിമുഖീകരിച്ചു ജയം നേടി എന്നും കൂടി അതു അർത്ഥമാക്കുന്നു. നാം നേരിടുന്ന എല്ലാ പരീക്ഷകളെയും താൻ നേരിട്ടു ജയം പ്രാപിച്ചു (എബ്രാ. 4:15). എല്ലാ പരീക്ഷകളിലും വഴങ്ങിക്കൊടുത്ത് അതിന്റെ സുഖരസങ്ങൾ നുണയുന്നതിനും എതിർത്തു നിന്നു കഷ്ടം സഹിക്കുന്നതിനുമുള്ള മാർഗങ്ങൾ നമ്മുടെ മുമ്പിൽ തുറന്നു കിടക്കുന്നു. യേശു നിരന്തരം തിരഞ്ഞെടുത്തിരുന്നത് ചെറുത്തു നില്പിന്റെയും സഹനത്തിന്റെയും വഴിയായിരുന്നു. ‘‘ക്രിസ്തു ജഡത്തിൽ കഷ്ടമനുഭവിച്ചു” (1 പത്രൊ. 4:1). അങ്ങനെയാണ് യേശു നമുക്കു മാതൃക ആയത്. ഇന്നു നമുക്കു അവിടുത്തെ കാൽച്ചുവടുകളെ പിന്തുടർന്നു മറ്റുള്ളവർക്കു കൊച്ചു മുന്നോടികളാകുവാൻ കഴിയും. പാപത്തിനു നാം പ്രലോഭിപ്പിക്കപ്പെടുമ്പോൾ ജഡത്തിൽ കഷ്ടം സഹിക്കുന്ന യേശുവിന്റെ വഴിയിലേക്ക് ഒരു തിരഞ്ഞെടുപ്പിനായി പരിശുദ്ധാത്മാവു നമ്മെ നടത്തുന്നു. 1:24-ൽ പൗലൊസ് പറയുന്നത് യേശു തന്റെ ജീവിതത്തിൽ പൂർത്തീകരിച്ച കഷ്ടാനുഭവങ്ങളെല്ലാം താൻ പൂർത്തീകരിച്ചിട്ടില്ല എന്നാണ്.

സത്യത്തിനു വേണ്ടി നിലകൊണ്ടതിനാൽ ബാഹ്യമായി വളരെ കഷ്ടം സഹിക്കേണ്ടി വന്നു യേശുവിന്. യേശുവിന്റെ കഷ്ടങ്ങളെ നാം ഒരു ഗ്ലാസ്സിൽ നിറയ്ക്കുന്നു എന്നു കരുതുക. താൻ സഹിക്കുവാൻ തിരഞ്ഞെടുത്ത കഷ്ടങ്ങൾ ഓരോന്നായി

തുള്ളി കണക്കെ ഗ്ലാസ്സിൽ നിറഞ്ഞു കൊണ്ടിരുന്നു. അവസാനമായി ക്രൂശിൽ "നിവൃത്തിയായി" എന്നു പറയുമ്പോഴേക്കും അവസാന തുള്ളിയും ഒഴുകിയെത്തി ആ ഗ്ലാസ് നിറഞ്ഞു. ഇപ്പോൾ നാം യേശുവിന്റെ കാൽച്ചുവടുകളെ അനുഗമിക്കുകയാണ്. നമുക്കും തന്നെപ്പോലെ ഒരു ശരീരം ഉണ്ട്. പരിശുദ്ധാത്മാവ് അതേപോലെ ഗ്ലാസ് നിറയ്ക്കുന്ന ഒരു പ്രവൃത്തി ഇവിടെയും ചെയ്തുകൊണ്ടിരിക്കുന്നു. നാം വീണ്ടും ജനിക്കുന്ന സമയത്തു നമ്മുടെ ഗ്ലാസ്സുകൾ ശൂന്യമാണ്. കാരണം നാം ക്രിസ്തുവിനു വേണ്ടി ഒന്നും സഹിച്ചിട്ടില്ല. ക്രമേണ കാലത്തിന്റെ ഒഴുക്കിൽ ഈ ഗ്ലാസ്സും നിറഞ്ഞു തുടങ്ങുന്നു- കർത്താവിനു വേണ്ടി നാം സഹിക്കുന്നതനുസരിച്ച്. ഭൂമിയിൽ ജീവിച്ചിരുന്ന ക്രിസ്തു തന്നെ ഇന്നും നമ്മിൽ ജീവിക്കുന്നു. അവിടുന്നു നമ്മുടെ ശരീരത്തെ താൻ അനുഭവിച്ച കഷ്ടങ്ങളിലൂടെ കൊണ്ടുപോകുവാൻ ആഗ്രഹിക്കുന്നു. ദാസൻ യജമാനനെക്കാൾ വലിയവനല്ല. തന്റെ എല്ലാ കഷ്ടങ്ങളും നമ്മുടെ ശരീരത്തിൽ നിറവേറേണ്ടിയിരിക്കുന്നു. അതൊരു വലിയ പദവിയാണ്. പൗലൊസ് പറഞ്ഞത് തന്റെ ഗ്ലാസ് ഇതുവരെ നിറഞ്ഞിട്ടില്ല എന്നത്രേ.

തങ്ങൾ കഷ്ടങ്ങളിലൂടെ കടന്നുപോകുമ്പോൾ ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ പങ്കാളിയാവുകയാണ് എന്ന് അധികം ക്രിസ്ത്യാനികളും മനസ്സിലാക്കുന്നില്ല. നാം ഭോഷത്തമായിട്ടോ പാപകരമായിട്ടോ എന്തെങ്കിലും ചെയ്യുന്നതിന്റെ ഫലമായിട്ടുള്ള കഷ്ടങ്ങളെക്കുറിച്ചല്ല ഞാൻ പറയുന്നത്. യേശു ഒരിക്കലും ഭോഷത്തങ്ങളോ പാപമോ ചെയ്തിട്ടില്ല. യേശു കഷ്ടം അനുഭവിച്ചത് അവിടുത്തെ നിലപാടുകൾ ലോകത്തിന്റെ മൂല്യങ്ങൾക്ക് എതിരായിരുന്നു എന്നതുകൊണ്ടാണ്. തന്റെ കാലഘട്ടത്തിലെ ബൈബിൾ പണ്ഡിതന്മാർക്കും ശാസ്ത്രിമാർക്കും എന്നും ആശയസംഘർഷമുണ്ടാക്കുന്ന ഒരു ശുശ്രൂഷയായിരുന്നു യേശുവിന്റേത്. അവർ യേശുവിനെ വെറുക്കുകയും ഒടുവിൽ കൊല്ലുകയും ചെയ്തു.

ഇന്നും കാര്യങ്ങൾ അങ്ങനെ തന്നെയാണ്. നാം ക്രിസ്തുവിന്റെ ശിഷ്യന്മാരെങ്കിൽ ഇന്നു ലോകത്തിൽ കാണുന്ന മത സംവിധാനങ്ങൾക്കും വേദപണ്ഡിതന്മാർക്കും വേദശാസ്ത്രത്തിനുമൊക്കെ ആശയസംഘർഷമുണ്ടാക്കുന്ന ശുശ്രൂഷയായിരിക്കും നമ്മുടേത്. വളരെ ശക്തരും ദൈവത്തെ അറിയാത്തവരുമായ ആളുകൾക്ക് അത് അസുഖകരമായിരിക്കാം. യേശുവിനെ 'ബെയേൽസെബൂൽ' എന്നു വിളിച്ചതാരാണ്? ഗ്രീക്കുകാരോ റോമാക്കാരോ അല്ല. ബൈബിൾ (പഴയനിയമം) കൈകാര്യം ചെയ്യുന്നവർ തന്നെ ആയിരുന്നു. യേശുവിനെ വളരെ പീഡിപ്പിച്ചതും കൊലചെയ്തതും ആരാണ്? ബൈബിൾ കൈകാര്യം ചെയ്തിരുന്ന മതഭക്തർ തന്നെ ആയിരുന്നു. യേശുക്രിസ്തുവിന്റെ കഷ്ടങ്ങളാൽ നമ്മുടെ പാത്രത്തെ നിറയ്ക്കുവാൻ നാം തുനിഞ്ഞാൽ മതഭക്തന്മാർ നമ്മെ പീഡിപ്പിക്കുന്നതു നാം കണ്ടെത്തും. കാരണം അവർക്കു ദൈവത്തെ അറിഞ്ഞു കൂടാ. യേശു പറഞ്ഞു അവർ പിതാവിനെ അറിയായ്കയാൽ തന്നെ ഉപദ്രവിക്കുന്നു. അങ്ങനെയുള്ളവർ നമ്മെയും ഉപദ്രവിക്കും.

പൗലൊസ് പറയുന്നു: ഞാൻ എന്റെ പങ്കു വഹിക്കുന്നതിനാൽ ഈ കഷ്ടങ്ങളിൽ സന്തോഷിക്കുന്നു. സഭ എന്ന ക്രിസ്തുവിന്റെ ശരീരത്തിൽ പങ്കാളികൾ എന്ന നിലയിൽ

നമുക്കും ഇതിൽ ഒരു പങ്കാളിത്തം ഉണ്ട്. ഒന്നാമതായി യേശു തന്റെ ഭൗതിക ശരീരത്തിൽ അനുഭവിച്ചു. ഇന്ന് അവിടുന്നു തന്റെ ആത്മീയ ശരീരത്തിൽ അനുഭവിക്കുന്നു. ഇതിൽ നമുക്കോരോരുത്തർക്കും ഒരു പങ്കുണ്ട്. എനിക്കു നിങ്ങളുടെയോ നിങ്ങൾക്ക് എന്റെയോ പങ്കു നിറവേറ്റാൻ കഴിയില്ല. നിങ്ങൾ കഷ്ടങ്ങളിലൂടെ കടന്നുപോകുമ്പോൾ എനിക്കു നിങ്ങൾക്കുവേണ്ടി വിശ്വസ്തനാകുവാൻ കഴികയില്ല. നിങ്ങൾ നിങ്ങളിൽ തന്നെ വിശ്വസ്തരാകേണ്ടതുണ്ട്- നിങ്ങളുടെ ബന്ധുക്കളോ അയൽക്കാരോ നിമിത്തം നിങ്ങൾ ഉപദ്രവം സഹിക്കേണ്ടി വരുമ്പോൾ നിങ്ങൾ യേശുവിനെ അനുഗമിക്കുക നിമിത്തം ഉപദ്രവം സഹിക്കേണ്ടി വരുമ്പോൾ നിങ്ങൾ യേശുവിനെ അനുഗമിക്കുക നമിത്തം ഉപദ്രവിക്കപ്പെടുകയോ വീടിനു പുറത്താക്കപ്പെടുകയോ ചെയ്യുമ്പോൾ നിങ്ങൾ വിശ്വസ്തരായിരിക്കേണ്ടതുണ്ട്. അതു ക്രിസ്തുവിന്റെ കഷ്ടങ്ങളുടെ പങ്കാളിത്തമാണ്. ഈ സമയത്തു സന്തോഷിച്ചു കൊണ്ട് ഇങ്ങനെ പറയണം: "കർത്താവേ നന്ദി. അവിടുത്തെ ശരീരമാകുന്ന സഭയ്ക്കു വേണ്ടി കഷ്ടം സഹിക്കുവാൻ എന്നെ യോഗ്യനായി കണ്ടതിനാൽ എന്റെ പാത്രത്തെ അല്പമായി നിറച്ചതിനാൽ നന്ദി." അങ്ങനെയാണു മറ്റുള്ളവർക്കു വേണ്ടി നമുക്ക് ഒരു ശുശ്രൂഷ ഉണ്ടാകുന്നതും നമുക്ക് ഒരു സഭയെ പണിയാൻ കഴിയുന്നതും.

അതുകൊണ്ടു തന്നെയാണു ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയുടെ ഒരു പങ്ക് എന്ന് ഇതിനെ വിളിക്കുന്നത്. ക്രിസ്തു തന്റെ കഷ്ടാനുഭവങ്ങൾ കൊണ്ട് തനിക്കു വേണ്ടി ഒന്നും നേടിയില്ല. എന്നാൽ നമുക്കു വലിയ നേട്ടം ഉണ്ടാവുകയും ചെയ്തു. നാം ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ പങ്കുള്ളവരാകുമ്പോൾ നമുക്ക് അതുകൊണ്ടു കാര്യമായ നേട്ടമില്ല. അതിന്റെ നേട്ടം സഭയ്ക്കാണ്. നമ്മുടെ കഷ്ടങ്ങളിലൂടെ മറ്റുള്ളവർ നേട്ടമുണ്ടാക്കുന്നു. അതിനു നിങ്ങൾ മനസ്സുള്ളവരാണോ? ഞാൻ വിചാരിക്കുന്നു നിങ്ങൾ ഇങ്ങനെ പറയുമെന്ന് "അതെ കർത്താവേ, എനിക്കു മനസ്സുണ്ട്. അങ്ങയുടെ മനസ്സിനോടും ആത്മാവിനോടും മനോഭാവത്തോടും കൂട്ടായ്മയിലായിരിക്കുവാൻ എനിക്കാഗ്രഹമുണ്ട്. മറ്റുള്ളവർക്ക് എന്റെ കഷ്ടങ്ങൾ കൊണ്ട് എന്തെങ്കിലും നേട്ടം ഉണ്ടാകുമെങ്കിൽ ഞാൻ കഷ്ടം സഹിക്കുവാൻ തയ്യാറാണ്."

കരിമ്പ് എങ്ങനെയാണ് യന്ത്രച്ചക്കിൽ ആട്ടി നീരെടുക്കുന്നതെന്നു നിങ്ങൾ കണ്ടിട്ടുണ്ടോ? കരിമ്പ് യന്ത്രച്ചക്കിലേക്കു വച്ചുകൊടുക്കുമ്പോൾ അതു ചതഞ്ഞരഞ്ഞ് അതിന്റെ നീരു പുറത്തു വരുന്നു. അവിടം കൊണ്ടു തീരുന്നില്ല. അതു വീണ്ടും അതു പോലെ തന്നെ വയ്ക്കും. അല്പം കൂടി നീരു പുറത്തു വരും. ആർക്കു വേണ്ടിയാണ് കരിമ്പ് ചതഞ്ഞരഞ്ഞത്? ആർക്കോ അതിന്റെ നീരു കുടിക്കുവാൻ വേണ്ടി. അപ്രകാരമാണു ദൈവം നമ്മെ മറ്റുള്ളവർക്ക് ഒരു അനുഗ്രഹമാക്കി മാറ്റുന്നത്. ജീവിതത്തിലെ കഷ്ടപ്പാടുകളിൽ ദൈവം നമ്മെ ചതയ്ക്കുന്നു, അരയ്ക്കുന്നു, നാം അതു സന്തോഷത്തോടെ സ്വീകരിക്കുന്നു. ആ തകർച്ചയിൽ നിന്നും ക്രിസ്തുവിന്റെ സൗരഭ്യം പുറത്തേക്കു വരുന്നു. അപ്രകാരം മാത്രമേ മറ്റുള്ളവർക്കു വേണ്ടി ഒരു അനുഗ്രഹമായിത്തീരുവാൻ നമുക്കു കഴിയൂ. *(തുടരും)*

(മൊഴിമാറ്റം: **ബോബി ചെറിയാൻ**)

ദൈവം യോജിപ്പിച്ചത്

## മരിയയും ഹഡ്സനും -5

# അനേക കഷ്ടങ്ങളിലൂടെ ദൈവരാജ്യത്തിലേക്ക്



'കഷ്ടമനുഭവിപ്പാൻ വരം ലഭിച്ചിരുന്ന' ടെയ്‌ലർ ദമ്പതികളെ സംബന്ധിച്ചിടത്തോളം പിതാവായ ദൈവം അവരുടെ ശുശ്രൂഷകളെ തുണച്ചിരുന്നുവെന്നത് മാത്രം ഏക ആശ്വാസമായിത്തീർന്നു. മകളുടെ വേർപാടിനു ശേഷം തങ്ങളുടെ ജീവിതത്തെ പുതുതായി ദൈവകരങ്ങളിൽ അവർ സമർപ്പിച്ചു. ഇംഗ്ലണ്ടിലേക്കു പോയപ്പോൾ അവരെ അനുഗമിച്ചിരുന്ന വാങ്‌ലിട്ജന്റെ നേതൃത്വത്തിൽ 'ഹാങ്ചൗ'ലെ സഭ ആത്മീയമായി വളർന്നിരുന്നു. അതുകൊണ്ട് ഇനി അവിടെ തുടരേണ്ട ആവശ്യമില്ലയെന്നു ടെയ്‌ലർ ദമ്പതികൾക്കു ബോധ്യമായി.

അവർ 1868 ജൂൺ അയപ്പോൾ പുതിയ ഒരു വേലസ്ഥലത്തേക്കു നീങ്ങാൻ തീരുമാനിച്ചു. മിഷനറിമാർക്കെതിരായ കലാപങ്ങൾ ചൈനയിൽ വർദ്ധിച്ച സമയമായിരുന്നു അത്. ഒരു പുതിയ സ്ഥലത്തു പ്രവർത്തനമാരംഭിക്കുന്നത് ജീവൻ പണയപ്പെടുത്തുന്നതിന് തുല്യം. തന്റെ കൂട്ടത്തിൽ ക്രച്ചിന്റെ (crutch)സഹായത്താൽ നടക്കുന്ന ഒരു കാൽ മാത്രമുള്ള മിഷനറിയോട് ഹഡ്സൻ ഇപ്രകാരം ചോദിച്ചു: 'ഒരു ലഹള ഉണ്ടായി ഓടേണ്ടി വന്നാൽ താങ്കൾ എന്തു ചെയ്യും?" ഉടൻ അദ്ദേഹത്തിന്റെ മറുപടി: "ഓടുകയോ?! പിന്തിരിഞ്ഞ് ഓടുന്ന പ്രശ്നമേ എന്റെ മുമ്പിലില്ല. മുടന്തരും കൊള്ളയിടും (യെശ. 33:23) എന്നല്ലേ ദൈവവചനവും പറയുന്നത്?"

ചില മാസങ്ങൾക്കുള്ളിൽ അതു തന്നെ സംഭവിച്ചു. ഇദ്ദേഹം ശുശ്രൂഷ ചെയ്തിരുന്ന സ്ഥലത്ത്, തന്റെ വീട്ടിലേക്കു വിരോധികൾ ചാടിക്കയറി. ഭയപ്പെടാതെയുള്ള ഇരിപ്പു കണ്ട് അക്രമികൾ, "നിനക്കെന്താടാ, ഓടി രക്ഷപ്പെട്ടു കൂടെ?" എന്ന് ആക്രോശിച്ചു ചോദിച്ചു. "ഓടാനോ! ഒറ്റക്കാലൻ ഓടുന്നതെങ്ങനെയാ? എനിക്കറിയില്ല. നിങ്ങൾക്ക് അറിയാമെങ്കിൽ ഒന്നു കാണിച്ചു താ?', നിർഭയം സരസമായ മറുപടി കേട്ടു കലാപകാരികൾ ശാന്തരായി.

'ഹാങ്ചൗ'ൽ നിന്നും ഹഡ്സനും മരിയയും നാല് കുഞ്ഞുങ്ങളും ഒരു ചീനക്കപ്പലിൽ പുതിയ സ്ഥലത്തേക്ക് തിരിച്ചു. കൂടെ ഒരു നഴ്സ്,

മറ്റൊരു സഹായി, ആറ് ചൈനീസ് സുവിശേഷകർ എന്നിവരുണ്ടായിരുന്നു. രണ്ടു മാസത്തോളം പല സ്ഥലങ്ങളിലും സഞ്ചരിച്ച്, അവസാനം 'യാങ്ചൗ' എന്ന സ്ഥലത്തെത്തി. വിദേശികൾക്കു വീടു നൽകാൻ ആരും ധൈര്യപ്പെട്ടില്ല. ഒരാഴ്ചയായി പെയ്യുന്ന മഴമൂലം കപ്പലിന്റെ മേൽക്കൂര ചോരുവാൻ തുടങ്ങി. ഗത്യന്തരമില്ലാതെ, തൽക്കാലത്തേക്കു ലഭിച്ച ഒരു സത്രത്തിൽ അവർ താമസമാരംഭിച്ചു. പിന്നീട് എല്ലാവരുടെയും ആവശ്യത്തിനനുസരിച്ചു മുറികളുള്ള നല്ലൊരു വീട്ടുവളപ്പു താമസത്തിനായി ലഭിച്ചു. രോഗികൾ കടന്നു വരാൻ തുടങ്ങി. ഹഡ്സന്റെ ഫലപ്രദമായ മരുന്നുകൾ, അദ്ദേഹം ഒരു നല്ല ഡോക്ടറാണെന്നു തെളിയിച്ചു. മരിയയുടെ ശുദ്ധമായ ചൈനീസ് ഭാഷയും കുഞ്ഞുങ്ങളുടെ സാന്നിധ്യവും ആളുകളെ പെട്ടെന്ന് ആകർഷിച്ചു. ധാരാളം സുഹൃത്തുക്കൾ ഉണ്ടായി. കുടുംബമായി എത്തിയതുകൊണ്ട് ഹഡ്സനെ എല്ലാവരും ബഹുമാനിച്ചു. സകലവും വിട്ടു കർത്താവിനെ അനുഗമിക്കുമ്പോൾ ഉപദ്രവങ്ങളോട് കൂടെ അനേക മടങ്ങ് അനുഗ്രഹങ്ങളും ലഭിക്കും എന്ന് മർക്കൊസ് 10:30ൽ പറഞ്ഞിരിക്കുന്നതുപോലെ, ഉപദ്രവങ്ങളോടൊപ്പം ദൈവിക ഉതവിയും ഈ കുടുംബത്തിന്റെ പങ്കായിരുന്നു.

കുഞ്ഞുങ്ങൾക്കെല്ലാം അഞ്ചാം പനി (measles). ഒരാൾക്ക് വില്ലൻ ചുമയും (whooping cough) ബാധിച്ചു. അവരെ ശുശ്രൂഷിച്ച ശേഷം മരിയ ഇളയ കുഞ്ഞിന് കുത്തിവയ്പ്പ് എടുക്കാൻ 'ഷാംഗ്ഹെ' എന്ന സ്ഥലത്തേക്കു പോയി. അവിടെ എത്തുന്ന ഒരു പുതിയ മിഷനറിയെ സ്വീകരിക്കുകയും വേണം. അവിടെയിരിക്കുമ്പോൾ ഹഡ്സന്റെ കത്തു വന്നു. പെൻസിലും കൊണ്ടുള്ള കയ്യെഴുത്തു കണ്ടപ്പോൾ തന്നെ 'കാര്യം പന്തിയല്ല' എന്നു മരിയയ്ക്കു മനസ്സിലായി. 'എനിക്കു സുഖമില്ല, നീ വേഗം വരണ'മെന്നാണ് എഴുതിയിരിക്കുന്നത്. അതൊരു ഞായറാഴ്ച ദിവസം. 'മലയിടിഞ്ഞു വീഴുന്നു' എന്നു പറഞ്ഞാലും 'മരിയ കുലുങ്ങാത്ത' ദിവസം. കാരണം ഞായറാഴ്ച സ്വസ്ഥമായിരുന്നു ദൈവത്തെ ആരാധിക്കണമെന്നു മരിയയ്ക്കു നിർബ്ബന്ധമുണ്ട്. ചൈനയിലെ വിശ്വാസികളെ അങ്ങനെ പഠിപ്പിക്കുന്നതിൽ അവൾ അതീവ ശ്രദ്ധാലുവായിരുന്നു. മാത്രമല്ല 'യാങ്ചൗ' ലേക്കുള്ള ഒരു ആവിക്കപ്പൽ അപ്പോഴേക്കും പോയിക്കഴിഞ്ഞിരുന്നു. തിങ്കളാഴ്ച അതിരാവിലെ, കാൽവച്ച് ചവിട്ടിപ്പോകുന്ന ഒരു ബോട്ട് (foot boat) കൂലിക്കെടുത്തു മരിയ ഹഡ്സന്റെ അടുക്കലേക്കു തിരിച്ചു. അവിടെയെത്താൻ രണ്ടു ദിവസമെടുക്കും. ഇടയ്ക്കു ബോട്ടുകാരന് വിശ്രമം ആവശ്യമുള്ളപ്പോൾ മരിയ ആ റോൾ ഏറ്റെടുക്കും. മരിയയുടെ ഉത്തമ സ്വഭാവത്തിന്റെ ഒരു ദൃഷ്ടാന്തമാണിത്. ഭർത്താവിന്റെ ശുശ്രൂഷയുടെ ഏത് ആവശ്യനേരത്തും ആവലാതി പറയാതെ ധൈര്യത്തോടെ പെരുമാറും. മരിയയുടെ മനസ്സ് എപ്പോഴും തന്റെ ആത്മ സഖിയായ സ്വർഗ്ഗീയ പിതാവിനോടുള്ള സമാധാനത്തിലും കൂട്ടായ്മയിലും ആയിരുന്നു. അതുകൊണ്ട് തന്നെ സ്വന്തം അനാരോഗ്യവും ക്ഷീണവും അവളുടെ ഉത്സാഹത്തെ കെടുത്തിയില്ല.

വീട്ടിലെത്തിയപ്പോൾ ഹഡ്സന്റെ ആരോഗ്യം മെച്ചപ്പെട്ടിട്ടുണ്ട്. പക്ഷേ സംഘർഷ ഭരിതമായ ചുറ്റുപാട്. മിഷനറിമാർ സ്ഥലം വിട്ടു പോകണമെ

ന്നുള്ള മുന്നറിയിപ്പു നൽകുന്ന നോട്ടീസുകൾ ചുവരുകളിൽ ഒട്ടിച്ചിരിക്കുന്നു. അവിടെയുള്ള ബുദ്ധമതാനുഭാവികളും നാട്ടുകാരുമൊക്കെ ചേർന്ന് 'യേശുമത'ക്കാരെ തുരത്താൻ തീരുമാനിച്ചിരിക്കുകയാണ്. സ്ത്രീകളേയും കുട്ടികളേയും സുരക്ഷാ സ്ഥലങ്ങളിലേക്കു മാറ്റാൻ ഹഡ്സൻ തീരുമാനിച്ചു. 'അങ്ങനെ ചെയ്യരുത്' എന്നു പറഞ്ഞ് മരിയ ഹഡ്സന്റെ കാലു പിടിച്ചു. കാരണം സ്ത്രീകളേയും കുഞ്ഞുങ്ങളേയും വിചാരിച്ചെങ്കിലും, വിരോധികൾ കരുണ കാട്ടിയേക്കും! അവരെ മാറ്റിയാൽ പിന്നെ അക്രമികൾ പുരുഷൻമാരെ ജീവനോടെ വായ്ക്കുകയില്ലെന്നു ലോല ഹൃദയയായ മരിയ ചിന്തിച്ചു. മുൻപ് സുഹൃത്തുക്കളായിരുന്നവർ, കൂട്ടമായി ഇതാ വീടിനു മുന്നിൽ ഒച്ച വയ്ക്കുന്നു. ഇടയ്ക്കു വീട്ടു വളപ്പിലേക്കു കല്ലേറും ഉണ്ട്. മൂന്നു നാല് ദിവസമായി ഇതു തുടരുന്നു.

മിഷനറിമാർ, രോഗികളുടെ കണ്ണു ചൂഴ്ന്നെടുത്തു മരുന്നുണ്ടാക്കുന്നു, ചൈനീസു കുഞ്ഞുങ്ങളെ നാടു കടത്തുന്നു... തുടങ്ങിയ കെട്ടുകഥകളാണ് കലാപക്കാർ പറയുന്നത്. ജനക്കൂട്ടം അക്രമാസ്കതരായി വരുമ്പോൾ ഓരോ പ്രാവശ്യവും ക്ഷീണിതനായ ഹഡ്സൻ ഇറങ്ങിച്ചെന്ന്, അവരുടെ ആരോപണങ്ങൾക്കു ശാന്തമായ മറുപടി പറയും. തൽക്കാലം രംഗം ശാന്തമാകും. എന്നാൽ അടുത്ത ദിവസം 'എരിതീയിൽ എണ്ണ ഒഴിക്കും' പോലെ രണ്ടു വിദേശികൾ വിദേശ വസ്ത്രം ധരിച്ചു ഹഡ്സന്റെ ക്ഷേമം അന്വേഷിക്കാൻ വന്നു. അവർ പോയിക്കഴിഞ്ഞ മാത്രയിൽ, ആ പ്രദേശത്തു നിന്നും ഇരുപത്തിനാലു കുട്ടികളെ കാണാനില്ലയെന്നു പറഞ്ഞു വിരോധികളെല്ലാം ചേർന്നു വാർത്ത പരത്താൻ തുടങ്ങി. മിനിറ്റുകൾക്കുള്ളിൽ ആയിരക്കണക്കിനു ജനം മിഷൻ വളപ്പിനു മുന്നിൽ തടിച്ചുകൂടി. 'വിദേശ ചെകുത്താൻമാരേ ഇറങ്ങിവാ' എന്നു വെല്ലുവിളികൾ മുഴക്കി. ഇഷ്ടികകളും പാറക്കഷണങ്ങളും ജനാലയിൽ വന്നു പതിച്ചു. ഇത്തവണ സംഗതി വഷളാണെന്നു മിഷനറിമാർക്കു ബോധ്യമായി. ഹഡ്സനും മറ്റൊരു മിഷനറിയും ചേർന്ന് ഇരുട്ടിന്റെ മറപിടിച്ചു, മിഷൻ വളപ്പിന്റെ പിന്നിലുള്ള വയൽ വഴിയായി രണ്ടു മൈൽ അകലെയുള്ള ദേശാധിപതിയുടെ വസതി ലക്ഷ്യമാക്കി ഓടി. ഇതു മണത്തറിഞ്ഞ ജനക്കൂട്ടത്തിൽ ചിലർ, ഇതാ 'വിദേശ ചെകുത്താൻമാർ ഓടിപ്പോകുന്നേ' എന്നു അലറിക്കൊണ്ടു ഹഡ്സന്റെയും കൂട്ടുസഹോദരന്റെയും പിന്നാലെ പാഞ്ഞു ചെന്നു. അവരെ കല്ലെടുത്ത് എറിയാൻ തുടങ്ങി. പ്രാണരക്ഷാർത്ഥം ഓടുന്ന അവർ അകലെ നിന്നും കൊട്ടാര വാതിൽ, കാവൽക്കാരൻ അടയ്ക്കാൻ തുടങ്ങുന്നതു കണ്ടു. പിന്നിൽ അക്രമികൾ വളരെ അടുത്ത്. സർവ്വശക്തിയുമെടുത്ത് അവർ ഓടി. ക്ഷീണിച്ചവശരായി രണ്ടുപേരും കൊട്ടാര മുറ്റത്തേക്കു വീണതും ഗെയ്റ്റടഞ്ഞതും ഒന്നിച്ചായിരുന്നു. ഒരു നിമിഷം താമസിച്ചിരുന്നെങ്കിൽ... ഗെയ്റ്റ് പൂട്ടിയിരുന്നുവെങ്കിൽ.. രോഷാകുലരായ ജനക്കൂട്ടം അവരെ ജീവനോടെ വയ്ക്കില്ലായിരുന്നു. അര മണിക്കൂർ അവരവിടെ ആകാംക്ഷയോടെ കാത്തിരുന്നു. ഒടുവിൽ ദേശാധിപതി വന്ന്, ഹഡ്സന്റെ അപേക്ഷ കേട്ടു പട്ടാളക്കാരെ അയച്ചു രംഗം ശാന്തമാക്കി. അതിനുശേഷം പട്ടാള അകമ്പടിയോടെ ഹഡ്സനെയും കൂട്ടു

സഹോദരനേയും വീട്ടിലേക്ക് അയച്ചു. വഴിക്കു വച്ചു ആരോ പറഞ്ഞു. മിഷനറിമാരെല്ലാം കൊല്ലപ്പെട്ടുവെന്ന്. ഹഡ്സന് കരച്ചിലടക്കാൻ കഴിഞ്ഞില്ല. വീട്ടിലെത്തിയപ്പോൾ അമ്പരിപ്പിക്കുന്ന കാഴ്ച. കുറെ സാധനങ്ങളെല്ലാം തീവച്ച് ചുട്ടിരുന്നു. ബാക്കിയെല്ലാം അടിച്ചു പൊളിച്ചിട്ടിരിക്കുന്നു. ആരെയും കാണുന്നുമില്ല. വേദനാജനകമായ തിരച്ചലിനു ശേഷം മിഷനറിമാരെല്ലാം സുരക്ഷിതരായി അടുത്തുള്ള ഒരു വീട്ടിൽ ഒളിച്ചിരിക്കുകയാണെന്നു കണ്ടെത്തി.

മിഷനറി വളപ്പു തീ വയ്ക്കാൻ പോകുന്നുവെന്നു കേട്ടപ്പോൾ അവരെല്ലാം വീടിന്റെ മുകൾ നിലയിൽ നിന്നും പാരപ്പറ്റു വഴി താഴേക്കു ചാടി രക്ഷപ്പെടുകയായിരുന്നു. മരിയയും മറ്റൊരു മിഷനറിയുടെ ഭാര്യയും ഗർഭവതികളായിരുന്നു. മരിയയ്ക്കു പന്ത്രണ്ട് അടി പൊക്കത്തിൽ നിന്നു ചാടേണ്ടി വന്നു. താഴെ നിന്ന മറ്റൊരു മിഷനറി താങ്ങിയതുകൊണ്ട് വീണില്ല. പലർക്കും സാരമായ പരുക്കേറ്റെങ്കിലും ആരുടേയും ജീവൻ നഷ്ടപ്പെട്ടില്ല. എല്ലാം ഒന്നു തണുക്കുന്നതു വരെ മറ്റൊരു സ്ഥലത്തേക്കു മാറി താമസിക്കുവാൻ ഹഡ്സൻ തീരുമാനിച്ചു. മാത്രമല്ല വീട് ഇനി താമസ യോഗ്യമാക്കി തീർക്കണമെങ്കിൽ കുറച്ചു സമയമെടുക്കും. ഒരു ബോട്ടിൽ അവർ ചെൻ-കിയാങ് എന്ന സ്ഥലത്തേക്കു യാത്രയായി. കലാപം കഴിഞ്ഞു രണ്ടു ദിവസത്തിനു ശേഷം മരിയ ഇപ്രകാരം കത്തെഴുതി. 'ഞങ്ങളെയെല്ലാം ജീവനോടെ പാലിച്ച കർത്താവിനെ സ്തുതിക്കുന്നു. ഇനി പൂർണ്ണമായും പിതാവിന്റെ മഹിമയ്ക്കായി മാത്രം ജീവിക്കും. നടന്നതെല്ലാം സുവിശേഷത്തിന്റെ വ്യാപ്തിക്ക് കാരണമാകുമെന്നു ഞാൻ വിശ്വസിക്കുന്നു."

കുറച്ചു നാളത്തെ സന്ധി സംഭാഷണങ്ങൾക്കൊടുവിൽ അവരെല്ലാവരും കേടുപാടുകൾ തീർത്ത പഴയ മിഷൻ വളപ്പിലേക്കു തന്നെ വീണ്ടും വന്നു. പിന്നെയും സൗഹാർദ്ദപരമായ അന്തരീക്ഷം ഉണ്ടായി. സ്ത്രീകളും കുഞ്ഞുങ്ങളുമെല്ലാം വീണ്ടും വന്നപ്പോൾ തദ്ദേശ വാസികളുടെ സംശയങ്ങളെല്ലാം മാറി. മരിയ വിശ്വസിച്ചതു പോലെ അധികം താമസിയാതെ മൂന്നുപേർ യേശുകർത്താവിനെ രക്ഷകനായി സ്വീകരിച്ചു സ്നാനപ്പെടാൻ തയ്യാറായി. ലഹളയുടെ ഒരു ചെറിയ സൂചന ഹഡ്സൻ, ചൈനയിലെ ബ്രിട്ടീഷ് കാര്യാലയത്തിന് നൽകി. ഇതിനെത്തുടർന്ന് ആഗോള വ്യാപകമായി സംഭവത്തെക്കുറിച്ച് ഒച്ചപ്പാട് ഉണ്ടാവുകയും, ഇരു രാജ്യങ്ങളും ഒരു യുദ്ധത്തിന്റെ വക്കോളമെത്തുകയും ചെയ്തു. സംഭവത്തെ മുഴുവൻ വളച്ചൊടിച്ചു വാർത്തകൾ പരന്നു. ചൈന ഉൾനാട് മിഷന്റെ മേൽ ആരോപണങ്ങൾ കുമിഞ്ഞു കൂടി. ബ്രിട്ടീഷ് കാര്യാലയം നേരിട്ട് ഇടപെട്ടു മിഷന്റെ പ്രവർത്തനങ്ങൾ നിർത്തലാക്കും എന്ന നിലയിലെത്തി. മിഷനു നൽകിയിരുന്ന സാമ്പത്തിക സഹായം പലരും പിൻവലിച്ചു. ഈയവസരത്തിൽ ജോർജ് മുള്ളർ മാത്രം കുറവുകൾ നികത്തുന്നതുപോലെ ഉദാരമായ സംഭാവനകൾ നൽകി. ബ്രിട്ടീഷ്, ചൈന ദിനപത്രങ്ങളിൽ ആരോപണ വിധേയനായ ഹഡ്സൻ ടെയ്ലർ സ്ഥാനം പിടിച്ചു. കുഴഞ്ഞു മറിഞ്ഞ പ്രശ്നങ്ങളിൽ നിന്നും അല്പം വിശ്രമിക്കാനായി ഹഡ്സൻ മരിയയും കുഞ്ഞുങ്ങളുമൊത്തു ചൈനയിലേ ഒരു ദ്വീപിലേക്കു പോയി. കുഴപ്പക്കാരൻ

ടെയ്‌ലറിനെ ബ്രിട്ടീഷ് ഗവൺമെന്റ് തിരികെ വിളിച്ചെന്നും അദ്ദേഹത്തിന്റെ മടയത്തരങ്ങൾ അവസാനിച്ചെന്നും ചൈനയിലെ ഒരു ദിനപത്രത്തിൽ വാർത്ത വന്നു. മാറാരോഗം പോലെ നിരന്തരം വിഡ്ഢിത്തം കാട്ടുന്ന ടെയ്‌ലറിനെ ആശുപത്രിയിൽ പ്രവേശിപ്പിക്കണമെന്നു മറ്റൊരു പത്രം എഴുതി. ഒരു സായാഹ്നപത്രം ഹഡ്സനെ സംബോധന ചെയ്തത്, 'പൈത്യക്കാരൻ അപ്പൊസ്തലൻ' എന്നാണ്. ഒരു വശത്തു ചൈന സുവിശേഷത്തിനായി തുറന്നിരിക്കുകയാണെന്നു ഹഡ്സന് മനസ്സിലായി. മറുവശത്തു തന്റെ ഭാരിച്ച കർത്തവ്യത്തിന്റെ മുൻപിൽ ഹഡ്സൻ പകച്ചു നിന്നു. കഴിവിനു മീതെ പരിശോധനകളോ എന്നു സംശയിച്ചു. ഇരുൾ തന്നെ വലയം ചെയ്യുന്നതു പോലെ... നിരാശയുടെ കയത്തിലേക്കു ഹഡ്സൻ വീണുപോയി. മരുഭൂമിയിൽ ചൂരച്ചെടിയുടെ തണലിൽ ഇരുന്നു മരിക്കാൻ ഇച്ഛിച്ച ഏലിയാവിനെപ്പോലെ. ദൂതൻ ഏലിയാവിനെ തട്ടി എഴുന്നേൽപിച്ചതുപോലെ, മരിയ ഈ സമയത്തു വിശ്വാസത്തിന്റെ ചെങ്കോൽ നീട്ടി ഹഡ്സനെ നിരാശയിൽ നിന്നു കരകയറ്റി. ഹഡ്സനും എഴുന്നേറ്റു തിന്നു കുടിച്ച്, ബലപ്പെട്ടു മുന്നോട്ടുള്ള ഓട്ടത്തിനായി ഒരുങ്ങി.

ഈ കാലയളവിൽ തന്റെ കൂട്ടുവേലക്കാരൻ ജോൺ മെക്കാർത്തി അയച്ച കത്ത്, ഒരു പുതിയ ആളവിൽ ഹഡ്സന്റെ ഹൃദയദൃഷ്ടികളെ പ്രകാശിപ്പിച്ചു. നൻമ ചെയ്യുവാൻ മാത്രം ഇച്ഛിക്കുന്ന തന്നിലുള്ള, തിൻമയുടെ പ്രമാണത്തെ കണ്ട ഹഡ്സൻ, തന്റെ പോരാട്ടങ്ങൾ ജോൺ മെക്കാർത്തിയോട് പങ്കിട്ടിരുന്നു. അദ്ദേഹത്തിന്റെ കത്തിലെ വരികൾ ഇങ്ങനെയായിരുന്നു; "കർത്താവിൽ വസിപ്പാനായി നാം അധ്വാനിച്ചു തളരേണ്ടതില്ല. ലോകാവസാനത്തോളം എല്ലാ നാളും കർത്താവു നമ്മോടു കൂടെ ഇരിക്കുമെന്നു വാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ. യേശുക്രിസ്തുവിന്റെ കൃപയുടെ തണലിൽ നാം ജീവിക്കുമ്പോൾ രക്ഷകൻ തന്റെ ഹിതം നമ്മിൽ നിറവേറ്റും. നാം വിശുദ്ധിയിൽ വളരുകയും ചെയ്യും. 'ഇന്ന്' അവന്റെ ശക്തിയിൽ ആശ്രയിക്കുക. യേശുവിന്റെ സ്നേഹത്തിന്റെ സുരക്ഷിതത്വത്തിൽ വസിക്കുക." ഈ കത്ത് ഹഡ്സന്റെ ഹൃദയത്തെ സന്തോഷിപ്പിച്ചു. അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ ഇപ്രകാരം സാക്ഷിച്ചു: "അതുവരെ തണ്ടുവലിച്ചു വലയുന്ന ഒരു ക്രിസ്ത്യാനിയെപ്പോലെയായിരുന്നു ഹഡ്സൻ. എന്നാൽ ഈ അനുഭവത്തിനു ശേഷം സ്തുതിയുടേയും സന്തോഷത്തിന്റെയും മേലാട അണിഞ്ഞവനായി മാറി. അദ്ദേഹത്തിന്റെ വാക്കുകളിലും ശുശ്രൂഷകളിലും ഒരു പുതിയ ജീവനുണ്ടായി."

1870-ന്റെ ആരംഭത്തിൽ ടെയ്‌ലർ ദമ്പതികൾ ഒരു സുപ്രധാന തീരുമാനമെടുത്തു. അടുത്ത വേനൽക്കാലത്തിനു മുൻപു മുതിർന്ന നാല് കുഞ്ഞുങ്ങളെ ഇംഗ്ലണ്ടിലേക്കു അയയ്ക്കണം. അവരുടെ ആരോഗ്യത്തിനും വിദ്യാഭ്യാസത്തിനും അതല്ലാതെ വേറെ വഴിയില്ലായിരുന്നു. ഇളയ കുഞ്ഞു ചാർലി മാത്രം ഇവരോടൊപ്പം. എമിലി ബ്ലാച്‌ലി എന്ന സഹപ്രവർത്തക കുഞ്ഞുങ്ങളുടെ ഉത്തരവാദിത്തം ഏറ്റെടുത്തു കൂടെ പോകാൻ തീരുമാനിച്ചത് വളരെ സഹായകരമായി. എന്നാൽ യാത്ര പുറപ്പെടുന്നതിന് ഏതാനും ദിവസങ്ങൾക്കു മുൻപു അഞ്ചുവയസ്സുള്ള

ഹഡ്സന്റെ മകൻ സാമുവൽ സ്വർഗ്ഗീയ ഭവനത്തിലേക്കു ചേർക്കപ്പെട്ടു. ക്ഷയരോഗം ബാധിച്ച് അവന്റെ ശ്വാസകോശങ്ങൾ തീരെ ബലഹീനമായിരുന്നു. ചെൻ-കിയാങ് എന്ന സ്ഥലത്ത് അവനെ അടക്കി. മറ്റു കുട്ടികളുമായി എമിലി ബ്ലാച്‌ലി ഇംഗ്ലണ്ടിലേക്കു യാത്രയായി. കുഞ്ഞുങ്ങളെ യാത്രയാക്കി മടങ്ങുമ്പോൾ മറ്റൊരു സ്ഥലത്തെ മിഷനറിയുടെ ഭാര്യ ഗുരുതരാവസ്ഥയിലാണെന്ന് അറിയിപ്പു ലഭിച്ചു. അവരുടെ ബോട്ടിൽ മറ്റൊരു രോഗി കൂടെ ഉള്ളതുകൊണ്ട് ഹഡ്സന് പോകാൻ കഴിഞ്ഞില്ല. ആറു മാസം ഗർഭിണിയായ മരിയ ഉടൻ തന്നെ ഒരു ഉന്തു വണ്ടിയിൽ റോഡുമാർഗ്ഗം ആ കുടുംബത്തിന്റെ അടുത്തെത്തി. രണ്ടു ദിവസം ഉറങ്ങാതിരുന്ന ആ മിഷനറിയെ വിശ്രമിക്കാൻ പറഞ്ഞയച്ചിട്ട്, രാത്രി മുഴുവൻ ആ സഹോദരിയെ പരിചരിച്ചു.

1870-ലെ വേനൽക്കാലം മരിയയുടെ ആരോഗ്യത്തെ കഠിനമായി ബാധിച്ചു. എങ്കിലും ക്ലാസ്സുകളെടുക്കുകയും കത്തുകൾക്കു മറുപടി അയയ്ക്കുകയും ചെയ്തു. മരിയയുടെ മെല്ലിച്ച രൂപം കാണുമ്പോൾ ഹഡ്സന്റെ ഹൃദയവും വേദനിക്കും. ജൂലൈ ആദ്യം മരിയ തന്റെ ഏഴാമത്തെ മകനെ പ്രസവിച്ചു. വളരെ എളുപ്പത്തിലുള്ള ഒരു പ്രസവമായിരുന്നുവെന്നു ശുശ്രൂഷിച്ചവർ പറഞ്ഞു. നല്ല പുഷ്ടിയുള്ള ഒരു കുഞ്ഞ്. മരിയ അവന് നോയൽ എന്നു പേരിട്ടു. പ്രസവത്തിനു ശേഷം മരിയയ്ക്കു രക്തസ്രാവം ഉണ്ടായി. പിന്നീട് കോളറായും ബാധിച്ചു ഗുരുതരാവസ്ഥയിലായി. പെട്ടെന്ന് ഒരു വയറിളക്കം ബാധിച്ച് പിഞ്ചുകുഞ്ഞ് നോയലും മരിച്ചു. അവന്റെ അടക്കത്തിന് രോഗാതുരയായ മരിയ ഒരു ഗാനം പാടാൻ ആവശ്യപ്പെട്ടു; അതിപ്രകാരമാണ്.

*"ഓ പരിശുദ്ധ രക്ഷകനേ, അദൃശ്യ സഖിയേ*
*വിശ്വാസത്തിന്റേ പരിശോധനയിൽ ചോദ്യങ്ങളില്ല.*
*അങ്ങയോടു ചേരുന്ന ആത്മാക്കൾ ശാന്തരായ്*
*സ്വസ്ഥരായ്, തൃപ്തരായ്*
*യോർദ്ദാൻ കടക്കുന്നു."*

അതിനുശേഷം മരിയ ആകാംക്ഷയോടെ കാത്തിരുന്ന വാർത്തയെത്തി. എമിലിയും തന്റെ കുഞ്ഞുങ്ങളും ക്ഷേമത്തോടെ ഇംഗ്ലണ്ടിൽ എത്തിച്ചേർന്നു. രണ്ടുനാൾ കഴിഞ്ഞപ്പോൾ മരിയയുടെ നില വഷളായി. ജൂലൈ 23-ാം തീയതി അതിരാവിലെ മരിയ ശാന്തമായി കുറെനേരം ഉറങ്ങി. ആ സമയത്ത് അവൾക്കു എന്തെങ്കിലും ആഹാരം ഉണ്ടാക്കാനായി ഹഡ്സൻ അടുക്കളയിലേക്കു പോയി. അല്പ നേരത്തിനുള്ളിൽ ഹഡ്സൻ മടങ്ങി വന്നു. പ്രഭാത കിരണങ്ങൾ ജനാലയിലൂടെ മുറിക്കകത്തേക്കു വീശി. മെഴുകുതിരി വെട്ടത്തിൽ മറഞ്ഞിരുന്നത് ഇപ്പോൾ ഹഡ്സനു ശരിക്കു കാണാം. മരിയയുടെ മുഖത്തു മരണനിഴൽ വീണിരിക്കുന്നു!.. ഹഡ്സന്റെ ഏറിയ സ്നേഹത്തിനു പേലും നിരസിക്കാനാകാത്ത യാഥാർത്ഥ്യം. കുറച്ചു നേരത്തിനു ശേഷം തന്റെ മനസ്സിനെ ധൈര്യപ്പെടുത്തി, ഹഡ്സൻ മരിയയോട് പറഞ്ഞു:

"പ്രിയപ്പെട്ടവളേ!... നീ നിത്യഭവനത്തിലേക്കു യാത്രയാകുകയാണ്!" മരിയ ചോദിച്ചു; "എനിക്കു വേദനയൊന്നുമില്ലല്ലോ. പിന്നെന്താ അങ്ങനെ തോന്നുന്നത്?"

ഹഡ്സൻ: "നീ അവശയാണ്. വേഗത്തിൽ നീ യേശുവിനെ കാണാൻ പോകുകയാണ്."

"ഓ! ഞാൻ ഖേദിക്കുന്നു..." പെട്ടെന്നു മരിയയുടെ വാക്കുകൾ മുറിഞ്ഞു.

"യേശുവിന്റെ അടുത്തു പോകുന്നത് സന്തോഷമല്ലേ! പിന്നെന്തിനാ ഖേദിക്കുന്നത്'' എന്നു ഹഡ്സൻ ചോദിച്ചു. മരിയ ഹഡ്സന്റെ മുഖത്തേക്കു നോക്കി. ആ നോട്ടം ഹഡ്സനൊരിക്കലും മറക്കില്ല. മരിയ പറഞ്ഞു: "പ്രിയപ്പെട്ടവനേ, കഴിഞ്ഞ പത്തു വർഷമായി ഞാനും എന്റെ രക്ഷകനുമായുള്ള ബന്ധത്തിൽ ഒരു മറ പോലുമില്ല. യേശുവിനോടു ചേരുന്നത് എനിക്കു സന്തോഷമാണ്. പിന്നെ ഈ സമയത്ത് അങ്ങയെ തനിച്ചാക്കി ഞാൻ പോകണമല്ലോ എന്ന് ആശങ്കയുണ്ട്. എന്നാലും എന്റെ പിതാവായ ദൈവം അങ്ങയോടു കൂടെയിരുന്ന് എല്ലാം ഭംഗിയായി നടത്തും." അല്പനേരത്തിനുള്ളിൽ മരിയ അബോധാവസ്ഥയിലായി. ഹഡ്സൻ തന്റെ പ്രിയപ്പെട്ടവളെ പ്രാർത്ഥിച്ചു സ്വഭവനത്തിലേക്കു യാത്രയാക്കി. ഇന്നു മുതൽ കർത്താവിൽ മരിക്കുന്ന മൃതൻമാർ ഭാഗ്യവാൻമാർ, അതേ അവർ തങ്ങളുടെ പ്രയത്നങ്ങളിൽ നിന്നു വിശ്രമിക്കേണ്ടതാകുന്നു. (വെളി. 14:13).

മരിയ മരിക്കുമ്പോൾ പ്രായം വെറും മുപ്പത്തി മൂന്നര വയസ്സു മാത്രം. യേശുവിനെപ്പോലെ ശുശ്രൂഷ ചെയ്യിക്കുന്നതല്ല, ശുശ്രൂഷിക്കുന്നതും മറ്റുള്ളവർക്കുവേണ്ടി ജീവനെ കൊടുക്കുന്നതും മരിയയുടേയും സന്തോഷമായിരുന്നു. അവളുടെ ചുരുങ്ങിയ ആയുസ്സു വളരെ പ്രയോജനമുള്ളതായിരുന്നു. ക്രിസ്തീയ ചരിത്രത്തിലെ ഭാര്യമാരുടെ കൂട്ടത്തിലെ ധീരവനിത മരിയ ആണെന്നു പറയാം. പ്രതിസന്ധി നിറഞ്ഞ ഹഡ്സന്റെ ശുശ്രൂഷയുടെ പിന്നിൽ വിശ്വാസത്തിന്റെയും പ്രത്യാശയുടെയും സ്നേഹത്തിന്റേയും തൂണായി മരിയ അവസാനം വരെ നിലനിന്നു. *(തുടരും)*

**-ബിനി ഷിബു**

# ആത്മിക ശക്തിയുടെ ചോർച്ച

*21-ാം പേജിൽ നിന്ന് തുടർച്ച ...*

കാരമുള്ള മനുഷ്യൻ തന്റെ ഹൃദയത്തെയും അധരത്തെയും ജാഗ്രതയോടെ കരുതിക്കൊള്ളേണ്ടതാണ്. "യഹോവേ, എന്റെ വായ്ക്ക് ഒരു കാവൽ നിർത്തി എന്റെ അധരദ്വാരം കാക്കേണമേ'' (സങ്കീ. 141:3) എന്നത്രേ ദാവീദിന്റെ പ്രാർത്ഥന. "സകല ജാഗ്രതയോടുംകൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക; ജീവന്റെ ഉത്ഭവം അതിൽ നിന്നല്ലോ ആകുന്നത്" (സദൃ. 4:13) എന്നു ശലോമോൻ പറഞ്ഞിട്ടുണ്ട്. നിരന്തരമായി ദൈവസാന്നിദ്ധ്യത്തിൽ ജീവിക്കുകയും ദൈവത്തോടുള്ള സഖിത്വം വരിക്കുകയും ചെയ്യുന്ന മനുഷ്യനു മാത്രമേ ആത്മശക്തി വ്യാപരിപ്പിക്കുവാൻ കഴിയുകയുള്ളൂ.

"യഹോവയിൽ തന്നെ രസിച്ചുകൊൾക'' (സങ്കീ. 37:4) എന്നു സങ്കീർത്തനക്കാരൻ എഴുതിയിട്ടുണ്ട്. യഹോവയെ തന്റെ ഹൃദയത്തിന്റെ സന്തോഷമാക്കുന്ന മനുഷ്യനാണു ഭാഗ്യവാൻ. അവൻ ദൈവത്തോടുകൂടെ നടക്കുന്നതിനാൽ ഒരിക്കലും ഏകനായി നടക്കുന്നില്ല. അവൻ ദൈവത്തെ അറിയുകയും ദൈവത്തോടു സംഭാഷിക്കുകയും ദൈവത്തിൽ രസിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു. അവൻ ദൈവത്തെ സ്നേഹിക്കുന്നതിനാൽ പൂർണ്ണഹൃദയത്തോടെ അവനെ സ്നേഹിക്കുന്നത് അവന്റെ സന്തോഷമായിത്തീർന്നിരിക്കുന്നു. "ആത്മാവിനെ കെടുക്കരുത്" (1തെസ്സ. 5:19). ദൈവത്തെ അറിയുന്നതിനും സ്നേഹിക്കുന്നതിനും ദൈവത്തിന്റെ ആത്മാവ് നമ്മെ സഹായിക്കുകയും ദൈവം നമ്മെ തന്റെ ആയുധമാക്കി ഉപയോഗിക്കുകയും ചെയ്യും. *(തുടരും)*

# ALWAYS READY TO GIVE AN EXPLANATION

**Sandeep Poonen**

*1 Peter 3:14-16 - But even if you should suffer for the sake of righteousness, you are blessed. And do not fear their intimidation, and do not be troubled, but sanctify Christ as Lord in your hearts, always being ready to make a defense to everyone who asks you to give an account for the hope that is in you, yet with gentleness and reverence; and keep a good conscience so that in the thing in which you are slandered, those who revile your good behavior in Christ will be put to shame*.

Some of us Christians might have heard this passage, or more specifically a phrase within this passage: *Always being ready to make a defense to everyone who asks you*. And the word "defense" is a translation of the Greek word *aplogia* from which we get the English word, "apologetics." And Christian apologetics seeks to provide an intellectual defense of what we as Christians believe.

First of all, I must start by saying that I have been tremendously blessed by the various ways in which Christians have given me an intellectual defense of the Biblical gospel. I know that in a time in my twenties, this helped me answer some burning questions that I had.

But as I read this phrase in context, I see that there is a lot more in this passage than just being always ready to give an explanation. So I wanted to share my thoughts on the broader points that Peter was making in this passage.

*1) The context of this passage is about when we suffer for the sake of righteousness*

Peter, inspired by the Holy Spirit is giving us instructions on how to deal with those who cause us to suffer for the sake of righteousness.

*2) Sanctify Christ as Lord in your heart*

The word sanctify means to consecrate or set apart. So the main thing that we have to do when we suffer for righteousness is a heart matter. It's no a physical or verbal response. So we as Christians must first do something OURSELVES, even when we stand up for right. We must set apart Jesus Christ as Lord and Master and Ruler. So our agenda and sense of righteous justice must be surrendered. And our feelings of vengeance and self-pity when wronged must be

kicked out. All of these must be driven out of our hearts, so that Jesus Christ can be set apart and enthroned in our hearts.

*3) Give an account for the HOPE that is in you*

Peter does not tell us to give an account for the logical or philosophical superiority of what we believe. Now, there's nothing wrong in all such efforts. But not everybody has that ability. And every command of Scripture must be equally obeyed by the intellectual geniuses as well as the uneducated fisherman. Peter was an uneducated fisherman. He was clearly not very smart intellectually, and admits that the writings of Paul are hard to understand. So Peter, of all people, would definitely not be encouraging all of us to become rigorous philosophers.

What Peter does encourage ALL of us to do is to be always ready to give an account for the HOPE that is in us. And what is that hope that we can always claim, even when we suffer?

*Romans 5:5 - and hope does not disappoint, because the love of God has been poured out within our hearts through the Holy Spirit who was given to us.*

This is a hope we can always boast in. This is a hope that does not disappoint: The LOVE OF GOD WITHIN US, that has been poured out through the Holy Spirit.

Please note that we are not even asked to give an account for OUR love for God. We are asked to give an account of God's love that we treasure and that is within us. So Peter says that we must be always prepared to explain to others how we are able to suffer without being troubled: By sharing what our hope is, the great love of God that we ourselves are experiencing. So we do NOT have to give a rigorous explanation for views on evolution, or how old the earth is, or every other philosophical point of view.

We MUST be always prepared to have to give an account for THIS HOPE: That Almighty God loves me.

*4) We share the love of God to others with gentleness and reverence*

The love of God is vast in its mercy. So that is why the love of God must be drenched in gentleness. The love of God reached us even though we resisted it over and over. So we can be gentle in our presentation of the love of God to others. So God's great mercy and gentleness must be highlighted in our explanation of God's love in us.

But the love of God must also be shared in the context of His hatred for sin. The love of God is best demonstrated on the cross, where the innocent (Jesus) died for the guilty (us). And the reason Jesus died for us was because the holiness of God demanded justice for our sins. And the love of God is heightened when we

realize that it wasn't that an innocent Person died on the cross, but that that the innocent Jesus died in MY PLACE so that I might not face the justice for my sins.

*5) Keep a good conscience*

This is something that is often forgotten but that is the best proof of our hope. A conscience that is kept good.

This is something that we have to do for ourselves. This has nothing to do with our oppressors. This is squarely on us. So as we saw, Peter begins his advice in dealing with suffering by talking about setting part Jesus as Lord in our hearts. And he closes with keeping *my* conscience clean. So that means seeking to do what is right, as well as quickly repenting and confessing our sins when we are wrong (1 John 1:7).

So I have no respect for a smart, intellectual, talented Christian, who can provide persuasive arguments for the Christian faith but who lives a life defeated in sin. I have met a lot of Christians, especially young, who are passionate to learn more about intellectual arguments about faith, but who love the world. Or still dabble in internet pornography. Or still have pride (maybe of their intellectual prowess) oozing out of their eyes. Or still have a tongue that speaks in anger from time to time. I know what that can look like because I was one such person. I say that to my shame.

But I praise God that He has deeply convinced me that my life is my best defense. I know see that I am a naked person playing fancy notes on a trumpet. The notes are fancy and I might be quite dexterous with the trumpet. But people cannot pay attention to my music because I have no clothes on. And I am spiritually naked when I am defeated to sin and don't strive to keep a good conscience. And the people in the world are not impressed by people who talk about the logical proof of Jesus, but who clearly love money and sex and the approval of people just everybody in the world does

So yes, let us be always ready as Christians, when we find that we suffer for what is right:

- To set apart Jesus Christ as Lord in our hearts
- To always be ready to give an account for the great HOPE that we have: That God Almighty loves us
- To present God's love for us in gentleness (because God was so gentle with us) and reverence (because it was our sins that was the price that had to be paid by Jesus)
- To always strive to keep a good conscience by hating every sin that we see within us, and being eager to repent of it and walk in obedience to the light of God's Word.

May God find many such witnesses of God's love, as the days get more and more difficult. ■

# ...യേശു നമ്മുടെ മുന്നോടി

*4-ാം പേജിൽ നിന്ന് തുടർച്ച*

മാനകാല ദേഹീരക്ഷയിൽ യേശുവിന്റെ ജീവിതമാണു നമുക്കു മാതൃക. ഇന്നു വർത്തമാനകാല രക്ഷയിൽ നാം മനസ്സു പുതുക്കി രൂപാന്തരപ്പെടുന്നത് എന്തിലേക്കാണ്? അവിടെ നമ്മുടെ ലക്ഷ്യം യേശുവിന്റെ സ്വഭാവമാണ്. അവന്റെ സ്വഭാവത്തോട് അനുരൂപരാകുന്നതാണു വർത്തമാനകാല രക്ഷയുടെ പൂർണത (റോമർ 8:29). പൂർണമായി എത്തിയില്ലെങ്കിലും അതിലേക്ക് ആയാനാണു (press on) നമ്മുടെ വിളി (ഫലി. 3:12-14). നമ്മുടെ മുന്നോടി (forerunner) മറ്റാരുമല്ല കർത്താവാണ് (എബ്രാ. 6:20). വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ ഈ യേശുവിനെ നോക്കിയാണു നാം സ്ഥിരതയോടെ ഓടേണ്ടത് (എബ്രാ. 12:2). കണ്ടോ, നമ്മുടെ ദേഹിയുടെ വർത്തമാനകാല രക്ഷ സാധിത പ്രായമാക്കുന്നതിൽ യേശുവിന്റെ ജിവിതം എത്ര പ്രധാനമാണ്! ഉവ്വ്, 'നാം അവനാൽ ജീവിക്കേണ്ടതിനാണു ദൈവം തന്റെ ഏകജാതനായ പുത്രനെ ലോകത്തിലേക്ക് അയച്ചത്' (1യോഹ. 4:9). അതേ, 'അവന്റെ ജീവനാൽ നാം എത്ര അധികമായി രക്ഷിക്കപ്പെടും!' (റോമ. 5:10).

യേശുവിന്റെ ഭൂമിയിലെ ജീവിതത്തെപ്പറ്റി യോഹന്നാൻ പറയുന്നത് ഇങ്ങനെയാണ്: "വചനം ജഡമായി തീർന്നു. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു" (യോഹ. 1:14). വാക്യം ഇംഗ്ലീഷിൽ- അവൻ നമ്മുടെ ഇടയിൽ കൂടാരം അടിച്ചു (tabernacled among us) എന്നാണ് ഒരു വിവർത്തനത്തിൽ. തുടർന്ന് അതേ വാക്യത്തിൽ "ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽ നിന്നു ഏകജാതനായവന്റെ തേജസ്സായി കണ്ടു" എന്നും കൂട്ടിച്ചേർത്തിരിക്കുന്നു. 'കൂടാരം അടിച്ചു,' 'തേജസ്സു കണ്ടു' തുടങ്ങിയ പ്രയോഗങ്ങളെല്ലാം നമ്മെ പെട്ടെന്നു സമാഗമന കൂടാരത്തെ ഓർമ്മിപ്പിക്കും. സമാഗമന കൂടാരത്തിനു മൂന്നു ഭാഗങ്ങളാണല്ലോ ഉണ്ടായിരുന്നത്- പ്രാകാരം, വിശുദ്ധസ്ഥലം, അതിവിശുദ്ധ സ്ഥലം. ഇതിൽ അതിവിശുദ്ധ സ്ഥലത്താണു ദൈവത്തിന്റെ സാന്നിദ്ധ്യമുള്ളത്. മനുഷ്യനും മൂന്നു ഘടകങ്ങളാണുള്ളത് ദേഹം, ദേഹി, ആത്മാവ് (1 തെസ്സ. 5:23). ഇതിൽ ആത്മാവിലാണു ദൈവസാന്നിധ്യം. ദൈവത്തിന്റെ ആത്മാവു നമ്മുടെ ആത്മാവിലാണു വസിക്കുന്നത് (യോഹ. 4:24). ആത്മീയനായ ഒരുവനിൽ അവന്റെ വ്യക്തിത്വത്തിലെ മൂന്നു ഘടകങ്ങളിൽ ആത്മാവിനായിരിക്കും നായകത്വം. മറ്റു രണ്ടു ഘടകങ്ങളും- ദേഹിയും ദേഹവും- ആത്മാവിനെ അനുസരിച്ചും കീഴ്പ്പെട്ടുമാണു പ്രവർത്തിക്കേണ്ടത് (റോമ. 8:14). യേശുവിൽ നൂറു ശതമാനവും അങ്ങനെയായിരുന്നു. അപ്പോൾ തന്നെ തനിക്കു നല്ലതെന്നു തോന്നിയ കാര്യങ്ങൾ സ്വന്ത ഇഷ്ടത്തിന്റെ അടിസ്ഥാനത്തിൽ ചെയ്യാനുള്ള പ്രലോഭനം നമ്മെപ്പോലെ യേശുവിനും ഉണ്ടായിരുന്നു (എബ്രാ. 4:15). എന്നാൽ ആ സ്വന്ത ഇഷ്ടത്തെ അവിടുന്നു നിഷേധിച്ചു (യോഹ. 6:38; ലൂക്കൊ. 22:42). ഇതിനെ എബ്രായ ലേഖനകാരൻ യേശു തന്റെ ദേഹം എന്ന തിരശ്ശീല ചീന്തി നമുക്കു വേണ്ടി ദൈവസാന്നിധ്യത്തിന്റെ അതിവിശുദ്ധ സ്ഥലത്തേക്കു പ്രവേശിക്കുവാൻ ഒരുക്കിയ ജീവനുള്ള പുതുവഴിയാണെന്നു വിവരിച്ചിരിക്കുന്നു (10:19-21). യേശു പ്രാണനെ വിട്ടപ്പോൾ വിശുദ്ധ സ്ഥലത്തേയും അതിവിശുദ്ധ സ്ഥലത്തേയും വേർതിരിച്ചിരുന്ന തിരശ്ശീല മേൽതൊട്ട് അടിയോളം രണ്ടായി ചീന്തിപ്പോയതിന്റെ (മത്താ. 27:51) യാഥാർത്ഥ്യം, യേശു സ്വന്ത ഇഷ്ടത്തെ നിഷേധിച്ചു പിതാവിന്റെ ഇഷ്ടം ചെയ്തപ്പോൾ ഉള്ളിൽ അനുഭവിക്കേണ്ടി വന്ന കഷ്ടതയാണെന്നും (എബ്രാ. 10:5-7; 1 പത്രൊ. 4:1,2) അവിടുന്ന് ഉദ്ഘാടനം ചെയ്ത ഇതേ വഴിയിലൂടെ നമുക്കും നിരന്തരം ദേഹിയിൽ നിന്ന് ആത്മാവിലേക്കു പ്രവേശിച്ച് അവിടെയുള്ള ദൈവസാന്നിധ്യത്തിൽ വസിക്കാൻ കഴിയുമെന്നും (എബ്രാ. 5:7-9) ദൈവവചനം വിശദമാക്കു

ന്നു. ഇതു ദൈവഭക്തിയുടെ ഒരു 'വലിയ രഹസ്യമാണെന്നു പൗലൊസ് പറയുന്നതു ശ്രദ്ധിക്കുക (1തിമൊഥ. 3:16). പൗലൊസ് അതു വിവരിക്കുന്നത് ഇങ്ങനെ: യേശു ജഡത്തിലാണു വന്നത്. പക്ഷേ അവിടുത്തേക്കു ജഡം ഉണ്ടായിരുന്നെങ്കിലും ജഡത്തിൽ സ്വന്ത ഇഷ്ടം ചെയ്യാതെ ആത്മാവിനെ നിർമലമായി സൂക്ഷിച്ചു. നമുക്കും ഇതേ വഴിയിലൂടെ സ്വന്ത ഇഷ്ടത്തെ നിഷേധിച്ചു പാപത്തിന്റെ മേൽ ജയത്തോടെ ആത്മാവിൽ ദൈവസാന്നിധ്യത്തിൽ ആയിരിപ്പാൻ കഴിയും. ദൈവഭക്തിയുള്ള ഒരു ജീവിതത്തിന്റെ ഈ മർമ്മം ദൈവം ജ്ഞാനികൾക്കും വിവേകികൾക്കും മറച്ച് ശിശുക്കൾക്കാണു വെളിപ്പെടുത്തുക (മത്താ. 11:25).

ദേഹം, ദേഹി, ആത്മാവ്. പ്രാകാരം, വിശുദ്ധസ്ഥലം, അതിവിശുദ്ധ സ്ഥലം. വിശുദ്ധസ്ഥലത്തിനും അതിവിശുദ്ധസ്ഥലത്തിനും (ദേഹിക്കും ആത്മാവിനും) ഇടയിൽ സ്വന്ത ഇഷ്ടത്തിന്റെ തിരശ്ശീല. അതു ചീന്തി വിശുദ്ധ സ്ഥലത്തു നിന്ന് അതിവിശുദ്ധ സ്ഥലത്തേക്കുള്ള പ്രവേശനം. ഈ പറഞ്ഞ കാര്യങ്ങളുടെ എല്ലാം പശ്ചാത്തലത്തിൽ നമ്മുടെ ക്രിസ്തീയ ജീവിതത്തിന്റെ മൂന്നു അവസ്ഥകളെ പലതായി തിരിച്ചു പഠിക്കുവാൻ കഴിയും.

സമാഗമന കൂടാരത്തിൽ പ്രാകാരം, വിശുദ്ധസ്ഥലം, അതിവിശുദ്ധ സ്ഥലം എന്നീ മൂന്നു സ്ഥലങ്ങളിലും ആയിരുന്ന പഴയ നിയമ ആരാധകരെപ്പോലെ ഇന്നു പുതിയ നിയമ കാലഘട്ടത്തിൽ വിശ്വാസികളെ ജഡികർ, ദേഹീപരർ, ആത്മീയർ എന്നു മൂന്നു നിലയിൽ തിരിക്കാമെന്നു അപ്പൊസ്തലനായ പൗലൊസ് കൊരിന്തിലുള്ളവരോട് വിശദീകരിക്കുന്നു (1കൊരി. 2:14,15; 3:1,3). നാം ഇന്ന് ഇതിൽ എവിടെ നില്ക്കുന്നു? പ്രാകാരത്തിലോ, വിശുദ്ധസ്ഥലത്തോ, അതിവിശുദ്ധ സ്ഥലത്തോ? നാം ജഡികരായ ക്രിസ്ത്യാനികളോ, ദേഹീപരരോ, അതോ ആത്മീയരോ? യേശു ഉദ്ഘാടനം ചെയ്ത വഴിയിലൂടെ സ്വന്ത ഇഷ്ടത്തിന്റെ തിരശ്ശീല കീറി വിശുദ്ധ സ്ഥലത്തു നിന്നു ദൈവത്തിന്റെ നിറസാന്നിധ്യമുള്ള അതിവിശുദ്ധ സ്ഥലത്തേക്കു നമുക്കിന്നു ചുവടു വയ്ക്കാമല്ലോ. ജഡികരോ ദേഹീപരരോ ആയ ക്രിസ്ത്യാനികളായി ജീവിതം പാഴാക്കാതെ ആത്മീയരായി നമുക്കിന്നു മാറാമല്ലോ.

പ്രാകാരത്തിലുള്ളവരും പാപക്ഷമ ലഭിച്ചവരാണ്. വിശുദ്ധ സ്ഥലമാകട്ടെ, തിരക്കേറിയ പ്രവർത്തനങ്ങളുടെയും ശുശ്രൂഷകളുടെയും സ്ഥലം. അതിവിശുദ്ധ സ്ഥലം ദൈവത്തോടുള്ള കൂട്ടായ്മയുടെ ഇടമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ മറ്റൊരു തരത്തിലും ഇന്നത്തെ വിശ്വാസികളെ മൂന്നായി തരിക്കാമെന്നു തോന്നുന്നു. പാപക്ഷമ ലഭിച്ചതിൽ തൃപ്തിപ്പെട്ടു (യാഗപീഠം പ്രാകാരത്തിലാണല്ലോ സ്ഥിതി ചെയ്യുന്നത്) കഴിയുന്നവർ. അവിടെ നിന്നും മുന്നോട്ടു പോയി വൈകാരിക, മാനസിക, കഴിവുകൾ കൊണ്ടു ദൈവത്തെ ശുശ്രൂഷിച്ചു വിശുദ്ധ സ്ഥലത്തു പ്രവർത്തന നിരതരായവർ. പക്ഷേ അവരും ആത്മീയരാകുന്നില്ല. സ്വന്ത ഇഷ്ടത്തിന്റെ തിരശ്ശീല ചീന്തി അതിവിശുദ്ധ സ്ഥലത്തെത്തി ദൈവത്തോടുള്ള കൂട്ടായ്മ അനുഭവിക്കുന്ന ആത്മീയർ എപ്പോഴും ന്യൂനപക്ഷമാണ്. സുഹൃത്തേ, നിങ്ങൾ ഇതിൽ എവിടെ നില്ക്കുന്നു? പാപക്ഷമ ലഭിച്ചവർ, ശുശ്രൂഷിക്കുന്നവർ, കൂട്ടായ്മ അനുഭവിക്കുന്നവർ- ഇതിൽ താങ്കൾ ഏതു ഗണത്തിൽ പെടുന്നു?

നന്ദി, സ്തുതി, ആരാധന- ക്രിസ്തീയ ലോകത്തു പ്രചാരമുള്ള ത്രിവിധ പ്രയോഗങ്ങളാണ്. ഇവയെയും പ്രാകാരം, വിശുദ്ധസ്ഥലം, അതിപരിശുദ്ധ സ്ഥലം എന്നിവയോടു ബന്ധപ്പെടുത്തി ചിന്തിക്കാൻ കഴിയും. ദൈവത്തിന്റെ വീണ്ടെടുപ്പിലും അവിടുന്നു തന്ന ഭൗതികാനുഗ്രഹങ്ങളിലും നന്ദിയുള്ളതു നല്ല കാര്യമാണെങ്കിലും അതു പ്രാകാരത്തിന്റെ അനുഭവം മാത്രമേ ആകുന്നുള്ളു. ദൈവത്തെ ദൈവമെന്നു കണ്ടു സ്തുതിക്കുന്നത് അവിടെ നിന്നും ഒരുപടി മുൻപിലേക്ക്- വിശുദ്ധ സ്ഥലത്തേക്ക്- ഉള്ള ചുവടുവയ്പാണ്. പക്ഷേ അതുകൊണ്ടും തൃപ്തിപ്പെടരുത്. നാം യഥാർത്ഥ ആരാധകരാകണം. ആരാധന ഇന്നു ക്രിസ്തീയ

സമൂഹം വിചാരിക്കുന്നതിലും വ്യത്യസ്തമായ ഒന്നാണെന്നു യോഹന്നാൻ 4:23,24, റോമർ 12:1,2 എന്നീ വചനങ്ങൾ ചേർത്തു ചിന്തിച്ചാൽ മനസ്സിലാകും. ദൈവം ആത്മാവാകുന്നു. ദൈവാത്മാവു നമ്മുടെ ആത്മാവിലാണു വസിക്കുന്നത്. യഥാർത്ഥ ആരാധകൻ തന്റെ ആത്മാവിലുള്ള ദൈവത്തെ നമസ്കരിക്കുന്നതാണു സത്യത്തിലുള്ള (യഥാർത്ഥമായ-real) ആരാധനയെന്നാണു യേശു ശമര്യക്കാരിയോടു പറഞ്ഞത്. ആത്മാവിലേക്കു കടന്നു ദൈവത്തെ ആരാധിക്കണമെങ്കിൽ ദേഹിക്കും (വിശുദ്ധസ്ഥലം) ആത്മാവിനും (അതിവിശുദ്ധസ്ഥലം) ഇടയിലുള്ള തിരശ്ശീല ചീന്തപ്പെടേണ്ടതുണ്ട്. ഇതു ഒരു യാഗം പോലെയുള്ള വേദനാജനകമായ ഒരു കാര്യമാണ്. നമ്മുടെ അവയവങ്ങളെ സ്വന്ത ഇഷ്ടത്തിന് ഉപയോഗിക്കാതെ ദൈവേഷ്ടത്തെ പ്രതിയാഗമായി സമർപ്പിക്കുന്നതാണ് (സ്വന്ത ഇഷ്ടത്തിന്റെ തിരശ്ശീല ചീന്തുന്നതാണ്) ബുദ്ധിയുള്ള ആരാധനയെന്നു പൗലൊസും പറയുന്നു (റോമർ 12:1,2). അബ്രഹാം ദൈവകല്പന അനുസരിക്കാൻ വേണ്ടി സ്വന്ത ഹിതത്തെ ബലി കഴിച്ച് തന്റെ മകനെ യാഗമായി അർപ്പിക്കുവാൻ തുനിയുന്നിടത്താണു ബൈബിളിൽ ആദ്യമായി 'ആരാധന' എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത് (ഉൽപ. 22:5) എന്നത് ഇതിനോടു കൂട്ടി വായിച്ചാൽ കാര്യങ്ങൾ കൂടുതൽ വ്യക്തമാകും. ചുരുക്കത്തിൽ സ്നേഹിതാ, താങ്കൾ നന്ദി പറയുന്നവനോ സ്തുതിക്കുന്നവനോ യഥാർത്ഥ ആരാധകനോ?

പ്രാകാരം, വിശുദ്ധസ്ഥലം, അതിവിശുദ്ധ സ്ഥലം എന്നിവയുടെ പശ്ചാത്തലത്തിൽ യേശുവിനെ അറിയുന്നതിലും മൂന്നു സ്ഥാനങ്ങളിൽ നിലയുറപ്പിച്ചവരെ ക്രിസ്തീയ ലോകത്തു കണ്ടെത്താൻ കഴിയും. യേശുവിനെ രക്ഷകൻ (ലൂക്കൊ. 2:11) എന്ന നിലയിൽ അറിയുന്നവർ യാഗപീഠം സ്ഥിതി ചെയ്യുന്ന ഇടമായ പ്രാകാരത്തിൽ എത്തിയവരാണ്. എന്നാൽ യേശുവിനെ പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കുന്നവൻ (യോഹ. 1:33) എന്നു അനുഭവിച്ചറിയുന്നവർ അവിടെ നിന്ന് അടുത്ത സ്ഥലത്തേക്ക് (വിശുദ്ധസ്ഥലം) മുന്നേറിയവരാണ്. എന്നാൽ യേശു വിശുദ്ധസ്ഥലത്തു നിന്നും തിരശ്ശീല ഭേദിച്ച് അതിവിശുദ്ധ സ്ഥലത്തേക്കു കടന്നുവെന്നും അവിടേക്ക് അവിടുന്നു നമ്മുടെ മുന്നോടിയായാണ് (fore runner) പ്രവേശിച്ചിരിക്കുന്നതെന്നും എബ്രായർ 6:20 (ഇംഗ്ലീഷ്) വ്യക്തമാക്കുന്നു. യേശുവിനെ രക്ഷിതാവെന്നും ആത്മ സ്നാപകനെന്നും ഉള്ളതിന് അപ്പുറം നാം തന്റെ സ്വഭാവത്തോട് അനുരൂപപ്പെടാൻ (റോമർ 8:29) അവിടുന്നു നമ്മുടെ മുന്നോടിയാണെന്നു നാം തിരിച്ചറിയുന്നുണ്ടോ?

പിരശുദ്ധാത്മാവിനോടുള്ള ബന്ധത്തിലെ നമ്മുടെ ത്രിവിധ അനുഭവങ്ങളും നമ്മെ യഥാക്രമം പ്രാകാരം, വിശുദ്ധസ്ഥലം, അതിപരിശുദ്ധ സ്ഥലം എന്നിവിടങ്ങളിൽ ഏതെങ്കിലും ഒരു സ്ഥലത്തു നിലയുറപ്പിച്ചിരിക്കുന്നവരായി തിരിച്ചറിയാൻ ഇടയാക്കും. പരിശുദ്ധാത്മാവിലുള്ള ഒരു ജനനം മാത്രമേ ചിലർക്കുള്ളു. അവർ പ്രാകാരത്തിൽ നില്ക്കുന്നു. മറ്റു ചിലർ ഒരു പടികൂടി കടന്നു പരിശുദ്ധാത്മാവിന്റെ അഭിഷേകം പ്രാപിച്ചവരാണ്. അവർ പ്രവർത്തനങ്ങൾക്കായി അഭിഷിക്തരായതിനാൽ തിരക്കേറിയ ശുശ്രൂഷകൾ നടക്കുന്ന വിശുദ്ധസ്ഥലത്തു നിലയുറപ്പിച്ചവരാണെന്നു മനസ്സിലാകും. എന്നാൽ അവിടെ നിന്നും മുന്നോട്ട്, അതിവിശുദ്ധ സ്ഥലത്തേക്കു പോകുന്ന ഒരു ന്യൂനപക്ഷമുണ്ട്. അവർ മറ്റാരുമല്ല, ആത്മാവിനാൽ നടത്തപ്പെടുന്നവരാണ് (റോമർ 8:14). സഹോദരാ, നിങ്ങൾ ആത്മാവിൽ ജനിച്ചവൻ, പരിശുദ്ധാത്മാവിനാൽ അഭിഷിക്തൻ എന്ന ഏതെങ്കിലും നിലയിൽ തൃപ്തനായി നില്ക്കുകയാണെങ്കിൽ അവിടെ നിന്നും മുന്നോട്ട് ആത്മാവിനാൽ നടത്തപ്പെടുന്നവൻ എന്ന നിലയിലേക്കു വളരേണ്ടേ?

ചുരുക്കത്തിൽ ദൈവം തന്റെ ഏകജാതനെ ഈ ഭൂമിയിലേക്ക് അയച്ചത് എന്തിനാണ്? ഉവ്വ്, നാം അവനാൽ ജീവിക്കേണ്ടതിനു തന്നെ. സംശയമില്ല.

# THE UNIQUE WILL OF GOD

The unique will of God has led me into many places throughout my life, and it has been an incredible journey. However, we must learn to do the first things first. Come back to your first love if you need to; open the Word of God and begin to read it. Don't live in an illusion that one day this mystical will of God will fall into your lap while you are choosing to ignore the revealed will of God.

Scripture says, "This is the will of God, that by doing good you may put to silence the ignorance of foolish men" (1 Peter 2:15). The revealed will of God is this—doing good; speaking the truth; caring in an uncaring time; praying when nobody else prays; studying when everyone else is writing off the Word of God; speaking the name of Jesus when everyone else wants to curse His name. This is where character is formed! You have to win battles in secret before you can win them in public. Remember, you will not become a super evangelist who loves everybody if you have not learned to love people in private. That is how it works. So do not worry so much about finding the unique will of God for your life; it will come to you. Concern yourself today with the revealed will of God, and the unique will of God will surely follow.

Paul said in the book of Ephesians that we "should do the will of God from our hearts" (6:6). I encourage you to ask God for the will to do His will. Come to Him and say, "Lord, open my heart to what You have for my life. Don't let me consider anything as too small or undignified. Help me to be the one who sees a piece of paper on the floor and picks it up. Help me to be kind, truthful, and faithful; a builder rather than a destroyer. Help me to be the one who will promote unity in the midst of a divided society. Yet, let me also be willing to take a stand for truth when everyone else is content to deal with lies. Lord, give me the courage to follow You fully."

As you trust God for the will to do His will, I believe Jesus will be revealed to You in a way that you have never known Him. You will be absolutely amazed at where God is going to take you and what He will do through your life.

JEEVAMOZHIKAL RNI/KERBIL/-2003/21404
May 2016 www. jeevamozhikal.org
Annual Subscription Rs.100/-

Regn.No. KL/KTM/46/2015-17
Date of Publication 28-04-2016

# 'ഇതും കടന്നു പോകും'

സന്തോഷത്തിന്റെ അവസരത്തിലും സന്താപത്തിന്റെ വേളയിലും ഒരുപോലെ സത്യമായിരിക്കുന്ന ഒരു വസ്തുതയെന്താണ്? അത് ഓർമിക്കാൻ എളുപ്പമുള്ള ഒരു കൊച്ചുവാക്യം ആയിരിക്കണം. സന്തോഷത്തേയും ദുഃഖത്തേയും സമചിത്തതയോടെ നേരിടാൻ ആ വാക്യം സഹായകമാകണം- രാജാവ് തന്റെ രാജ്യത്തെ പണ്ഡിതന്മാരോട് ആവശ്യപ്പെട്ടു.

പണ്ഡിതന്മാർ തല പുകഞ്ഞാലോചിച്ചു. ഒടുവിൽ ഒരു കൊച്ചു വാക്യം അവർ തയ്യാറാക്കി. അതിതാണ്: "ഇതും കടന്നുപോകും." സന്തോഷത്തിന്റെ സമയത്തു പറയുക- 'ഇതും കടന്നുപോകും.' ഈ തിരിച്ചറിവ് സന്തോഷത്തിൽ മതിമറന്നു പോകാതിരിക്കാൻ സഹായിക്കും. ദുഃഖത്തിന്റെ സമയത്തും പറയുക- 'ഇതും കടന്നു പോകും.' ദുഃഖത്തിൽ ഏറെ നിരാശപ്പെട്ടു പോകാതിരിക്കാൻ ഇതു സഹായിക്കും.

പണ്ഡിതന്മാർ പറഞ്ഞ കൊച്ചു വാക്യം രാജാവിന് ഇഷ്ടമായി. അദ്ദേഹം അതു തന്റെ മോതിരത്തിൽ കൊത്തി വച്ചു. സന്തോഷത്തിന്റേയും ദുഃഖത്തിന്റേയും വേളകളെ സമചിത്തയോടെ നേരിടാൻ ഇതു രാജാവിനെ സഹായിച്ചു.

പേർഷ്യൻ കവിയായിരുന്ന നിഷാപ്പൂരിലെ അറ്ററിന്റെ കാലത്ത് അദ്ദേഹം ഉൾപ്പെടെയുള്ള പണ്ഡിതന്മാരാണ് അന്നു നിഷാപ്പൂരിലെ രാജാവിനു വേണ്ടി ഈ വാക്യം കണ്ടെത്തിയതെന്നാണ് ഐതീഹ്യം.

ഈ എതീഹ്യത്തിന്റെ അടിസ്ഥാനത്തിൽ പത്രപ്രവർത്തകനും കവിയുമായ തിയഡോർ ടിൽച്ചൺ (1835-1907) പ്രശസ്തമായ ഒരു കവിത രചിച്ചു - 'ഈവൻ ദിസ് ഷാൽ പാസ് എവേ.' ഈ കവിതയുടെ രത്നച്ചുരുക്കം ഇങ്ങനെ:

ലോകമെമ്പാടുമുള്ള ധനം തന്റെ ഭണ്ഡാരത്തിൽ വന്നപ്പോൾ രാജാവു പറഞ്ഞു: 'എന്താണു ധനം? ഇതും ഒരുനാൾ കടന്നു പോകയില്ലേ?' യുദ്ധവിജയം ആഘോഷിക്കാൻ കൊട്ടാരത്തിൽ വൻവിരുന്നു നടന്നപ്പോൾ രാജാവു പറഞ്ഞു: 'സുഹൃത്തുക്കളേ, സുഖസന്തോഷങ്ങൾ വരും. പക്ഷേ അവയും കടന്നുപോകും.' മറ്റൊരു യുദ്ധത്തിൽ മുറിവേറ്റു കിടക്കുമ്പോൾ രാജാവു പറഞ്ഞു: 'പരാജയവും വേദനയും സഹിക്കുന്നത് എളുപ്പമല്ല. പക്ഷേ ഓർക്കുക. ഇതും കടന്നുപോകും.'

ഉവ്വ്, ഈ ലോകജീവിതത്തിലെ സുഖദുഃഖങ്ങൾ കടന്നുപോകുന്നവയാണ്. എന്നാൽ നമ്മുടെ മരണാനന്തര ജീവിതത്തിലെ, നിത്യതയിലെ, സുഖവും ദുഃഖവും കടന്നു പോകയില്ല. തീരുകയില്ല. അതു നിത്യകാലം ആയിരിക്കും. എന്നാൽ നിത്യതയിലെ ഈ സുഖവും (സ്വർഗം) ദുഃഖവും (നരകം) നമുക്ക് ഇപ്പോൾ ഈ ഭൂമിയിൽ വച്ചു തിരഞ്ഞെടുക്കാം. നിങ്ങൾക്ക് ഇതിൽ ഏതു വേണം?

യോഹന്നാൻ 1:12, 2 കൊരിന്ത്യർ 5:10, വെളിപ്പാട് 20:12,15.

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranalloor P.O., Kottayam and Printed at Alois Graphics, Kottayam. Editor Geoji T. Samuel.